# കെയ്റോസ്

2013 NOVEMBER | Vol.12 | Issue 11 | ₹15



## ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടിയുള്ള ജപം

'നിത്യനായ ദൈവമേ! ഈ ദിവസം അർപ്പിക്കപ്പെടുന്ന എല്ലാ ബലികളോടും ചേർത്ത് പ്രിയപുത്രനായ ഈശോമിശിഹായുടെ തിരുരക്തം ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കായും ലോകമെങ്ങുമുള്ള പാപികൾക്കായും സഭയിലുള്ള പാപികൾക്കായും എന്റെ ഭവനത്തിലേയും എന്റെ കുടുംബത്തിലേയും പാപികൾക്കായും ഞാൻ സമർപ്പിക്കുന്നു, ആമ്മേൻ.'

*(വിശുദ്ധ ജർത്രൂദിന്റെ പ്രാർഥന; നമ്മുടെ കർത്താവ് ഈശോമിശിഹാ വിശുദ്ധ ജർത്രൂദിനോട് പറഞ്ഞു: ഈ പ്രാർഥന ഓരോ പ്രാവശ്യം ചൊല്ലുമ്പോഴും ആയിരം ആത്മാക്കൾ ശുദ്ധീകരണസ്ഥലത്തു നിന്നും മോചിതരാകുന്നുവെന്ന്. ആകയാൽ നമുക്ക് ഹൃദിസ്ഥമാക്കി ആവർത്തിക്കാം.)*



Painting: An Angel Frees the Souls of Purgatory
Artist: Ludovico Carracci (1555–1619)

# കൈമാറ്റം ചെയ്യപ്പെടേണ്ട വിശ്വാസം

## എഡിറ്റോറിയൽ

"ആകയാൽ നിങ്ങൾ പോയി സകല ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് മാമ്മോദീസാ നൽകുവിൻ" (മത്താ 18:19-20). തീർഥാടക സഭ പ്രകൃതിയാൽതന്നെ പ്രേഷിതയാണ്. കാരണം പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും, പ്രേഷിതദൗത്യത്തിൽ നിന്നാണ് അവളുടെ ഉത്ഭവം.

ഈശോ തന്റെ ശിഷ്യരിലൂടെ സഭയെ ഏൽപിച്ച ഏറ്റവും അടിസ്ഥാനപരമായ ദൗത്യമാണ് വിശ്വാസകൈമാറ്റം എന്നുള്ളതിൽ സംശയമില്ല. ഒരാൾക്കും ഒഴിഞ്ഞുമാറാൻ കഴിയാത്തവിധം മുഴുവൻ സഭാമക്കളുടെയും ഉത്തരവാദിത്തമാണതെന്ന തിരിച്ചറിവ് നഷ്ടമായിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

യേശു രക്ഷകനാണ്. നാമോരോരുത്തരുടെയും പാപമോചനത്തിനും രക്ഷയ്ക്കുംവേണ്ടി കുരിശിൽമരിച്ച് ഉയിർത്തെണീറ്റു എന്നുള്ള സദ്വാർത്ത പങ്കുവയ്ക്കുന്ന പ്രാരംഭ പ്രഘോഷണത്തെ 'കെരിഗ്മ' എന്നാണ് വിളിക്കുന്നത്. വിശ്വാസം സ്വീകരിച്ചവരെ പടിപടിയായി വളർത്തി ദൈവരാജ്യത്തിന് സാക്ഷ്യം നൽകുന്നവരായി വളർത്തുന്നതാണ് മതബോധനം അഥവാ കാറ്റെക്കിസത്തിൽ നടക്കുന്നത്.

അപ്പസ്തോലന്മാർ പീഡനങ്ങൾക്കിടയിലും സുവിശേഷം പ്രസംഗിക്കുകയും വിവിധയിടങ്ങളിൽ അനേകർ അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും പശ്ചാത്തലത്തിൽ വിശ്വാസം സ്വീകരിക്കുകയും ചെയ്യുന്നതിന്റെ 'കെരിഗ്മാ' പ്രഘോഷണത്തിന്റെ വിശദാംശങ്ങളാണ് നാം അപ്പസ്തോലന്മാരുടെ നടപടി പുസ്തകത്തിൽ കാണുന്നത്. അങ്ങനെ വിശ്വാസം സ്വീകരിച്ചവരൊക്കെ പ്രേഷിതരായിത്തീരുന്നുമുണ്ട്. പീഡനങ്ങൾക്കിടയിൽ ചിതറിക്കപ്പെട്ടവർ എത്തിച്ചേർന്നിടത്തെല്ലാം സഭ വളർന്നതിന്റെ ചിത്രമാണ് കാണുന്നത്.



പക്ഷേ, ഇന്ന് വിവിധതരം സമ്മർദങ്ങൾക്കിടയിൽപെട്ട് പ്രാരംഭ സുവിശേഷ പ്രഘോഷണം വേണ്ടെന്നുവച്ച് ഒത്തുതീർപ്പുകൾക്ക് വഴങ്ങുന്ന ഒരു സമൂഹമായി നാം മാറുന്നുണ്ടോ എന്ന് പരിശോധിക്കണം.

സുവിശേഷം അറിയിക്കുക എന്നത് എല്ലാ സഭാമക്കളുടെയും ഉത്തരവാദിത്തമാണെന്ന് സഭാരേഖകൾ ഉദ്ഘോഷിക്കുമ്പോഴും, സഭാംഗങ്ങൾക്ക് അത്തരത്തിലുള്ള പരിശീലനമെന്തെങ്കിലും ലഭിക്കാനുള്ള സാഹചര്യമുണ്ടോ എന്നതും വിലയിരുത്തപ്പെടേണ്ടതാണ്. സുവിശേഷം പങ്കുവച്ചതിന്റെ അനുഭവങ്ങൾ കേൾക്കാനും, അത്തരം പദ്ധതികളിൽ പങ്കുചേരാനും സഭാമക്കൾക്ക് അവസരങ്ങൾ അനവധി വേണം.

സഭയുടെ സേവനത്തിന് സമർപ്പിതമായിരിക്കുന്ന മിഷനറിമുന്നേറ്റമായ ജീസസ്‌യൂത്തിന്റെ മിഷൻപ്രവർത്തനങ്ങളിലേയ്ക്ക് എത്തിനോക്കുകയാണ് ഇത്തവണ കെയ്റോസ്. സുവിശേഷവത്ക്കരണം മുഖ്യവിഷയമായിരുന്ന ജീസസ്‌യൂത്ത്-87 കോൺഫറൻസും ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങൾ കേരളത്തിലെ സോണുകൾക്ക് പ്രാർഥനയ്ക്കായി പങ്കിട്ടുനൽകിയ 1997-ലെ ജീസസ്‌യൂത്ത് കോൺഫറൻസുമൊക്കെ ചരിത്രവഴികളിൽ വെളിച്ചം പകർന്നവയാണ്. 2000 സെപ്റ്റംബറിലാണ് 'മിഷനറിയാകുന്ന ഒരു യുവജനമുന്നേറ്റം' എന്ന ലഘുഗ്രന്ഥം പുറത്തിറങ്ങിയത്.

ആഗോളസഭ വിശ്വാസവർഷ സമാപനനാളുകളിലെത്തുമ്പോൾ, ഇത്തവണത്തെ കെയ്റോസ് അനേകരെ വിശ്വാസകൈമാറ്റത്തിനായി പ്രേരിപ്പിക്കണം എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. നടപടിപുസ്തക കാലത്തെ സജീവമായ വിശ്വാസകൈമാറ്റത്തിന്റെ നാളുകളിലേക്ക് ഒരിക്കൽക്കൂടി തിരിച്ചുപോകാനാകട്ടെ.

*സ്നേഹപൂർവം, ചാക്കോച്ചൻ ഞാവള്ളിൽ*
*kairosmag@gmail.com*

Kairos Magazine|November 2013|Vol.12|Issue 11|www.kairos.jesusyouth.org|facebook.com/Readkairos

വിലാസം: കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ-683 503. ഫോൺ: 0484 - 2558825
ഇമെയിൽ: kairosmag@gmail.com

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: ₹ **180** | അഞ്ചു വർഷത്തേക്ക് ₹ **800** | വിദേശത്തേക്ക് ₹ **1500** (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഷിബു ഒ.സി.ഡി** 9895840991; പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142; എക്സിക്യൂട്ടീവ് മാനേജർ **ജോബി തോമസ്** 9995213936

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513; അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈസിൽ രാജേഷ്** 9446123934, **അനിഷ വി. ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **സിൻജോ പി. കെ** 9895711787, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലുയീസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജിബാബു മമ്പള്ളിൽ** 9447742672; ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 9447926098

ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

## കത്തുകൾ

### എഡിറ്റോറിയൽ പ്രചോദനമായി

ജീസസ്‌യൂത്തുമായുള്ളഎന്റെ ആദ്യ ബന്ധം 2009-ൽ കളമശേരി രാജഗിരി സ്കൂളിൽ നടന്ന ജോയ് കോൺഫറൻസിലൂടെയാണ്. സെപ്റ്റംബറിലെ ഫെയ്ത്ത് കോൺഫ്രൻസുകളുടെ പശ്ചാത്തലത്തിലുള്ള എഡിറ്റോറിയൽ എനിക്ക് ഏറെ പ്രചോദനകരമായി. വിശ്വാസവർഷത്തിലെ ജീസസ് യൂത്തിന്റെ ആറിനപരിപാടിയിലൂടെ, ആ പ്രഖ്യാപനത്തിന്റെ ലക്ഷ്യങ്ങൾ നേടാൻ യുവാക്കൾക്കിടയാകട്ടെ. കെയ്റോസിന്റെ ഓരോ കവർസ്റ്റോറിയും യുവമനസ്സുകളെ പ്രചോദിപ്പിക്കാനായി പ്രാർഥിക്കുന്നു.

*പ്രവീൺ ആന്റണി, പള്ളിത്തോട്, ചേർത്തല*

### ഏറ്റവും നല്ല ഉത്തരം

വ്യക്തിപരമായും വിശ്വാസ തലത്തിലും ഒത്തിരിയേറെ പ്രശ്നങ്ങൾ നേരിടുന്ന യുവത്വത്തിനുള്ള ഏറ്റവും നല്ല ഉത്തരമാണ് കെയ്റോസ്. കവർസ്റ്റോറിയിലെ "വിഷയങ്ങൾ" ഏറെ പ്രസക്തമാണ്. പരിശുദ്ധാത്മാവിന്റെ സഹായത്താലാണ് കെയ്റോസ് യുവാക്കളോട് സംസാരിക്കുന്നതെന്നും അവരുടെ പ്രശ്നങ്ങൾ കൃത്യസമയത്ത് അറിയുന്നതെന്നും എനിക്കുറപ്പാണ്. ശ്രീ സണ്ണി കോക്കാപ്പിള്ളിയുടെ ലേഖനങ്ങൾ ഏറെ പ്രയോജനപ്രദമാണ്. ജോബിതോമസിന്റെ 'വിശ്വാസവും യുക്തിയും' വിശ്വാസത്തിന് തെളിവു നൽകുന്നു. കെയ്റോസ് ശക്തമായിത്തന്നെ മുന്നേറട്ടെ.

*ഷാരോൺ ജോബി (Class X), കൊച്ചറ, ഇടുക്കി*

### കെയ്റോസ് വിശേഷപ്പെട്ട സമ്മാനം

എല്ലാ മാസവും മുടങ്ങാതെ നല്ല വിഭവങ്ങളുമായി വളരെ മനോഹരമായി അണിയിച്ചൊരുക്കിയ കെയ്റോസ് ലഭിക്കുമ്പോൾ വിശേഷപ്പെട്ട സമ്മാനം പ്രിയപ്പെട്ടവരിൽനിന്ന് ലഭിക്കുന്ന പ്രതീതിയാണ്, കെയ്റോസിന്റെ അണിയറ പ്രവർത്തകർക്കും സർവോപരി എല്ലാം സാധ്യമാക്കുന്ന ദൈവത്തിനും നന്ദി.

'എന്തോ, എവിടെയോ കുഴപ്പമുണ്ട്' ഓഗസ്റ്റ് ലക്കം ഒത്തിരി ഇഷ്ടപ്പെട്ടു. മാധ്യമങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ വിജ്ഞാനപ്രദവും സമയോചിതവുമാണെന്നാണ് എന്റെ അഭിപ്രായം. പക്ഷേ 'ആരാ ഈ കോടീശ്വരൻ' എന്നതിനെക്കുറിച്ചുള്ള വിലയിരുത്തൽ ശരിയാണോ എന്ന സംശയവുമുണ്ട്. ഇനിയും ധാരാളം നല്ല നല്ല ലക്കങ്ങൾ യുവജനങ്ങൾക്ക് മാർഗദർശിയായി ഉണ്ടാവട്ടെ എന്ന് പ്രാർഥിക്കുന്നു.

*ജോർജ് പുള്ളോർക്കുന്നേൽ, അമേരിക്ക*

**വഴിയും വിളിയും**

ജേക്കബ് കോച്ചേരി



# മനമറിയുന്ന മഹാപുണ്യം

"ടീച്ചർ... വിഷമിക്കരുത്. ഞാൻ മരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ആരാലും സ്നേഹിക്കപ്പെടാത്ത ഈ ജീവിതം എനിക്കെന്തിനാണ്"

6-ാം ക്ലാസ്സിലെ പെൺകുട്ടി സ്കൂളിലെ ഹെൽപ് ഡെസ്കിലെ ടീച്ചറിന് എഴുതിക്കൊടുത്ത കത്തിലെ ഈ വാചകങ്ങൾ കണ്ട് ടീച്ചർ ഞെട്ടി. കുഞ്ഞുമനസ്സിന്റെ സങ്കടങ്ങൾ ടീച്ചറിന്റെ ഹൃദയമലിയിച്ചു.

"+2 വിൽ പഠിക്കുന്ന ചേട്ടായി എന്നെ എപ്പോഴും ഉപദ്രവിക്കും. ചെറിയ കാരണങ്ങൾക്ക് വലിയ ശിക്ഷ. അമ്മയോടും അച്ഛനോടും പറഞ്ഞെങ്കിലും അവനെ തിരുത്താൻ അവർക്ക് ശക്തിയില്ല. അവർ വഴക്ക് പറഞ്ഞാൽ ചേട്ടായി വീട്ടിൽ ഭയങ്കര ബഹളമുണ്ടാക്കും. എന്നോട് പറയും സാരമില്ലായെന്ന്!

ഇപ്പോൾ ഒരു കാര്യം മനസ്സിലായി. ഞാനാരുമില്ലാത്തവളാണ്. എന്റെ അച്ഛനും അമ്മയും മരിച്ചുപോയിരിക്കണം. ആരുമില്ലാത്ത എന്നെ ദത്തെടുത്തവരാണിവർ. എനിക്കും സ്നേഹമുള്ള ഒരു ചേട്ടായി ഉണ്ടായിരിക്കണം. അവനും മരിച്ചുപോയി. ആരുമില്ലാത്ത ഞാൻ എന്തിനിവിടെ ജീവിക്കണം."

ആ കൊച്ചുപെൺകുട്ടിയെ ആശ്വസിപ്പിക്കുവാൻ, യാഥാർഥ്യത്തിലേക്ക് കൊണ്ടുവരാൻ ഏറെ പണിപ്പെട്ടു. +2 കാരനായ ചേട്ടായിയെയും ടീച്ചറിന് അറിയാം. ആ ക്ലാസ്സിൽ പഠിക്കുമ്പോൾ അവൻ സൗമ്യനും സൽസ്വഭാവിയുമായിരുന്നു. സ്കൂളിൽ സൗമ്യനായ ആ കുട്ടിയെങ്ങനെ വീട്ടിൽ ഭീകരനാവുന്നു. അവനോട് സംസാരിച്ചു.

അവൻ ഒന്നാംക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഇളയതായി അവൾ ഉണ്ടാവുന്നത്. അവളിലേയ്ക്ക് അച്ഛന്റെയും അമ്മയുടെയും സ്നേഹം തിരിയുന്നതായും അവനെ അവഗണിക്കുന്നതായും അവന് തോന്നിത്തുടങ്ങി. അനുജത്തി അവന്റെ ശത്രുവായി. അവസരം കിട്ടുമ്പോൾ ഉപദ്രവിക്കുമെന്നായി.

കുട്ടികൾ അധികമായാൽ സുഖവും സൗകര്യങ്ങളും കുറയുമെന്ന് വിളിച്ചുപറയുന്ന വങ്കത്തരത്തിന്റെ നിദർശനങ്ങളാണിവർ. അണുകുടുംബമായപ്പോൾ മനസ്സ് ചെറുതായി. സ്വാർഥത കടുത്തു. ഏകസഹോദരിപോലും തനിക്ക് ഭീഷണിയാവുന്നു.

കാർട്ടൂണുകൾ അധികമായി കാണുന്ന കുട്ടികളിൽ ആക്രമണോൽസുകതയും പെരുമാറ്റദൂഷ്യവും കൂടുതലായി കണ്ടുവരുന്നുണ്ട്. കോമഡിക്കുവേണ്ടിയുള്ള ആക്രമണങ്ങൾ ഉദാഹരണമായി ചുറ്റികയെടുത്ത് തലയ്ക്കടിക്കുന്നതും തലചിതറുന്നതും, മുതുകിൽ ചവിട്ടി പുറത്താക്കുന്നതും പോലുള്ള ദൃശ്യങ്ങൾ അതിവേഗത്തിൽ വാഹനമോടിച്ച് മനുഷ്യശരീരത്തിലൂടെ കയറ്റിഇറക്കുന്നതും നിരന്തരമായി കാണുന്ന കുട്ടികളിൽ ഭീകരഭാവം വർധിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. കാർട്ടൂണുകളാണവയെന്നും അസംഭവ്യമാണെന്നുമുള്ള യുക്തിവിചാരങ്ങൾക്ക് കാര്യമായ ഇടം ലഭിക്കുന്നില്ല.


ദൃശ്യമാധ്യമങ്ങൾ ചോദിക്കുന്നതെല്ലാം അപ്പോൾത്തന്നെ കൊടുക്കുന്ന രീതിയിലാണുള്ളത്. ഉദാഹരണമായി മൊബൈലിലൂടെ സംഗീതം, സിനിമ, കാർട്ടൂൺ, ഗെയിം, സുഹൃത്തുക്കൾ... എന്തുവേണമെങ്കിലും അപ്പപ്പോൾ ലഭിക്കുന്നു. 'ഇൻസ്റ്റന്റ് ഗ്രാറ്റിഫിക്കേഷൻ'. എന്നാൽ, ജീവിതത്തിലേക്ക് വരുമ്പോൾ ഇതൊക്കെ ലഭിക്കാൻ കാലതാമസം വന്നാൽ അവർ അസ്വസ്ഥരാവുന്നു, പ്രശ്നകാരികളാവുന്നു.

കുട്ടികളുടെ മനസ്സറിയുക എന്നത് നിധികണ്ടെത്തുന്നതുപോലെ ദുഷ്കരമാണെന്ന് തോന്നാറുണ്ട്. പാമ്പിൻമാളങ്ങളിലെന്നപോലെ സങ്കീർണമായ വഴിയിലൂടെ സഞ്ചരിച്ച് പ്രശ്നത്തിന്റെ വേരുകൾ പിഴുതെടുക്കുകയും സുഖപ്പെടുത്തുകയുമെന്നത് തികച്ചും മഹത്തരമായ ശുശ്രൂഷയാണ്.

ദൈവം ആശിക്കുന്നതും ഫലമേകുന്നതുമായ ഈ ദൗത്യത്തിലേക്ക് വിളിക്കപ്പെട്ട അധ്യാപകർ ഭാഗ്യം ചെയ്തവരാണ്. ദുഷ്ടാരൂപികൾ നിങ്ങൾക്ക് കീഴ്പ്പെടുന്നത് കണ്ടല്ല മറിച്ച് സ്വർഗത്തിൽ നിങ്ങളുടെ പേരുകൾ സ്വർണലിപികളാൽ എഴുതപ്പെട്ടിരിക്കുന്നത് ഓർത്ത് സന്തോഷിക്കുവിനെന്ന് ഈശോ ■

സണ്ണി കോക്കാപ്പിള്ളിൽ

# പ്രാർഥിച്ചാൽ നടക്കില്ലേ...!



"ഇതല്ലാതെ മറ്റൊരു ജീവിതത്തെക്കുറിച്ചു ചിന്തിക്കാൻ എനിക്കു പറ്റില്ല."

**"ആഗ്രഹിക്കുന്നതൊക്കെ നടക്കണമെന്നുണ്ടോ?"**

"പ്രാർഥിച്ചു ഞാൻ നേടിയെടുക്കും".

**"ദൈവം ആഗ്രഹിക്കുന്നത് ഇതല്ലെങ്കിൽ?"**

"ഇടവിടാതെ നിരന്തരം പ്രാർഥിച്ചാൽ ദൈവം കേൾക്കില്ലേ?"

**"മനസ്സിലുള്ള ദുരാശകളൊക്കെ പ്രാർഥിച്ചു നേടിയെടുക്കുമെന്നു പറയുന്നതു ശരിയോണോ?"**

"അനേക വർഷങ്ങളായി ഞാൻ മനസ്സിൽ കൊണ്ടു നടക്കുന്ന ആഗ്രഹമാണ്. ഞങ്ങൾ അത്രയധികം അടുക്കുകയും ചെയ്തു."

**"എന്നിട്ടെന്തേ അവന്റെ മനസ്സു മാറിയത്?"**

"എനിക്കറിയില്ല. അവൻ എന്നെ സ്നേഹിക്കണം. ക്രിസ്തീയ വിശ്വാസത്തിലേക്കു വരണം. ഞങ്ങളുടെ രണ്ടു പേരുടെയും കുടുംബങ്ങൾ അനുകൂലിക്കണം. എന്നിട്ട് സന്തോഷകരമായ ഒരു ദാമ്പത്യ ജീവിതം ഞങ്ങൾക്കു നയിക്കണം. ഇനി മറ്റൊരാളെ എന്റെ ഭർത്താവായി കരുതാൻ എനിക്കു കഴിയുകയില്ല."

**"ആഷ കഥയെഴുതുകയോണോ? ഭൂമിയിൽ നിന്നുകൊണ്ടാണോ ഇതൊക്കെ സംസാരിക്കുന്നത്?"**

"ഇതിലൊരു ഭാവനയുമില്ല. ദൈവം എനിക്കിതു ചെയ്തു തരുമെന്ന് ഉറച്ച വിശ്വാസമുണ്ട്. കഴിഞ്ഞ സ്പിരിച്ച്വൽ പ്രോഗ്രാമിൽ നിന്ന് എനിക്കതു പൂർണമായി മനസ്സിലായി?"

**"എന്താണു മനസ്സിലായത്?"**

"ഭഗ്നാശരാകാതെ പ്രാർഥിക്കുന്നവർക്ക് ദൈവം നീതി നടത്തിത്തരുമെന്ന്."

**"നീ അതിരുകടന്ന മോഹങ്ങളിൽ കുരുങ്ങിക്കിടക്കുകയാണ്. നീതിപൂർവമാണോ സ്വന്തം ആഗ്രഹങ്ങൾ ദൈവത്തിനു**

**സമർപ്പിക്കുന്നതെന്നും ചിന്തിക്കരുതോ"**

വളരെയധികം സമയം ആഷയുമായി സംസാരിക്കാനിടയായി. അതീവ ഗുരുതര മായ ജീവിതാനുഭവങ്ങളിലൂടെയാണ് അവ ളിപ്പോൾ കടന്നുപോകുന്നത്. സാധാരണ പ്രണയക്കേസുകളെക്കാൾ വ്യത്യസ്തമായി അവളിന്ന് കാമുകനാൽ പരൃത്യജിക്കപ്പെട്ട വളുമാണ്. ഏതാണ്ട് ആറേഴു കൊല്ലമായി അവർ പ്രണയത്തിലായിരുന്നു. കണ്ടുമുട്ടുന്ന കാലത്ത് ആഷയ്ക്കു ഗണേഷിനോടു വലിയ താത്പര്യമൊന്നുമുണ്ടായിരുന്നില്ല. ഒന്നാമത് മറ്റൊരു മതത്തിൽപ്പെട്ടയാൾ. ഒരു കാരണവ ശാലും വീട്ടുകാർ സമ്മതിക്കില്ലെന്നറിയാം. പക്ഷേ, അവന്റെ വാചകമടിയിൽ അവൾ വീണുപോയി. ഒരു ദിവസം അവൻ പറഞ്ഞു: "ഹൃദയത്തിൽ നീ മാത്രം. നീയില്ലാതെ എനി ക്കൊരു ജീവിതമില്ല."

താൻമൂലം ഒരു ജീവിതം നശിക്കുന്നതിൽ അവൾ വേവലാതിപ്പെട്ടു. അവൾ മൊഴിഞ്ഞു, "നീ നശിക്കണ്ട. ഞാൻ നിനക്കു തുണയാകാം."

പ്രണയ നൗകയിൽ അവർ ധാരാളം സഞ്ച രിച്ചു. മെട്രോ നഗരത്തിൽ അതിനെത്രയോ സാധ്യതകളുണ്ട്. എല്ലാ എതിർപ്പുകളെയും അതിജീവിച്ചു മുന്നേറണം. തങ്ങളുടേതുമാ ത്രമായ ഒരു ലോകം. അവൻ ധാരാളം പ്ര ണയചിത്രങ്ങൾ വരച്ചു. അവളുടെ ശരീരം അവന് ഒരു ക്യാൻവാസായി മാറി.

ഗണേഷ് പുതിയ ക്യാൻവാസുകൾ തേടാൻ തുടങ്ങിയത് ആഷ വൈകിയാണറിഞ്ഞത്. പിന്നീട് എത്ര പരിഭവം പറഞ്ഞിട്ടും പൊട്ടി ത്തെറിച്ചിട്ടും ഗണേഷിനൊരു കുലുക്കവു മുണ്ടായില്ല. ആഷയുടെ ദയനീയത മനസ്സി ലാക്കിയ ഒരു കൂട്ടുകാരിയാണ് അവളെ ഒരു ആത്മീയ പരിപാടിക്കു പറഞ്ഞുവിട്ടത്. അവി ടെവച്ച് അവൾക്കു കിട്ടിയ ബോധ്യമാണ് ഒട്ടും ഭഗ്നാശയാകാതെ ഇടവിടാതെ പ്രാർഥി ക്കുകയെന്നത്. ഇപ്പോൾ അവളുടെ മുൻപിൽ നിരവധി വെല്ലുവിളികളുണ്ട്. ഗണേഷ് മന സ്സുമാറ്റണം. തന്റെ വീട്ടുകാർ സമ്മതിക്കണം. ഗണേഷിന്റെ വീട്ടുകാർ അനുകൂലിക്കണം. തന്റെ വിശ്വാസം നിലനിറുത്താൻ പറ്റിയ സാഹചര്യം ഉരുത്തിരിയണം.

"ദൈവം പിതാവാണെങ്കിൽ മക്കളുടെ ആവ ശ്യങ്ങൾ നിവർത്തിച്ചു തരുകയില്ലേ?" ആഷ ചോദിക്കുന്നു. **"മക്കളുടെ എല്ലാ ആവശ്യ ങ്ങളും ഒരു പിതാവും നിവർത്തിക്കുകയില്ല. അവർക്ക് ആവശ്യമായതാണ് നൽകുന്നത്."**

ആഷയുടെ നിർബന്ധബുദ്ധിക്കടിസ്ഥാനം അവളുടെ കളങ്കപ്പെട്ട ശരീരമാണ്. അതിനു കാരണമായ പ്രവൃത്തികൾ അവളുടെ വിശ പ്പിനെ ഉണർത്തുകയും ഗണേഷിന്റെ വിശ പ്പിനെ കെടുത്തുകയും ചെയ്തു.

**"അവന്റെ സ്നേഹം നിന്റെ ശരീരത്തിലേ ക്കായിരുന്നു. നിന്റെ സ്നേഹം അവന്റെ മനസ്സിലേക്കും. ഇതല്ലേ ശരി!"**

"ഇനിയൊരാൾ എന്റെ മനസ്സിലേക്കു വരില്ല. അങ്ങനെ ചിന്തിക്കാൻ കൂടി എനിക്കു ത്രാണിയില്ല."

**"ഇപ്പോൾ നിനക്കൊരവസരമായി. അവന്റെ സമ്മർദമില്ല. കഴിഞ്ഞതെല്ലാം മറന്ന് വീട്ടു കാരുടെ ഇഷ്ടത്തിനുള്ള ഒരു പുതിയ ജീവിതത്തിലേക്കു കടന്നു വന്നു കൂടെ?"**

"മറ്റൊരാളെ വഞ്ചിക്കലല്ലേ അത്. എനിക്ക തിനു കഴിയുകയില്ല"

**"സാഹസം കാണിക്കുമ്പോൾ ഇതൊക്കെ യൊന്ന് ആലോചിക്കണമായിരുന്നു"**

പിന്നീട് അഭിമുഖീകരിക്കേണ്ട നിരവധിയായ പ്രശ്നങ്ങളെ ലാഘവത്തോടെ കാണുന്ന വർ ആഷയുടെ ഗതിയെ ചരിക്കേണ്ടിവരും. ഇംഗിതങ്ങൾ നിറവേറാൻ ആത്മീയതയെ വരെ കൂട്ടുപിടിക്കുന്നവരുണ്ട്. ദൈവത്തെ പ്പോലും തങ്ങളുടെ വരുതിയിലാക്കാൻ ചിലർ ശ്രമിക്കുന്നു. എണ്ണയിട്ട പാതകളിൽ തെന്നിവീഴാൻ സാധ്യതയേറെയാണ്. ഇനി യൊരിക്കലും ഒരു തിരിച്ചുവരവ് അസാധ്യമാ ക്കുമാറ് പാപച്ചുഴിയിൽപെടാതെ പ്രണയനദി യിൽ നീന്തുന്നവർ ജാഗ്രത പാലിക്കണം.

എത്രയോ സന്തോഷകരമായ ഒരു ജീവി തത്തെ പുണരേണ്ടവളായിരുന്നു ആഷ. ഇന്നത് കുറ്റബോധത്തിന്റെയും നിരാശയു ടെയും കനലുകളിൽ കിടന്നു നീറിപ്പിടയു ന്നു. ഒട്ടും വിവേകം തൊട്ടു തീണ്ടാത്ത പ്ര ണയം അഗ്നിയാണ്. അഗ്നിയിൽ ചാടിയാൽ കാലുപൊള്ളുക തന്നെ ചെയ്യും.

**"തന്നെക്കുറിച്ചുള്ള ദൈവികപദ്ധതിക്ക്, ഇനിയെങ്കിലും പിടിവാശികൾ വിട്ടുകൊ ടുത്തു കീഴടങ്ങിയാൽ രക്ഷ ഇനിയും ആഷയുടെ സമീപത്തു തന്നെയുണ്ട്.**

"എനിക്കുവേണ്ടി പ്രാർഥിക്കണം".

**അതേ പ്രാർഥിച്ചുകൊണ്ടേയിരിക്കുന്നു** ■



## കവർസ്റ്റോറി

ഫാ. ബിറ്റാജു മാത്യു, OSST




യേശു തന്റെ പരസ്യജീവിതം ആരംഭിച്ചത് ഒരു മിഷൻ പ്രഖ്യാപനത്തോടെയാണ്. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്, ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു, ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വൽസരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്ക 4:18-19). യേശു തന്റെ മിഷൻ അവസാനിപ്പിച്ചത് തന്റെ ശിഷ്യന്മാർക്ക് വ്യക്തമായ മിഷൻ കൽപന നൽകിക്കൊണ്ടാണ്; "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ. 28:19).

അതിനാൽ സഭ സ്വഭാവത്തിൽതന്നെ പ്രേഷിതയാണ്. യേശുവിന്റെ പ്രേഷിതദൗത്യം വിവിധ മിഷൻ ചുവടുവയ്പുകളിലൂടെയും സ്ഥാപനങ്ങളിലൂടെയുമാണ് സഭ ഇന്ന് സജീവമായി മുന്നോട്ടുകൊണ്ടുപോകുന്നത്. സാർവത്രികസഭയിലെ മുന്നേറ്റങ്ങളുടെയും പുതിയ കൂട്ടായ്മാസമൂഹങ്ങളുടെയും അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഉദ്ഘോഷിച്ചു: "സഭയിലും ലോകത്തിലും തങ്ങൾക്കുള്ള വിളിയെയും ദൗത്യത്തെയും കുറിച്ച് അവബോധമുള്ള, പക്വതയുള്ള ക്രിസ്തീയ വ്യക്തിത്വങ്ങൾ എന്തുമാത്രം ആവശ്യമാണിന്ന്! ഇവിടെയാണ് സഭാമുന്നേറ്റങ്ങളും പുതിയ കൂട്ടായ്മാസമൂഹങ്ങളും തെളിഞ്ഞുകാണുന്നത്. സഹസ്രാബ്ദത്തിന്റെ അന്ത്യത്തിൽവന്ന നാടകീയമായ 'ഒട്ടേറെ'വെല്ലുവിളികൾക്ക് ഉത്തരമായി പരിശുദ്ധാത്മാവ് ഉയർത്തിക്കൊണ്ടു വരുന്നവയാണിവ. നിങ്ങളാണ് ദൈവപരിപാലനയുടെ ഈ ഉത്തരം".

സഭാമുന്നേറ്റമെന്ന നിലയിൽ, ജീസസ് യൂത്തിന്റെ അടിസ്ഥാനലക്ഷ്യം തന്നെ ക്രിസ്തുവിന്റെ മിഷൻ തുടരുകയെന്നതാണ്. വിവിധ സ്ഥലങ്ങളിലും സാഹചര്യങ്ങളിലും സഭയുടെ ഭാഗമായി, സഭയോടു ചേർന്ന് ജീസസ്‌യൂത്ത് ഇതു തുടരുന്നു. "തീക്ഷ്ണ തയിലും ഭാവത്തിലും രീതികളിലും നവീനമായ നവസുവിശേഷവത്ക്കരണം" എന്ന ജോൺ പോൾ രണ്ടാമന്റെ ആഹ്വാനം ആരംഭകാലം മുതലേ ജീസസ്‌യൂത്തിനെ സ്വാധീനിച്ചിരുന്നു. യുവജനങ്ങളെ സുവിശേഷവത്ക്കരിക്കാനുള്ള ഒരു പ്രത്യേക ഹൃദയഭാരം ജീസസ്‌യൂത്ത് മുന്നേറ്റത്തിനുണ്ട്. യുവജനങ്ങൾക്കിടയിലെ പ്രവർത്തനങ്ങൾ ഏറ്റവുമധികം ഫലപ്രദമാക്കാനുള്ള അന്വേഷണവും എപ്പോഴും സജീവമാണ്.

ജീസസ്‌യൂത്തിന്റെ ഏതൊരു പ്രോഗ്രാമും, മിഷനിലേക്കും മിഷൻ പ്രവർത്തനപദ്ധതികളിലേയ്ക്കുമാണ് ചെന്നെത്തുന്നത്. ജീസസ്‌യൂത്തിന്റെ മുദ്രാവാക്യം തന്നെ മുന്നേറ്റത്തിന്റെ ഈ അടിസ്ഥാനസ്വഭാവം വ്യക്തമായി ഉറക്കെ പ്രഖ്യാപിക്കുന്നുണ്ട്, *'സഭാശുശ്രൂഷയ്ക്കായുള്ള ഒരു മിഷനറി മുന്നേറ്റം'.*

മുന്നേറ്റത്തിന്റെ പ്രാരംഭകാലംതന്നെ ഈ യഥാർത്ഥ്യത്തിന്റെ വ്യക്തമായ അടയാളമാണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ഒരു കൂട്ടം യുവജനങ്ങൾ തങ്ങളുടെ ബോധ്യങ്ങളും അനുഭവങ്ങളും സമപ്രായക്കാരായ മറ്റുള്ളവരിലേക്കു പകരാനും കർത്താവിനായി ഒരു കൂട്ടായ്മ പണിതുയർത്താനും തുടങ്ങി. ഈ മിഷൻ സംസ്കാരം മുന്നേറ്റത്തിൽ വളർത്തിയെടുക്കാൻ ആദ്യകാലനേതാക്കൾ വലിയ വില കൊടുത്തിട്ടുണ്ട്. മുന്നേറ്റത്തിന്റെ ഭാഗമാകുന്ന ഏതൊരാൾക്കും സുവിശേഷം പങ്കുവയ്ക്കാനും പ്രഘോഷിക്കാനുമുള്ള തിടുക്കവും ആവേശവുമാണ് മിഷൻ സംസ്കാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ജീസസ്‌യൂത്ത് സെൽ, പ്രാർഥനാ ഗ്രൂപ്പുകൾ, ധ്യാനങ്ങൾ, പരിശീലന പരിപാടികൾ, ഫോർമേഷൻ പരിപാടികൾ എന്നിവയിലും ഈ മിഷൻ സംസ്കാരം പ്രകടമാണ്. പഠനത്തിനും ജോലിക്കുമായി വിവിധ സ്ഥലങ്ങളിലേക്ക് പോകുന്ന യുവജനങ്ങൾ തങ്ങളുടെ ദൈവാനുഭവം പങ്കുവയ്ക്കാൻ കാണിക്കുന്ന ഈ തിടുക്കവും ആവേശവുമാണ് ഈ മുന്നേറ്റം ഇന്ത്യ മുഴുവനിലും ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രചരിക്കാൻ കാരണമായത്. ജീസസ്‌യൂത്തിന്റെ ഓരോ ചെറിയ തുടക്കങ്ങളും മിനിസ്ട്രികളും ഈ മിഷൻ സംസ്കാരത്തിൽ നിന്നുളവായതാണ്. ജീസസ് യൂത്ത് എന്ന പേരു തന്നെ മിഷൻ സംസ്കാരത്തിന്റെ വൈവിധ്യമാർന്ന ചിത്രങ്ങൾ മനസ്സിലേയ്ക്കു കൊണ്ടുവരുന്നു; സർവകലാശാലകളിലും എൻജിനീയറിങ്, മെഡിക്കൽ കോളജുകളിലും മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഉള്ള തീക്ഷ്ണവും സൗഹാർദപരവുമായ കത്തോലിക്കാ ക്യാംപസ് ഗ്രൂപ്പുകൾ, ബിരുദ പഠനത്തിനുശേഷം ഒരു വർഷം മിഷൻ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്ന യുവ ഫുൾടൈം വൊളന്റിയേഴ്സ്, മാധ്യമരംഗത്തെ പുതുമകളായ ഫെയ്സ്ബുക്കിലും യൂട്യൂബിലുമുള്ള സാന്നിധ്യം; കൗമാരപ്രായക്കാരെയും കുട്ടികളെയും നേടുന്ന ടീൻസ് മിനിസ്ട്രി, ഏയ്ഞ്ചൽസ് ആർമി; യുവതരംഗമായി മാറിയ റെക്സ് ബാൻഡ്, കലാപരമായ മറ്റു തുടക്കങ്ങൾ, എക്സിബിഷനുകൾ, വൈദികർക്കും സന്യസ്തർക്കും മറ്റ് എൽഡേഴ്സിനുമായി യുവജനങ്ങളൊരുക്കുന്ന 'കമ്യൂണിയൻ' പ്രോഗ്രാമുകൾ, യുവദമ്പതികളുടെ ഗ്രൂപ്പുകൾ എന്നിങ്ങനെ നിരവധി ചിത്രങ്ങൾ മുന്നേറ്റത്തിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത ഈ മിഷൻ സംസ്കാരത്തെക്കുറിച്ച് ഉറക്കെ വിളിച്ചുപറയുന്നു.

ജീസസ്‌യൂത്തിനെക്കുറിച്ചുള്ള അത്ഭുതകരമായ ഒരു വസ്തുതയുണ്ട്. വളരെ സാധാരണക്കാരായ യുവാക്കളും യുവതികളുമാണ് മുന്നേറ്റത്തിന്റെ ഭാഗമായി മിഷൻപ്രവർത്തനങ്ങളിലേർപ്പെട്ട് അസാധാരണ കാര്യങ്ങൾ ചെയ്യുന്നത് എന്നതാണത്. ഇങ്ങനെ തുടക്കമിടുന്ന ചെറിയ ചുവടുവയ്പുകൾ സാവധാനം വളർന്ന് വിവിധ മിനിസ്ട്രികളായി രൂപപ്പെടുന്നു. യുവജനങ്ങളെ ഒന്നിച്ചുവരാനും കൂട്ടായ്മയിൽ വളരാനും സഹായിക്കുന്നതോടൊപ്പം ഒരു ജീസസ്‌യൂത്ത് മിനിസ്ട്രി സുവിശേഷവത്ക്കരണത്തിന്റേതായ ഒരു ജീവിതശൈലി പരിശീലിക്കാൻ യുവജനങ്ങളെ ഒരുക്കുന്നു. ഈ പ്രക്രിയയിൽ, സാധാരണക്കാരായ, ക്രിസ്തുവിനെ പങ്കുവയ്ക്കുന്നതിൽ തിടുക്കവും അതീവതാത്പര്യവുമുള്ള യുവതീയുവാക്കൾ ക്രിസ്തുവിനോടും അവിടുത്തെ ശരീരമായ സഭയോടും അതിയായ താത്പര്യവും സ്നേഹവും ഉള്ളവരായി രൂപാന്തരപ്പെടുന്നു.

### ആഴവും പരപ്പുമുള്ള വയലുകൾ കാത്തിരിക്കുന്നു

ജീസസ് യൂത്തിലെ മിഷനറി ചലനങ്ങൾ ആരംഭിച്ചതും പുഷ്പിച്ചതും ആത്മീയതയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിയതും ജീസസ്‌യൂത്ത് കൂട്ടായ്മയുടെയും സഭാമാതാവിന്റെയും അതിർവരമ്പുകൾക്കുള്ളിലായിരുന്നു. അവയിൽ പലതും മുന്നോട്ടുനീങ്ങിയപ്പോൾ കൂടുതൽ ആഴവും പരപ്പുമുള്ള സാമൂഹ്യ, സാംസ്കാരിക മാനങ്ങളുള്ള പ്രതിബദ്ധതകളിലേയ്ക്കു വളർന്നു. ഈ നാളുകളിൽ രാഷ്ട്രീയ, മാധ്യമ മേഖലകളിൽ നടന്ന ബോധപൂർവമായ ചില ഇടപെടലുകൾ, പല കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന മിഷനറി കൂട്ടായ്മകൾ, വ്യക്തമായ ലക്ഷ്യങ്ങളോടെയുള്ള ബിസിനസ് സംരഭങ്ങൾ, നിർധനരായ കുട്ടികളെ സഹായിക്കുന്ന പ്രത്യേക പ്രോജക്ടുകൾ, ആരോഗ്യസംരക്ഷണം എന്നിങ്ങനെ ജീസസ്‌യൂത്തിന്റെ ഭാവി മിഷൻപ്രവർത്തനങ്ങളിലേയ്ക്കായി നിരവധി ശക്തമായ ചൂണ്ടുപലകകളുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മിഷനെക്കുറിച്ചുള്ള നിർവചനം ഇതിനെ ശക്തിപ്പെടുത്തുന്നു. വ്യക്തികളുടെ രക്ഷയും മിഷൻ സ്ഥലങ്ങളിലെ സഭാസ്ഥാപനവുമാണ് മിഷൻ എന്ന കാഴ്ചപ്പാടിനെ നീതി, സ്വാതന്ത്ര്യം, മതാന്തര സംവാദം, സുവിശേഷവും സംസ്കാരങ്ങളും തമ്മിലുള്ള സജീവമായ പരസ്പരവ്യവഹാരം, പുനഃസുവിശേഷവത്ക്കരണം എന്നിവയുമുൾക്കൊള്ളുന്ന വിശാലമായ ഒന്നായി രണ്ടാം വത്തിക്കാൻ കൗൺസിൽ മാറ്റിയെഴുതുകയായിരുന്നു. ഇന്ന് മിഷൻ മതങ്ങൾക്കും വംശങ്ങൾക്കുമതീതമായി സമാധാനം, മനുഷ്യാവകാശങ്ങൾ, വികസനം, പരിസ്ഥിതി, ആശയവിനിമയം, ശാസ്ത്രീയപഠനങ്ങൾ, അന്താരാഷ്ട്രബന്ധങ്ങൾ എന്നീ മേഖലയിൽ പ്രവർത്തിക്കുന്ന ഒന്നായി മാറിയിരിക്കുന്നു.

ഓരോ ജീസസ്‌യൂത്തിന്റെ ജീവിതത്തിലും ഇങ്ങനെയൊരു മിഷനറി ആധ്യാത്മികത ഉണ്ടാവേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഈ മിഷനറി ആധ്യാത്മികതയുടെ കാതൽ പരിശുദ്ധാത്മാവിനോടുള്ള വിധേയത്വമാണ്. സുവിശേഷവത്ക്കരണത്തിനുള്ള വ്യത്യസ്തമായ രീതികൾ നല്ലതാണ്. പക്ഷേ അവയിലേറ്റവും മികച്ചതിനുപോലും പരിശുദ്ധാത്മാവിന്റെ സൗമ്യമായ പ്രവർത്തനത്തിനു പകരം വയ്ക്കാനാവില്ല. സുവിശേഷപ്രവർത്തകൻ എത്രമാത്രം പരിപൂർണമായി തയാറെടുപ്പു നടത്തിയാലും പരിശുദ്ധാത്മാവില്ലാതെ അതിനൊരു ഫലമുണ്ടാകുകയില്ല *(സുവിശേഷവത്ക്കരണം ആധുനികലോകത്തിൽ)*.

ഈയൊരു മിഷൻ ആധ്യാത്മികതയുണ്ടോയെന്ന് തിരിച്ചറിയാനുള്ള ഏറ്റവും നല്ല മാർഗം ആത്മാക്കളെക്കുറിച്ചുള്ള എരിയുന്ന ക്രിസ്തുസ്നേഹം ഒരുവന് അനുഭവപ്പെടുന്നുണ്ടോയെന്നും ക്രിസ്തു സ്നേഹിച്ചതുപോലെ സഭയെ സ്നേഹിക്കുന്നുണ്ടോ എന്നു പരിശോധിച്ചറിയുന്നതുമാണ്.

മിഷനുവേണ്ടിയുള്ള ഉൾപ്രേരണ പണ്ടും ഇപ്പോഴും ജീസസ്‌യൂത്ത് മുന്നേറ്റത്തിന്റെ ഓജസ്സിന്റെ അടയാളമാണ്. ജൂബിലിക്കുശേഷമുള്ള വർഷങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്കായുള്ള താത്പര്യം വളരെയധികം വർധിച്ചിട്ടുമുണ്ട്. അതേസമയം ഏറ്റവും കുറഞ്ഞ കാര്യങ്ങൾകൊണ്ട് തൃപ്തിപ്പെടുന്ന ഒരു പ്രവണതയും വളരുന്നതായി കാണുന്നുണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ പ്രയോജനങ്ങളും ഗുണങ്ങളുമുള്ളതുകൊണ്ട് പേരിന് ഒരു ജീസസ് യൂത്ത് ആയിരിക്കുക എന്നത്. പക്ഷേ, മിഷനറിയാവാനുള്ള ഉൾപ്രേരണയും തീക്ഷ്ണതയും കുറയുന്നത് മുന്നേറ്റത്തിലെ വിശ്വാസപ്രതിസന്ധിയുടെ അടയാളവുമാകാം. **ഏതു നിമിഷം ഒരു ജീസസ്‌യൂത്ത് മിഷനറിയല്ലാതാകുന്നോ ആ നിമിഷം അവൻ/അവൾ ഒരു ജീസസ് യൂത്ത് അല്ലാതാകും.** ജോൺ പോൾ രണ്ടാമന്റെ വാക്കുകളിൽ, "സഭാചരിത്രത്തിൽ, മിഷനുവേണ്ടിയുള്ള ഉൾപ്രേരണ എന്നും സജീവത്വത്തിന്റെ അടയാളമായിരുന്നു, അതിന്റെ കുറവ് വിശ്വാസത്തിന്റെ പ്രതിസന്ധിയുടെയും. കാരണം മിഷൻപ്രവർത്തനം സഭയെ നവീകരിക്കുന്നു, വിശ്വാസത്തെയും ക്രിസ്തീയ വ്യക്തിത്വത്തെയും വീണ്ടും ഓജസ്സുള്ളതാക്കുകയും നവമായ ഉന്മേഷവും പുതിയ പ്രചോദനവും നൽകുകയും ചെയ്യുന്നു. മറ്റുള്ളവർക്ക് നൽകുമ്പോഴാണ് വിശ്വാസം ശക്തിപ്പെടുന്നത്" *(രക്ഷകന്റെ മിഷൻ 2)* ■

*(ജീസസ് യൂത്തിന്റെ ഇന്റർനാഷനൽ പാസ്റ്ററാണ് ഫാ. ബിറ്റാജു)*

ജോബി തോമസ്



# ഒരു നിരീശ്വരവാദി ആകുന്നതിനുള്ള യോഗ്യത മനുഷ്യനുണ്ടോ?

അടച്ചിട്ടിരിക്കുന്ന ഒരു വലിയ മുറിയിൽ, ഒരു കസേരയിൽ നിങ്ങൾ ഇരിക്കുകയാണ്. മുറിക്കുള്ളിൽ നിറയെ ഫർണിച്ചർ നിരത്തിയിട്ടിരിക്കുന്നു. നിങ്ങളുടെ മുമ്പിലായി ഒരു മേശ ഉണ്ട്. മേശപ്പുറത്ത് ഒരു മൊട്ടുസൂചിയും വച്ചിരിക്കുന്നു. 'ഈ മുറിക്കുള്ളിൽ ഒരു മൊട്ടുസൂചിയെങ്കിലും ഉണ്ട്' എന്നൊരു പ്രസ്താവന തികച്ചും സത്യസന്ധമായി നിങ്ങൾക്ക് നടത്തണം എന്നിരിക്കട്ടെ. ഇത് നിങ്ങളെ സംബന്ധിച്ച് വളരെ എളുപ്പമുള്ള കാര്യമാണ്. ഇതിന് മേശപ്പുറത്തെക്കുറിച്ചുള്ള അറിവ് ധാരാളം മതി.

ഇനി, 'ഈ മുറിയിൽ ഒരു മൊട്ടുസൂചി പോലുമില്ല' എന്നൊരു പ്രസ്താവന തികച്ചും സത്യസന്ധമായി നിങ്ങൾക്കു നടത്തണം എന്നിരിക്കട്ടെ. ഇത് വളരെ പ്രയാസമുള്ള കാര്യമാണ്. കാരണം മുറിയുടെ എല്ലാ ഭാഗങ്ങളെക്കുറിച്ചും ഫർണിച്ചറിന്റെ ഉൾവശങ്ങളെക്കുറിച്ചുമുള്ള സമഗ്രമായ ഒരറിവിന്റെ പിൻബലം ഇതിനാവശ്യമായിരിക്കുന്നു. ഇവിടെയൊന്നും ഒരു മൊട്ടുസൂചി വച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്.

നമ്മുടെ സൗരയൂഥം അംഗമായിരിക്കുന്ന മിൽക്കി വേ ഗാലക്സിയിൽ പതിനായിരം കോടി നക്ഷത്രങ്ങൾ ഉണ്ട്. മിൽക്കി വേ പോലുള്ള പതിനായിരം കോടി ഗാലക്സികൾ ദൃശ്യപ്രപഞ്ചത്തിൽ വേറെയുമുണ്ട്. നക്ഷത്രങ്ങളിൽ പലതിനു ചുറ്റും ഗ്രഹങ്ങൾ ഭ്രമണം ചെയ്യുന്നു. പ്രപഞ്ചത്തിന്റെ വിശാലതയുമായി താരതമ്യം ചെയ്യുമ്പോൾ അതിനെപ്പറ്റിയുള്ള മനുഷ്യന്റെ അറിവ് വളരെ പരിമിതമാണ്.

ദൈവം നമ്മെപ്പോലെ ഭൗതികശരീരം ഉള്ള ഒരാളാണെന്ന് തത്കാലം സങ്കൽപിക്കുക. ഇങ്ങനെയൊരു ദൈവം പ്രപഞ്ചത്തിലൊരിടത്തും ഇല്ല എന്ന് മനുഷ്യന് എങ്ങനെ ഉറപ്പിച്ചുപറയാനാകും? ഭൗതികരൂപമുള്ള ഒരു ദൈവം ഇല്ല എന്നുറപ്പിച്ചു പറയണമെങ്കിൽ ഏറ്റവും കുറഞ്ഞ പക്ഷം പ്രപഞ്ചത്തിലെ സകല ആകാശഗോളങ്ങളെപ്പറ്റിയുമുള്ള പൂർണമായ അറിവിന്റെ പിൻബലം ഉണ്ടായിരിക്കണം. മനുഷ്യന് അതില്ല.

ജന്മനാ ബധിരനായ ഒരു മനുഷ്യന് ശബ്ദം എന്താണ് എന്നതിനെപ്പറ്റി യാതൊരു തിരിച്ചറിവും ഉണ്ടായിരിക്കില്ല. എന്നാൽ ശബ്ദം എന്നൊരു പ്രതിഭാസം പ്രപഞ്ചത്തിലില്ല എന്ന് ഇവർ വാദിച്ചാൽ നമ്മൾ അംഗീകരിച്ചു കൊടുക്കുമോ? ഒരിക്കലുമില്ല.

നമ്മുടെ അറിവ് അഞ്ച് ഇന്ദ്രിയങ്ങളുടെ തലത്തിൽ പരിമിതപ്പെട്ടിരിക്കുന്നു. എന്നാൽ ഈ അഞ്ച് ഇന്ദ്രിയങ്ങൾക്ക് പിടികിട്ടാത്ത മേഖലകളിൽ യാതൊന്നിനും അസ്തിത്വമില്ല എന്ന് നമുക്ക് എങ്ങനെ ഉറപ്പിച്ചു പറയാനാകും? നാം ഇപ്രകാരം ഉറപ്പിച്ചുപറഞ്ഞാൽ അത് ജന്മനാ ബധിരനായ മനുഷ്യൻ ശബ്ദം എന്നൊരു പ്രതിഭാസം പ്രപഞ്ചത്തിലില്ല എന്നു വാദിക്കുന്നതിനു തുല്യമാണ്. അതിനാൽ അശരീരിയായ ഒരു ദൈവം ഉണ്ടാകാനും സാധ്യതയുണ്ട്.

'ദൈവം ഉണ്ടോ ഇല്ലയോ എന്നെനിക്കറിയില്ല' എന്നൊരു നിലപാട് ഒരു മനുഷ്യന് വേണമെങ്കിൽ ആദ്യമേ എടുക്കാം. ഇത് പിന്നെയും യുക്തിക്ക് നിരക്കുന്നതാണ്. എന്നാൽ, 'ദൈവം ഇല്ല' എന്ന് ഒരു മനുഷ്യൻ ഉറപ്പിച്ചു പറഞ്ഞാൽ അത് യുക്തിക്ക് ഒട്ടും നിരക്കുന്നതല്ല. നിരീശ്വരവാദം യുക്തിപരമായി അസാധ്യമാണ് ■



**കവർസ്റ്റോറി**

ഡോ. സിന്ധു സുനിൽ

# മിഷൻ ആദ്യം മാറ്റുന്നത് മിഷനറിയെയാണ്.




ജീസസ്‌യൂത്ത് ആയ കാലം മുതൽ എന്റെ ജീവിതത്തിലെ വലിയൊരാഗ്രഹമായിരുന്നു ആഫ്രിക്കയിൽ ഒരു മിഷനറിയായി പോകുകയെന്നത്. പക്ഷേ, അങ്ങനെയൊരു അവസരം ഉണ്ടായില്ല. അമേരിക്കയിൽ എത്തിയതിനുശേഷവും അവിടെയുള്ള ആഫ്രിക്കൻ അമേരിക്കൻ സഹോദരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ ഞങ്ങൾ പലപ്രാവശ്യം ശ്രമിച്ചു. പക്ഷേ അതിലുമധികമായി എന്തോ ചെയ്യാനുണ്ട് എന്നൊരു തോന്നൽ എപ്പോഴും എന്റെ ഉള്ളിൽ ഉണ്ടായിരുന്നു. 2010 ജനുവരി 13-ന് ഹെയ്തി എന്ന രാജ്യത്തിൽ വലിയൊരു ഭൂകമ്പമുണ്ടായപ്പോൾ അമേരിക്കയിലെ ജീസസ്‌യൂത്തിന്റെ പാസ്റ്ററായ വിനോദച്ചന്റെ നേതൃത്വത്തിൽ അവിടുത്തെ ജീസസ്‌യൂത്ത് ഹെയ്തിയിലേക്ക് ഒരു മിഷൻയാത്ര നടത്തി.

അതിനെത്തുടർന്ന് കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ നിരവധി മിഷൻയാത്രകൾ അവിടേയ്ക്കു നടത്തി. വടക്കേഅമേരിക്കയിലെ ഏറ്റവും ദരിദ്രരാജ്യമായ ഹെയ്തി കത്തോലിക്കാരാജ്യമെങ്കിലും കത്തോലിക്കരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഭൂകമ്പത്തിൽ സഭയ്ക്ക് ആർച്ച്ബിഷപ്പിനെയും വൈദികരെയും നിരവധി വൈദികാർഥികളെയും നഷ്ടമായി. കത്തീഡ്രലടക്കം നിരവധി കെട്ടിടങ്ങളും നാമാവശേഷമായി. ജീസസ് യൂത്ത്, കാരിത്താസ് ഇൻ വേരിറ്റാറ്റേ എന്ന അന്താരാഷ്ട്രസന്നദ്ധസംഘടനയുടെ സ്ഥാപകാംഗമായതിനാൽ അവിടെയുള്ള മിഷനറിമാരോടു ചേർന്നു പ്രവർത്തിക്കാൻ കുറച്ചുകൂടി എളുപ്പമായി.

ഹെയ്തിയിലേക്കുള്ള മിഷൻയാത്രകളുടെ ഭാഗമാകണമെന്ന് അതിയായി ആഗ്രഹിച്ചിരുന്നെങ്കിലും എന്റെ നാലാമത്തെ കുഞ്ഞിന്റെ ഗർഭധാരണവും ജനനവും മൂലം എനിക്കതിനു കഴിഞ്ഞില്ല. അങ്ങനെയിരിക്കുമ്പോഴാണ് അഭയാർഥികൾ താമസിക്കുന്ന കോറേ ക്യാംപിലേയ്ക്കുള്ള മിഷൻടീമിന്റെ നേതാവായ ഫാ. ഐസയാ അമേരിക്കയിലെ ജീസസ്‌യൂത്തിനോട് ഹെയ്തിയിലെ യുവജനങ്ങൾക്കായി ഒരു ധ്യാനവും പന്തക്കുസ്താ ആചരണവും നടത്താൻ സഹായിക്കുമോ എന്നുചോദിച്ചത്. നേതൃനിരയിൽപെട്ടവരെല്ലാം തിരക്കായിരുന്നതിനാൽ, കുറച്ചുപേരെ കൂടെ വിട്ടാൽ പോകാൻ തയാറാണെന്നു ഞാൻ പറഞ്ഞു. 10 മാസം പ്രായമാകാത്ത എന്റെ കുഞ്ഞ് ജിയന്നയെ എന്തുചെയ്യുമെന്നായി അടുത്ത പ്രശ്നം. കുഞ്ഞിനെയും കൊണ്ടുപോകാം എന്നു ഞാൻ തീരുമാനിച്ചപ്പോൾ കുഞ്ഞിനുള്ള ആഹാരവും വെള്ളവും അമേരിക്കയിൽനിന്നുകൊണ്ടു പോകണമെന്നായി കുഞ്ഞിന്റെ ഡോക്ടർ.

ഉള്ളിൽ ചെറിയ പേടി ഉണ്ടായിരുന്നെങ്കിലും ദൈവം സംരക്ഷിക്കുന്നില്ലെങ്കിൽ എന്റെ കുഞ്ഞ് എത്ര സൗകര്യമുള്ളിടത്തായിരുന്നിട്ടും കാര്യമില്ല എന്ത ചിന്തയിൽ ഞങ്ങളുടെ ചെറിയ ടീം 2011 ഏപ്രിലിൽ 10 ദിവസത്തെ മിഷൻ പ്രവർത്തനത്തിനായി ഹെയ്തിയിലെത്തി. അവിടെ എത്തിച്ചേർന്നപ്പോൾ കണ്ട കാഴ്ചകൾ ഹൃദയത്തെ ഭാരപ്പെടുത്തുന്നതായിരുന്നു. എല്ലാം തകർന്നുതരിപ്പണമായി കിടക്കുന്നു. കുട്ടികൾ ഭക്ഷണം ചോദിച്ച് അലഞ്ഞുനടക്കുന്നു. അവിടെയുള്ള മറ്റു മിഷനറിമാരുടെ അടുത്തേയ്ക്കാണ് ഞങ്ങൾ പോയത്. ഹെയ്തിയിലേക്ക് ഞാൻ പോയത് അവിടെയുള്ള ആളുകളെ ശുശ്രൂഷിക്കണം എന്ന ചിന്തയിലാണ്. പക്ഷേ, ഈ യാത്ര എന്നെ നിരവധി ജീവിതപാഠങ്ങൾ പഠിപ്പിച്ചു. യഥാർഥ മിഷൻ മിഷനറിമാരെ മാറ്റിമറിക്കും എന്നു പറയുന്നത് അക്ഷരാർഥത്തിൽ ശരി തന്നെയെന്ന് എനിക്കു ബോധ്യമായി.

ഹെയ്തിയിലെത്തിയ ഞങ്ങൾക്ക് അവരുടെ ഭാഷയോ സംസ്കാരമോ ജീവിതരീതിയോ അറിയാതെ വിദേശികളുടെ പീഡനത്തിന്റെ കയ്പും വെറുപ്പുമായി കഴിയുന്ന അവരെ എങ്ങനെ ധ്യാനിപ്പിക്കുമെന്നത് ഒരു വെല്ലുവിളിയായിരുന്നു. ഒരു വൈദികവിദ്യാർഥി എന്നോടതു ചോദിക്കുകയും ചെയ്തു. “നിങ്ങൾ പണക്കാരായ അമേരിക്കക്കാർ ഞങ്ങളുടെ ഭാഷ പോലുമറിയാതെ എന്തു ചെയ്യാനാണ് വന്നിരിക്കുന്നത്?” ഞാനദ്ദേഹത്തോടു പറഞ്ഞു: “ഇത് ഇവിടെവന്നപ്പോൾ മുതൽ എന്റെ മനസ്സിലുമുള്ളൊരു കടംകഥയാണ്. പക്ഷേ, ഇവയ്ക്കെല്ലാം അതീതമായ ഒരു രക്തബന്ധം നമുക്കുണ്ട്. നിങ്ങൾ ഇവിടെ സഹിക്കുമ്പോൾ തൊട്ടടുത്ത ഭൂഖണ്ഡത്തിലുള്ള സഭ സമാധാനമായി കഴിയുന്നു എന്നു കരുതരുത്. നാമെല്ലാം ഒരു ശരീരമാണ്. ദൈവം തന്നെ സാവധാനം പരസ്പരം വളർത്താൻ സഹായിക്കുന്ന തുടക്കങ്ങളിലേക്ക് നമ്മെ നയിക്കും”. അങ്ങനെ ഞങ്ങൾ ധ്യാനം ആരംഭിച്ചു. ഒരു വചനഭാഗം വായിപ്പിച്ച് അതിനെ ആധാരമാക്കിയുള്ള ഒരു ദൃശ്യശ്രാവ്യപരിപാടിക്കുശേഷം ഞങ്ങൾ ഒരു പ്രസംഗം നടത്തി. ഹൈസ്ക്കൂളിൽ പഠിക്കുന്ന ഒരു കുട്ടി അത് പരിഭാഷ ചെയ്തു. കുട്ടികൾ വളരെ നന്നായി സഹകരിച്ചു. ഏറ്റവും ബുദ്ധിമുട്ട് നേരിട്ടത് ക്ഷമയെക്കുറിച്ച് പറഞ്ഞപ്പോഴായിരുന്നു. ആഫ്രിക്കൻ അമേരിക്കൻ അടിമയായിരുന്ന വി. ജോസഫിൻ ബക്കീത്തായുടെ കഥ ഞങ്ങൾക്കു തുണയായി. അടിമയായി കഠിനപീഡകളനുഭവിച്ച ഈ വിശുദ്ധ പിന്നീട് ക്രിസ്ത്യാനിയായി, ഒരു സന്യസ്തയുമായി. പണ്ട് പീഡിപ്പിച്ചവരെ വീണ്ടും കണ്ടുമുട്ടിയാൽ എന്തു ചെയ്യുമെന്ന ചോദ്യത്തിന് അവർ പറഞ്ഞ ഉത്തരം ഇതായിരുന്നു. മുട്ടുകുത്തി അവരുടെ കൈകൾ ചുംബിച്ച് ഞാനവർക്ക് നന്ദിപറയും. കാരണം ഇതൊക്കെ സംഭവിച്ചതുകൊണ്ട് ഞാനൊരു ക്രിസ്ത്യാനിയായി, അല്ലെങ്കിൽ ഒരു വിജാതീയയായി ഞാൻ മരിക്കേണ്ടിവരുമായിരുന്നു. അതവരെ ഗാഢമായി സ്പർശിച്ചു.


ഇനി ഹെയ്തിയിൽ ഞങ്ങൾ കണ്ടുമുട്ടിയ ഞങ്ങളുടെ ഹൃദയങ്ങളെ സ്പർശിച്ച ചിലരെ ഞാൻ പരിചയപ്പെടുത്തുകയാണ്. ആദ്യം മനസ്സിലേക്കു വരുന്നയാൾ ഫാ. ഐസയാ തന്നെയാണ്. 74 വയസ്സുള്ള ഇറ്റാലിയൻ വൈദികൻ, തന്റെ സന്യാസസഭയിലെ ഏറ്റവും ഉന്നതമായ സുപ്പീരിയർ ജനറൽ എന്ന പദവിയിലിരുന്ന ശേഷം സജീവശുശ്രൂഷയിൽനിന്ന് വിരമിക്കേണ്ട അവസരത്തിലാണ് മിഷൻപ്രവർത്തനത്തിനായി ഹെയ്തിയിലെത്തിയത്. ദിവസവും 20 കിലോമീറ്ററിലധികം നടന്ന് പാവങ്ങളെ സന്ദർശിക്കുന്നത് അദ്ദേഹത്തിന്റെ ദിനചര്യയുടെ ഭാഗമാണ്. സൈക്കിളിൽ വന്ന് ചെറിയ കൂടാരം കെട്ടി അവിടെ വി. കുർബാന അർപ്പിക്കുന്ന അദ്ദേഹം എതിർപ്പുകളിലും കളിയാക്കലുകളിലും പുഞ്ചിരിച്ച്, അവരെ സഹായിച്ച് മുടങ്ങാതെ സന്ദർശനം നടത്തുന്ന മിഷനറിയാണ്. ഒരു വർഷത്തിനുള്ളിൽ അച്ചനെ സഹായിക്കാനായി രണ്ടു ഫുൾടൈമേഴ്സിനെ അയയ്ക്കാൻ ഞങ്ങൾക്കു കഴിഞ്ഞു.

മറ്റൊരു വ്യക്തി കോറേ ക്യാംപിലെ അവരുടെ എല്ലാമെല്ലാമായ ഒരു മനുഷ്യനാണ്. അവരെ പ്രാർഥിക്കാൻ പഠിപ്പിച്ചതും അഭിമാനമുള്ളവരായി, കഠിനാധ്വാനം ചെയ്തു ജീവിക്കാൻ പഠിപ്പിച്ചതും അദ്ദേഹമാണ്. ഹെയ്തിയിലെത്തിയനാൾമുതൽ വിശ്രമമില്ലാതെ ക്യാംപുകൾ സന്ദർശിച്ചും, ഇടവകയിലേക്ക് ആളുകളെ ചേർത്തും യുവജനങ്ങൾക്കും പ്രായമായവർക്കുംവേണ്ടി മതബോധനക്ലാസുകൾ സംഘടിപ്പിച്ചും സ്ത്രീകൾക്ക് തുന്നൽ പരിശീലനം ക്രമീകരിച്ചും നടക്കുന്ന വ്യക്തി. ഓരോ ആഴ്ചയിലും 60 കുട്ടികളെയെങ്കിലും അദ്ദേഹം മാമ്മോദീസ മുക്കുന്നു, വൈദികരില്ലാത്തതിനാൽ വിവാഹിതരാകാൻ അദ്ദേഹത്തിന്റെ മുമ്പിൽ ആളുകളുടെ നീണ്ട നിരയാണ്. 2010-ൽ ഇവിടം സന്ദർശിച്ച ടീമിലുണ്ടായിരുന്ന ഒരു യുവാവ് ഈ സ്ഥിതിഗതികൾ കണ്ടറിഞ്ഞ് ഇപ്പോൾ സെമിനാരിയിലാണ്. മറ്റൊരു യുവതി സന്യാസജീവിതം സ്വീകരിക്കാൻ തയാറെടുക്കുന്നു.

മിഷൻയാത്രകളിൽ എപ്പോഴും കൂടെയുണ്ടായിരുന്ന വിനോദച്ചന്റെ വാക്കുകളിൽ, 'ഹെയ്തി' എന്നെ സംബന്ധിച്ച് എന്നെത്തന്നെ കാണാൻ സഹായിച്ച ആത്മീയകണ്ണാടിയാണ്. സുവിശേഷദൗത്യങ്ങളുടെ അർഥത്തിന്റെ ആഴം ഞാനിവിടെ കണ്ടു, ഇസ്രായേൽക്കാരുടെ പുറപ്പാട് എനിക്കു മനസ്സിലായി. യേശു എന്തുകൊണ്ട് ഇടയനോട് തന്നെത്തന്നെ താദാത്മ്യപ്പെടുത്തി എന്നെനിക്കു മനസ്സിലായി. ഹെയ്തി എനിക്ക് ഒരു സെമിനാരി പരിശീലനം പോലെയായിരുന്നു, കത്തോലിക്കാവൈദികൻ എന്നനിലയിലും ജീസസ്‌യൂത്ത് എന്നനിലയിലും തുടർന്നുകൊണ്ടേയിരിക്കുന്ന വിശ്വാസപരിശീലനം!

മൂന്നാമത്തെ വ്യക്തി ചിക്കാഗോയിൽ നിന്ന്, ഭാര്യയും നാലു മക്കളുമടങ്ങുന്ന കുടുംബത്തോടൊപ്പം ഹെയ്തിയിലേക്ക് 12 വർഷം മുൻപ് താമസം മാറിയ സീക്കൻ മൊയ്തിഖാനാണ്. മിഷനറിമാരുടെ സഹായത്തോടെ കത്തോലിക്കാസ്കൂൾ നടത്തുന്ന അദ്ദേഹത്തിന്റെ ഇളയ രണ്ടുമക്കളും അവിടെത്തന്നെ പഠിക്കുന്നു. മാതാപിതാക്കളോടൊപ്പം മക്കളും മിഷൻപ്രവർത്തനങ്ങളിൽ വളരെ സജീവമാണ്. ഇവരുടെ നിസ്വാർഥമായ പ്രവർത്തനത്തിന്റെ ആഴം ഞാനറിഞ്ഞത് ആ സ്കൂളിൽ പഠിക്കുന്ന സ്കോട്ട് എന്ന പയ്യനോട് സംസാരിച്ചപ്പോഴാണ്. ഉപരിപഠനത്തിന് അമേരിക്കയിലേക്ക് വരുന്നോ എന്ന ചോദ്യത്തിന് ഉടനടി അവൻ ഇല്ല എന്നുത്തരം പറഞ്ഞു. കാരണമെന്താണെന്നു ചോദിച്ചപ്പോൾ മൊയ്നിഖാൻ ഞങ്ങളോടു പറഞ്ഞത് ഹെയ്തിയെ രക്ഷിക്കാൻ ഹെയ്തിക്കാർക്കേ കഴിയൂ എന്നാണ്. അതുകൊണ്ട് ഞാൻ നന്നായി പഠിച്ച് ഒരു എൻജിനീയർ ആയി എന്റെ രാജ്യത്തിനുവേണ്ടി പ്രവർത്തിക്കും എന്നാണ്.

എവിടെയൊക്കെ ഞങ്ങൾ പോയോ അവിടെയൊക്കെ തകർന്ന, ഉപേക്ഷിക്കപ്പെട്ട, കുടുംബാംഗങ്ങളെയും കുടുംബം സംരക്ഷിക്കാൻ കഷ്ടപ്പെടുന്ന സ്ത്രീകളെയും ലക്ഷ്യബോധം നഷ്ടപ്പെട്ട യുവജനങ്ങളെയും കണ്ടു. ഭക്ഷണത്തിനും വസ്ത്രത്തിനുമപ്പുറം അവിടെ നമ്മുടെ സഹായം ആവശ്യമായ ധാരാളം മേഖലകൾ കാണാൻ കഴിഞ്ഞു. അമേരിക്കയിലെ ശീതീകരിച്ച ഹാളിലിരുന്ന് ധ്യാനം കൂടിയിട്ട് അനുഭവമുണ്ടാകാതിരുന്ന പലർക്കും ഈ യാഥാർഥ്യങ്ങൾ നേരിൽക്കണ്ട് ഒരു കൈ സഹായം നൽകാനിറങ്ങിയപ്പോൾ അവരുടെ ജീവിതംതന്നെ മാറിപ്പോയി. ഈ മിഷൻ യാത്രയ്ക്കിറങ്ങിയ ഞങ്ങളിലാർക്കും, പ്രകൃതി നൽകിയ നല്ല കരിക്കിൻവെള്ളം കൊണ്ടുകഴിഞ്ഞ കൊച്ചുജിയന്നയ്ക്കുപോലും ഒരു ചെറിയ പനി പോലും വന്നില്ല. ദൈവം ഞങ്ങളെ എത്ര സ്നേഹത്തോടെ കാത്തിരുന്നതായിരിക്കണം!!! ■





# മിഷൻ ആഫ്രിക്ക

ആഫ്രിക്കയെന്ന വലിയ മിഷൻ സാധ്യതയിലേക്ക് ജീസസ് യൂത്ത് ചുവടുവയ്ക്കുന്നത് ഫുൾടൈമേഴ്സിനെ അയച്ചുകൊണ്ടായിരുന്നു. ആദ്യം കെനിയയിലും പിന്നീട് തെക്കൻ സുഡാനിലും. ഇവർ സലേഷ്യൻ സമൂഹത്തിന്റെ സഹായത്തോടെ യുവാക്കളുടെ കൂട്ടായ്മയെ പണിതുയർത്തി. പതിയെ ശക്തമായ നേതൃത്വവും ഉറച്ച അടിസ്ഥാനവും കൈ മുതലാക്കി ആഫ്രിക്കൻ ജീസസ് യൂത്തുകൾ പ്രാർഥനാ കൂട്ടായ്മയിലൂടെയും പുതിയ പ്രോഗ്രാമുകളിലൂടെയും ചുറ്റുമുള്ളവരിലേയ്ക്ക് ഇറങ്ങിച്ചെന്നു. ഇതിനിടെ ഇന്ത്യയിൽ നിന്നുള്ള ജീസസ് യൂത്ത് നേതാക്കൾ ചെന്നെത്തിയതോടെ മറ്റുപല രാജ്യങ്ങളിലുമെന്നതുപോലെ സൗത്ത് ആഫ്രിക്കയിലും പുതിയ കൂട്ടായ്മകൾ രൂപപ്പെട്ടുതുടങ്ങി.

2010 ജൂണിലാണ് ദുബായിൽ നിന്നും രണ്ടു ജീസസ് യൂത്ത് അംഗങ്ങൾ, സന്തോഷ് മാത്യുവും ജൂലിയസ് ആന്റണിയും ഉഗാണ്ടയിലെത്തിയത്. അവിടത്തെ ജനങ്ങളെയും, സംസ്കാരത്തെയും, കത്തോലിക്കാ സഭയെയും പറ്റി മനസ്സിലാക്കുവാനുള്ള ഒരു യാത്രയായിരുന്നു അത്. പരിചയക്കാരോ സഹായികളോ ഇല്ലാതിരുന്ന അവിടെ അവർക്ക് ദൈവം മാത്രമായിരുന്നു ആശ്രയം. എങ്കിലും അനിശ്ചിതത്വങ്ങളുടെ ആ ദിനങ്ങളിലൂടെ അവർക്ക് പുതിയൊരു ദൗത്യത്തിന്റെ വഴി തുറന്നുകിട്ടി. ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്ക് ക്രിസ്തുവിന്റെ സുവിശേഷമാകുവാൻ കൂടുതൽ ജീസസ് യൂത്തുകളെ വളർത്തുക എന്നതായിരുന്നു ആ ദൗത്യം. സന്തോഷും ജൂലിയസും അവിടത്തെ സഭാധികാരികളുമായും വൈദികരുമായും മിഷനറികളുമായും ബന്ധമുണ്ടാക്കി. പലതവണ വീണ്ടും ഉഗാണ്ട സന്ദർശിച്ചു. യുവാക്കൾക്കായി വിവിധ പ്രോഗ്രാമുകളും സംഘടിപ്പിച്ചു.

വിവിധ രാജ്യങ്ങളിലായി സുവിശേഷ പ്രവർത്തനങ്ങൾവേണ്ടി ജീവിക്കുന്ന യുവാക്കളുടെ പ്രാർഥനയും പ്രവർത്തനവും ചേർത്തുവച്ചപ്പോൾ ലോകത്തിൽ വലുപ്പത്തിലെ രണ്ടാമത്തെ ഭൂഖണ്ഡമായ ആഫ്രിക്കയിലേയ്ക്കും ജീസസ് യൂത്തിന്റെ വേരുകൾ നീളുകയായി. തെക്കൻ സുഡാൻ, ആഫ്രിക്കയുടെ തെക്കു ഭാഗങ്ങൾ, ഉഗാണ്ട എന്നിവിടങ്ങളിലായി ആ വേരുകൾ വളർന്നു പന്തലിച്ചു.

ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ ആഫ്രിക്കൻ യുവത്വം തങ്ങളുടെ വിശ്വാസം പങ്കുവച്ചു. ജീസസ് യൂത്ത് ഇന്റർ നാഷനൽ ടീം ഈ വിശ്വാസ പ്രഘോഷണത്തിന് കൈത്താങ്ങായി J.Y U.A.E. ടീമിനെ ചുമതലപ്പെടുത്തിയിരുന്നു. അവരുടെ പിന്തുണയും യാത്രകളും മറ്റൊരു വഴിത്തിരിവായിരുന്നു.

കേരളത്തിൽനിന്നുള്ള രാജേഷ് മോസസും ഭാര്യയും നാലുകുഞ്ഞുങ്ങളുമടങ്ങുന്ന കുടുംബം ഉഗാണ്ടയിലെത്തിയതായിരുന്നു മറ്റൊരു പ്രധാന ചുവടുവയ്പ്. അഞ്ചുവർഷത്തെ മിഷനുവേണ്ടിയാണ് ഈ കുടുംബം എത്തിയിരിക്കുന്നത്. ബഹു. ബിഷപ് റോബോർട്ട് മുഹർവ്വായുടെ സഹായത്തോടെ ഇന്ന് ഇവിടെ നിരവധി ഇടവകകളിലും യൂണിവേഴ്സിറ്റികളിലും പ്രാർഥനാ കൂട്ടായ്മകൾ നടക്കുന്നു. പല യുവജന കേന്ദ്രങ്ങളിലായി നിരവധി പ്രോഗ്രാമുകളിലൂടെയും മിനിസ്ട്രി പ്രവർത്തനങ്ങളിലൂടെയും ആഫ്രിക്കൻ യുവാക്കൾ തങ്ങളുടെ വിശ്വാസം ആഘോഷിക്കുന്നു.

ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ച് തങ്ങളുടെ വിശ്വാസ ചൈതന്യത്തിന് സുവിശേഷ പ്രഘോഷണത്തിന്റെ നിറം നൽകി ആഫ്രിക്കൻ മണ്ണിന്റെ മക്കൾ നമ്മോടൊപ്പം കൈ പിടിക്കുമ്പോൾ ഇത് അഭിമാന മുഹൂർത്തമാണ്. ദൈവസ്നേഹത്തിന് ഭൂഖണ്ഡങ്ങളും വർണവും ഭാഷയുമൊന്നും അതിർവരമ്പുകളാകുന്നില്ലെന്ന് വീണ്ടും വീണ്ടും നമ്മിലൂടെ തെളിയിക്കപ്പെടുകയാണല്ലോ ■

# മിഷൻ ഏഷ്യ

ഏഷ്യയിലെ സഭ എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ മൂന്നാം സഹസ്രാബ്ദം ഏഷ്യയിലെ സഭയുടേതായി തീരുവാനായി വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പ തീക്ഷ്ണമായി പ്രാർഥിച്ചു. ലോകജനസംഖ്യയുടെ 60% ത്തിൽ അധികം വസിക്കുന്ന ഏഷ്യയിലെ വിവിധരാജ്യങ്ങളിൽ തുടങ്ങിയ മിഷനുകളിലൂടെ മാർപാപ്പയുടെ ആഹ്വാനത്തോട് ജീസസ്‌യൂത്ത് മുന്നേറ്റം സജീവമായി പ്രത്യുത്തരിച്ചുകൊണ്ടിരിക്കുന്നു.

## തുടങ്ങുവാനുള്ള ചങ്കൂറ്റം

മിക്ക രാജ്യങ്ങളിലും മിഷനു തുടക്കമിട്ടത് ദീർഘവീക്ഷണമുള്ള നേതാക്കന്മാരോ, ചെറുപ്പക്കാരായ ഫുൾടൈമേഴ്സോ ആണ്. 2007-ൽ പാക്കിസ്ഥാനിലും 2011-ൽ നേപ്പാളിലും ഇത്തരത്തിൽ ഒരു വർഷത്തെ കമ്മിറ്റ്മെന്റ് എടുത്ത ജീസസ് യൂത്ത് നേതാക്കന്മാർ വഴിയാണ് മിഷന് തുടക്കമായത്. കൂടുതൽ വെല്ലുവിളികൾ നേരിടേണ്ടിവന്ന മറ്റു ചിലരാജ്യങ്ങളിൽ ജീസസ് യൂത്തുകൾ അവിടുത്തെ ഭാഷ പഠിക്കുകയും തദ്ദേശിയരുമായി കൂടുതൽ ഇഴുകിച്ചേരുകയും ചെയ്തു. ഫ്നോം പെന്നിലെ ഡോൺ ബോസ്കോ ടെക്നിക്കൽ സ്കൂളിൽ സലേഷ്യൻ വൈദികരോടൊപ്പം ഉണ്ടായിരുന്ന ഫുൾടൈമറുടെ പ്രവർത്തനങ്ങൾ കംപോഡിയായിലെ മിഷന് വളരെ മുതൽക്കൂട്ടായിത്തീർന്നു. ശ്രീലങ്കയിൽ നിന്ന് ഫുൾടൈമറായ ആദ്യത്തെ വ്യക്തി വഴിയാണ് അവിടുത്തെ മിഷൻ ആരംഭിച്ചതും പടർന്നു പന്തലിച്ചതും. ഫുൾടൈമേഴ്സിന്റെ ഒരുവർഷത്തെ കമ്മിറ്റ്മെന്റ് പൂർത്തീകരിച്ചവർ (ഫോർ റണ്ണേഴ്സ്) പഠനത്തിനായി വന്നത് തായ്‌ലൻഡിലെ മുന്നേറ്റത്തിന് വലിയ മുതൽക്കൂട്ടായിത്തീർന്നു. ഈ മിഷനറിമാർക്കെല്ലാം അതാത് രാജ്യങ്ങളിലെ യുവജനങ്ങളോട് യേശുവിന്റെ സ്നേഹത്തെപ്പറ്റിയും, ജീസസ്‌യൂത്ത് ജീവിതശൈലിയെപ്പറ്റിയും പങ്കുവയ്ക്കുവാൻ സാധിച്ചു.



## ജീസസ്‌യൂത്ത് കുടിയേറ്റക്കാർ

ചില രാജ്യങ്ങളിൽ മിഷനുമായി കടന്നുചെന്നത് പഠനത്തിനും ജോലിക്കുമായി ഇന്ത്യയിൽനിന്നും കുടിയേറിയ ജീസസ്‌യൂത്തുകൾ ആണ്. തങ്ങളുടെ പഠനത്തിനും, ജോലിക്കും ഇടയിൽ തദ്ദേശീയരായ അനേകർക്ക് ജീസസ്‌യൂത്ത് ജീവിതശൈലി പരിചയപ്പെടുത്തുവാൻ അവർക്ക് സാധിച്ചു. കടന്നുചെല്ലുവാൻ ബുദ്ധിമുട്ടുള്ള ചിലരാജ്യങ്ങളിൽ അസാധാരണമായ ജോലികൾ ചെയ്തുകൊണ്ടുപോലും ജീസസ്‌യൂത്ത് മിഷനറികൾ കടന്നുചെന്നിട്ടുണ്ട്.

## ജീസസ്‌യൂത്ത് പ്രോഗ്രാമുകൾ

2007-ൽ കേരളത്തിൽവച്ചു നടന്ന സൗത്ത് -ഏഷ്യ കോൺഫറൻസിൽ പങ്കെടുത്ത 23 ബംഗ്ലദേശി യുവതീ-യുവാക്കൾ തങ്ങളുടെ രാജ്യത്തെ മുന്നേറ്റത്തിന് തുടക്കമിടാനുള്ള ഉറച്ച തീരുമാനത്തോടും ആവേശത്തോടും കൂടിയാണ് തിരിച്ചുപോയത്. ഈ ചെറുപ്പക്കാർ തുടർന്ന് കൾചറൽ എക്സ്ചേയ്ഞ്ച്, ജീസസ് യൂത്ത് ജൂബിലി, സൗത്ത് ഏഷ്യൻ ലീഡേഴ്സ് ട്രെയിനിങ് തുടങ്ങിയ പ്രോഗ്രാമുകളിലും പങ്കെടുത്തു.

## പാക്കിസ്ഥാൻ

2008-ൽ സെപ്റ്റംബറിൽ സെന്റ് ജൂഡ് ഇടവകയിൽ തുടങ്ങിയ പ്രാർഥനാകൂട്ടായ്മയോടുകൂടിയാണ് പാക്കിസ്ഥാനിലെ ജീസസ്‌യൂത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. കഴിഞ്ഞ കുറേക്കാലമായി വ്യത്യസ്തമായ പ്രോഗ്രാമുകൾ, ധ്യാനങ്ങൾ, മധ്യസ്ഥപ്രാർഥനാ കൂട്ടായ്മകൾ തുടങ്ങിയവ യുവജനങ്ങൾക്കായി നടത്തിവരുന്നു. മധ്യസ്ഥ പ്രാർഥന; സ്പോർട്സ്, മീഡിയ തുടങ്ങിയ മിനിസ്ട്രികളുടെ പ്രവർത്തനങ്ങൾ കറാച്ചിയിലും, ഹൈദരാബാദിലുമുള്ള പ്രാദേശികടീമുകൾ ആണ് നയിക്കുന്നത്. 2012 ഡിസംബറിൽ ആദ്യത്തെ നാഷനൽ ടീം നിലവിൽവന്നു.

## നേപ്പാൾ

ഇപ്പോൾ നേപ്പാളിൽ ഒരു ഫുൾടൈമർ ഉണ്ട്. ഒരു മാസത്തെ മിഷനായി കടന്നുചെല്ലുന്നവരും വലിയ സ്വാധീനമാണ് ജീസസ്‌യൂത്ത് ജീവിതശൈലി പങ്കുവയ്ക്കുന്നതിലൂടെ തദ്ദേശിയരുടെ ഇടയിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

## ബംഗ്ലദേശ്

2009 ഫെബ്രുവരിയിൽ തേജുഗാവ് പള്ളിയിൽവച്ച് 180 കോളേജ് വിദ്യാർഥികൾക്കായി

നടത്തിയ പ്രോഗ്രാമാണ് ബംഗ്ലദേശിലെ ആദ്യത്തെ ജീസസ്യൂത്ത് പ്രോഗ്രാം. ബിഷപ്പുമാരുടെയും വൈദികരുടെയും വലിയ പിന്തുണയോടുകൂടി ധാക്ക, രാജ്ഷാഹി, ബന്തർബൻ തുടങ്ങിയ ഇടങ്ങളിൽ ശക്തമായ സാന്നിധ്യം രൂപപ്പെട്ടുവരുന്നു.

## കംപോഡിയ

കഴിഞ്ഞ കുറേവർഷങ്ങളായി ഫുൾടൈമേഴ്സ് സൗത്ത് ഈസ്റ്റ് ഏഷ്യ ടീമിന്റെയും ഫോർ റണ്ണേഴ്സിന്റെയും മാർഗദർശനത്തിൽ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് സാവധാനം കംപോഡിയായിലെ സഭയുടെ അംഗീകാരം ലഭിച്ചുതുടങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസമാണ് കംപോഡിയായിലെ സുവിശേഷവത്ക്കരണത്തിൽ ഉപയോഗിക്കുന്ന പ്രധാനമാർഗം. ഫ്നോംപെന്നിലെ പ്രധാന ഇടവകകളിൽ വേദപാഠം പഠിപ്പിച്ചും; യുവജനങ്ങൾക്കായുള്ള പ്രാർഥനാകൂട്ടായ്മ നടത്തിയും ജീസസ്യൂത്ത് അവിടുത്തെ മിഷൻ തുടർന്നുകൊണ്ടിരിക്കുന്നു.

## തായ്‌ലൻഡ്

ബാങ്കോങ്ക്, രച്ചാബറി തുടങ്ങിയ മിഷൻസ്ഥലങ്ങളിൽനിന്നും ലഭിച്ച നല്ല തുടക്കങ്ങൾ മൂലം തായ്‌ലൻഡിന് ശക്തമായ ജീസസ്യൂത്ത് സാന്നിധ്യമുണ്ട്. ഇത് തെക്കുകിഴക്കൻ ഏഷ്യയിലെ പ്രവർത്തനങ്ങൾക്ക് വലിയ മുതൽക്കൂട്ടാണ്. ദൈവരാജ്യപ്രവർത്തനങ്ങളിൽ ഭാഗഭാക്കാവണമെന്ന് തീക്ഷ്ണമായ ആഗ്രഹമുള്ള ചെറുപ്പക്കാർ തായ്‌ലൻഡിലെ യൂണിവേഴ്സിറ്റികളിൽ പഠിച്ചുകൊണ്ട് തുടർന്നും മിനിസ്ട്രിക്ക് നേതൃത്വം നൽകുന്നു.

## കൂടുതൽ വെല്ലുവിളികൾ നിറഞ്ഞ മിഷൻ രാജ്യങ്ങൾ

സമാനമനസ്കരായ വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടുകൂടിയാണ് ഇത്തരം മേഖലകളിൽ മുന്നേറ്റം പ്രവർത്തിക്കുന്നത്. ഈ രാജ്യങ്ങളിലെ യുവജനങ്ങളുടെ വിശ്വാസരൂപീകരണത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്. ചില ക്യാംപസുകളിൽ പ്രാർഥനാകൂട്ടായ്മകൾ ആരംഭിക്കുവാനിടയായി. യുവനേതൃത്വത്തിന്റെ വിശ്വാസരൂപീകരണത്തിനും വിദ്യാഭ്യാസത്തിനുമായി ഇന്ത്യയിൽ പഠിപ്പിക്കുന്ന പദ്ധതി മുന്നേറ്റത്തിന്റെ വളരെ പ്രധാനപ്പെട്ട തുടക്കമാണ്. കത്തോലിക്കാവൈദികരുടെ അഭാവവും ദുർഘടമായ യാത്രാ സംവിധാനങ്ങളും ഈ രാജ്യങ്ങളിൽ നാം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനപ്പെട്ടതാണ്.

ദക്ഷിണേഷ്യയും ദക്ഷിണപശ്ചിമേഷ്യയും സംസ്കാരത്തിലും പാരമ്പര്യത്തിലും വികസനത്തിലും മുൻപന്തിയിലാണ്. പക്ഷേ, പല രാജ്യങ്ങളിലും ക്രൈസ്തവ ന്യൂനപക്ഷമാണ് എന്നത് മറക്കാൻ പാടില്ല. ഈ രാജ്യങ്ങളിലെ ഭാഷ പഠിച്ചെടുത്തതിനുശേഷമാണ് ജീസസ്യൂത്ത് നേതൃത്വവും ഫുൾടൈമേഴ്സും ഫലപ്രദമായ മിഷൻ പലപ്പോഴും ആരംഭിച്ചിട്ടുള്ളത്. സംസ്കാരത്തിന്റെയും ഭാഷയുടെയും അനന്യത കണക്കിലെടുത്തുകൊണ്ട് പ്രത്യേകം മിഷൻപദ്ധതികളാണ് ഓരോ രാജ്യത്തുമായി മുന്നേറ്റം ആവിഷ്കരിക്കുന്നത്. അറിയാത്ത സംസ്കാരം, കണ്ടിട്ടില്ലാത്ത നാട്, ഇന്നേവരെ കേട്ടിട്ടില്ലാത്ത ഭാഷ, ഇതെല്ലാം ഉള്ള ഒരിടത്തേയ്ക്ക് ഇറങ്ങിപുറപ്പെടണമെങ്കിൽ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ക്രിസ്തുവിനെ പ്രതി വിഡ്ഢി ആയി തീരേണ്ടിയിരിക്കുന്നു.

മുന്നേറ്റം അതിന്റെ വിളിയോടു വിശ്വസ്ഥത പുലർത്തിക്കൊണ്ട് എല്ലായിടത്തും, സഭയുടെ സേവനത്തിനായാണ് നിലകൊള്ളുന്നത്. മുന്നേറ്റത്തിലെ നേതൃത്വം മിക്ക മിഷൻ ഇടവകകളും സന്ദർശിക്കുകയും അവിടുത്തെ മിഷനറിമാരുടെയും വികാരി അച്ചന്മാരുടെയും പിന്തുണ നേടുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥലങ്ങളിലെ വൈദികരുടെയും സന്യാസിനുമാരുടെയും അകമഴിഞ്ഞ പിന്തുണ ഇവിടങ്ങളിലെല്ലാം വേരുറപ്പിക്കുന്നതിന് മുന്നേറ്റത്തെ സഹായിച്ചിട്ടുണ്ട്.

പരിശുദ്ധാത്മാവിന്റെ ശക്തമായ സാന്നിധ്യവും വഴിനടത്തലും തങ്ങളുടെ മിഷനറി പ്രതിബദ്ധതയോടു കൂറുപുലർത്തുവാനും തങ്ങളുടെ വിളിയിൽ ഉറച്ചുനിൽക്കുവാനും ജീസസ്യൂത്ത് മിഷനറിമാരെ പ്രാപ്തരാക്കുന്നു. ഇതിൽ മിക്കരാജ്യങ്ങളിലും സഭാനേതൃത്വത്തിനും യുവജനനേതൃത്വത്തിനും പതിവായി പരിശീലനപരിപാടികൾ നടത്തിവരുന്നുണ്ട്. ഇന്ത്യ, സിംഗപ്പൂർ തുടങ്ങിയ അയൽരാജ്യങ്ങളിൽ നിന്നുള്ള ജീസസ്യൂത്തുകളുടെ സാന്നിധ്യം ഈ മേഖലകളിൽ മുന്നേറ്റത്തിന്റെ വളർച്ചയ്ക്ക് പിന്നിലെ പ്രധാന ഘടകമാണ്.

അപകടങ്ങളും ജീവനുനേർക്കുള്ള ഭീഷണിയും വകവയ്ക്കാതെ ദൈവരാജ്യത്തിന്റെ സുവിശേഷം ഈ രാജ്യങ്ങളിൽ പ്രഘോഷിക്കുകയും രക്തസാക്ഷികളായി തീരുകപോലും ചെയ്ത മഹാന്മാരായ മിഷനറിമാരുടെ ഓർമ ഈ സ്ഥലങ്ങളിൽ പ്രവർത്തിക്കുമ്പോൾ നാമോരോരുത്തർക്കും വലിയൊരു പ്രചോദനമാണ്. ഈ ദേശങ്ങളിൽനിന്നുള്ള അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ വിശുദ്ധരുടെ പ്രാർഥനകളും അദൃശ്യസാന്നിധ്യവും നമ്മോടൊപ്പം ഉണ്ട് എന്നത് തീർച്ച ■



# മിഷൻ ഹെയ്തി

ഹിസ്പാനിയോള ദ്വീപിൽ ഡൊമിനിക്കൻ റിപ്പബ്ളിക്കിനു സമീപമുള്ള ഒരു കൊച്ചു കരീബിയൻരാജ്യമാണ് ഹെയ്തി. നീലക്കടലും പളുങ്കുമണലും ഭീമാകാരൻമാരായ പനകളുമൊന്നും ഈ രാജ്യത്തിന്റെ വേദന നിറഞ്ഞ ഇന്നലെകളെയോ സങ്കീർണമായ ഇന്നുകളെയോ മറയ്ക്കുന്നില്ല. യൂറോപ്യൻ, ആഫ്രിക്കൻ സംസ്കാരങ്ങളുടെ ഒരു സങ്കരമാണിവിടെ. ഹെയ്തിയിലെ ഭാഷയായ ക്രിയോൾ ഇതിന് നല്ലൊരുദാഹരണമാണ്. കാരണം ഫ്രഞ്ച്, സ്പാനിഷ്, നിരവധി ആഫ്രിക്കൻ ഭാഷകൾ എന്നിവയിൽനിന്നുള്ള ഒട്ടേറെ വാക്കുകൾ ഈ ഭാഷയിലുള്ളതായി കാണാം. 2010ലെ ഭൂകമ്പം ഈ രാജ്യത്തുണ്ടാക്കിയ നാശനഷ്ടം ഇന്നും വാക്കുകളാൽ വിവരിക്കാനാകില്ല. അറ്റ്ലാന്റിക്കിനപ്പുറത്തെ ഏറ്റവും ദരിദ്രരാജ്യമായ ഹെയ്തിയിൽ നാലിൽ ഒന്നു കുഞ്ഞുങ്ങൾ പോഷകാഹാരക്കുറവുമൂലം കഷ്ടപ്പെടുന്നു. മുതിർന്നവരിൽ നാലിലൊന്ന് 40 വയസ്സ് തികയ്ക്കാറില്ല.

ക്രിസ്തുവിന്റെ സമ്പന്നത വേദനിക്കുന്ന ആത്മാക്കളുമായി പങ്കുവയ്ക്കുവാൻ അമേരിക്കയിലെ ജീസസ് യൂത്തുകളെ അവിടുത്തെ സ്നേഹം നിർബന്ധിച്ചു. (2 കൊറി.5:14). അങ്ങനെ 2011 മാർച്ചിലാണ് കത്തോലിക്കാസഭയുടെ ചിറകിൻ കീഴിൽ ജീസസ് യൂത്തിന്റെ ഹെയ്തി മിഷൻ ആരംഭിക്കുന്നത്. ലോകമെമ്പാടും കുടിയേറ്റക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന സ്കാലബ്രിനിയൻ വൈദികരോടൊപ്പമാണ് നാമവിടെ പ്രവർത്തിക്കുന്നത്. സ്കാലബ്രിനിയൻ സുപ്പീരിയർ ജനറലും ക്യാംപ് കൊറൈയിലിലെ സെന്റ് തോമസ് മിഷൻ ചർച്ചിന്റെ സ്ഥാപക വൈദികനുമായ ഫാ. ഐസായ ബിറാളോ കഴിഞ്ഞ മൂന്നുപതിറ്റായി ഹെയ്തിയിൽ ജീവിച്ച് രണ്ടുസെമിനാരികളും ക്ളിനിക്കും സ്കൂളും നിർമിക്കുകയും ഒട്ടേറെ സന്യസ്തരെയും മിഷ



നറിമാരെയും രൂപപ്പെടുത്തുകയും ചെയ്ത ഫാ. ജോസഫ് സുറാന്റ് എന്നിവരുമായാണ് മുന്നേറ്റം പ്രധാനമായും കൈ കോർക്കുന്നത്. വളർന്നുവരുന്ന ഈ ബന്ധം ഹെയ്തിയിൽ ജീസസ് യൂത്തിന്റെ വളർച്ചയിൽ വളരെ സഹായകരമാണ്.

മിഷിനറീസ് ഓഫ് ചാരിറ്റീസിനൊപ്പവും ബ്രസീലിൽനിന്നുള്ള ബെലെ മിഷനറിമാരോടൊപ്പവും പ്രാർഥിക്കുവാനും ചിലവസരങ്ങളിൽ പ്രവർത്തിക്കുവാനുമുള്ള സൗഭാഗ്യം മുന്നേറ്റത്തിനു ലഭിക്കാറുണ്ട്. ഈ രണ്ടു സന്യാസ സഭകളും ഏറ്റവും ദരിദ്രരായവരവരുടെ മാന്യത വീണ്ടെടുക്കാൻ സഹായിച്ചുകൊണ്ടുചെയ്യുന്ന കാര്യങ്ങൾ നമുക്ക് എന്നും പ്രചോദനകരമാണ്. ജീസസ് യൂത്ത് ഫുൾടൈമേഴ്സായ സിമി സാഹുവിന്റെയും അഞ്ജു ഏബ്രഹാമിന്റെയും സാന്നിധ്യം ഈ ബന്ധങ്ങൾ നിലനിർത്തുന്നതിനും വളർത്തുന്നതിനും ഏറെ സഹായിച്ചു.

ക്യാംപ് കൊറെയിലിലെ അഭയാർഥികളായ കുട്ടികൾക്കായി ഒരു ക്യാംപ് അവിടത്തെ മിഷനറിമാരുടെ വലിയ സ്വപ്നമായിരുന്നു. 2012 ജൂലൈയിൽ ഒരുമാസത്തെ മിഷനെത്തിയ ജീസസ് യൂത്തുകൾ സംഘടിപ്പിച്ച പ്രോഗ്രാം ഈ കാത്തിരിപ്പിന് ദൈവം നൽകിയ ഉത്തരമായിരുന്നു. പാട്ടും കളികളും വചനപഠനവുമെല്ലാമായി അതൊരു ഹൃദ്യമായ അനുഭവമായി. ഇതിലൂടെ സഭ അവിടത്തെ കുടുംബങ്ങളുടെ ഉന്നതിക്കുവേണ്ടി ചെയ്യുന്ന ശുശ്രൂഷകളിൽ ഭാഗഭാക്കാകുവാനും മുന്നേറ്റത്തിനു സാധിച്ചു.

2012 മേയിലെ പെന്തക്കുസ്താ ആചരണത്തിനായി ഫാ. ഐസായ ജീസസ് യൂത്തിനെ തന്റെ ഇടവകയിലേക്ക് ക്ഷണിച്ചു. കുടുംബങ്ങളും യുവമിഷനറിമാരും പ്രാർഥനയോടും ഉപവാസത്തോടും വീടുകൾ കയറി ഇറങ്ങുകയും പെന്തക്കുസ്താ ആചരണത്തിലേക്ക് ഇടവക ജനങ്ങളെ ക്ഷണിക്കുകയും ചെയ്തു. അവിടുത്ത ക്ളാസ്സുകളും ദിവ്യബലി അർപ്പണവും ദിവ്യകാരുണ്യ ആരാധനയുമെല്ലാം ഇടവകാംഗങ്ങൾക്കെന്നപോലെ അവിടെയെത്തിയ ജീസസ് യൂത്തുകൾക്കും വലിയൊരനുഭവമായി. ദമ്പതികളിൽ രണ്ടുശതമാനം മാത്രം വിവാഹം എന്ന കൂദാശ സ്വീകരിക്കുന്ന ഈ രാജ്യത്ത് എപ്രകാരം കുടുംബങ്ങളിലും ഇടവകകളിലും പ്രവർത്തിക്കാനാകും എന്നതിനെക്കുറിച്ച് ഒരുപാട് ദർശനങ്ങൾ നമുക്ക് ഇതുവഴി ലഭിച്ചു.

## യുവജന കേന്ദ്രീകൃതമായ മിഷൻ

കൊളംബിയൻ മിഷനറിയായ ഫാ. യാമിൻ ഗാൽവിസ് തന്റെ ഇടവകയിലെ ആദ്യധ്യാനം നയിക്കുവാൻ ജീസസ് യൂത്തിനോടാണ് ആവശ്യപ്പെട്ടത്. വ്യക്തിപരമായ പങ്കുവയ്ക്കലുകളും വചനപഠനനവും ക്ളാസ്സുകളും ഉൾപ്പെടെയുള്ള ധ്യാനം ആ ഇടവകക്കാർക്ക് പുതൊയൊരു തുടക്കമായിരുന്നു. ഒറ്റപ്പെട്ട ഒരുപ്രോഗ്രാമിനപ്പുറത്തേക്ക് യുവജനങ്ങൾക്ക് വിശ്വാസത്തിന്റെയും വ്യക്തിത്വത്തിന്റെയും രൂപീകരണത്തിനുള്ള ഒരു വലിയ പദ്ധതിയുടെ ഭാഗമായിരുന്നു ഈ ധ്യാനം.

തങ്ങളുടെ വിശ്വാസം കൂടുതൽ അറിയുവാനും പങ്കുവയ്ക്കുവാനും ആഗ്രഹമുള്ള, വലിയൊരു ആത്മീയ ഐക്യമുള്ള ഒരുകൂട്ടം യുവജനങ്ങൾ ഇന്ന് ആ ഇടവകയിലുണ്ട്. അവർ കഴിഞ്ഞ മാസങ്ങളിൽ വ്യത്യസ്ത സമൂഹങ്ങളിലേക്ക് നടത്തിയ മിഷൻ യാത്രകൾ, ജപമാല വാരം, 'ടിമോൺ മിസിയോൺ' എന്ന കുട്ടികൾക്കുവേണ്ടിയുള്ള പ്രോഗ്രാം തുടങ്ങിയവ അവരുടെ ഇടവകയുടെ ആത്മീയ വളർച്ചയെ ഏറെ സഹായിച്ചു.

## മുന്നോട്ടുനോക്കുമ്പോൾ

തങ്ങളുടെ പ്രവർത്തന മണ്ഡലങ്ങളിലെ പ്രാവീണ്യം ഹെയ്തിയിലെ ജനങ്ങൾക്ക് ക്രിസ്തുവിനെ കണ്ടുമുട്ടുവാൻ സഹായകമാകുന്ന വിധത്തിൽ എപ്രകാരം ഉപയോഗിക്കാം എന്നതിനെക്കുറിച്ച് അമേരിക്കയിലെ ജീസസ് യൂത്ത് ആത്മാർഥമായി ചിന്തിക്കുകയും ദൈവവിളിയോട് പ്രത്യുത്തരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഡോക്ടർമാരും നഴ്സുമാരും അടങ്ങുന്ന ഒരു മെഡിക്കൽ മിഷന്റെ സാധ്യത നാം ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു ജീസസ് യൂത്ത് എൻജിനീയർ വലിയൊരു ബയോഗ്യാസ് പ്ളാന്റ് സ്ഥാപിച്ച് കുറേപ്പേരെയെങ്കിലും ഊർജ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കണമെന്ന ആഗ്രഹത്തോടെ ഹെയ്തിയിൽ താമസിച്ചുവരുന്നു. പുതിയൊരു സ്ഥലത്ത് ഔട്ട് റീച്ച് ചൈൽഡ് സപ്പോർട്ട് വഴി 20 കുട്ടികളെ പഠിപ്പിച്ചുകൊണ്ട് മറ്റൊരുമിഷൻ കൂടി ആരംഭിക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു.

ജീസസ് യൂത്തിനെ സംബന്ധിച്ച് ഒരു പുതിയ മിഷൻ സ്ഥലമാണ് ഹെയ്തി. ശക്തമായ പ്രാർഥനാ പിന്തുണയും പരിശുദ്ധാത്മാവിനോടുള്ള തുറവിയും ബോധപൂർവവും പ്രതിബദ്ധയുള്ളതുമായ പരിശ്രമങ്ങളും ഇത് നമ്മിൽനിന്ന് ആവശ്യപ്പെടുന്നു. ഹെയ്തി എന്ന രാജ്യത്തിനുവേണ്ടിയും അവിടുത്തെ ജനങ്ങൾക്കുവേണ്ടിയും അവിടെ ശുശ്രൂഷ ചെയ്യുന്ന ഓരോ മിഷനറിമാർക്കുവേണ്ടിയും നമുക്ക് പ്രാർഥിക്കാം ■

ഒക്ടോബർ–2

# കെയ്റോസ്

## അഭിമാനിക്കുന്നു, ജീസസ് യൂത്തിന്റെ കരുത്തിൽ

2013 സെപ്റ്റംബർ 13–16 തിയ്യതികളിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് നികേതൻ സ്കൂളിൽ വച്ചു നടന്ന ഫെയ്ത്ത് കോൺഫ്രൻസ് കെയ്റോസിനെ സംബന്ധിച്ചിടത്തോളം സുവർണലിപികളിൽ രേഖപ്പെടുത്തേണ്ട ഒന്നാണ്. കാരണം, കെയ്റോസിനുവേണ്ടി ആയിരത്തി മൂന്നൂറോളം ജീസസ് യൂത്ത് ആത്മാർഥമായി പ്രവർത്തിക്കാമെന്ന് ഉറപ്പു നൽകിയത് ഇവിടെ വച്ചായിരുന്നു. കെയ്റോസിന്റെ അഞ്ച് ത്രിവത്സര വരിക്കാരെ കണ്ടെത്തുക എന്നതായിരുന്നു അവരുടെ ദൗത്യം. തുടർന്നു വന്ന രണ്ടാഴ്ചകൊണ്ട് തങ്ങൾക്കാവുന്നത്ര വരിക്കാരെ കണ്ടെത്താൻ അശ്രാന്ത പരിശ്രമം അവർ നടത്തി. വരിക്കാരുടെ വിലാസവും വരിസംഖ്യയും സ്വീകരിക്കാൻ വേണ്ടി അവരുടെ വീടുകളിലേക്ക് സമ്മാനവുമായി കെയ്റോസ് നിരവധി പേരെ കേരളത്തിലങ്ങോളമിങ്ങോളം നിയോഗിച്ചിരുന്നു.

ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജീസസ് യൂത്തിനെ സംബന്ധിച്ചിടത്തോളം ഗുണപരമായ മാറ്റമുണ്ടാക്കിയെന്നാണ് വിവിധയിടങ്ങളിൽ നിന്നും കിട്ടുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

എറണാകുളത്തുനിന്നും ഷാജി ലൂയീസ് പറയുന്നു: 'തൃശൂർ മേഖലയിലായിരുന്നു ഞാൻ പോയിരുന്നത്. ഞങ്ങളുടെ വരവു പ്രതീക്ഷിച്ച് പലവീടുകളിലും അവർ കാത്തിരുന്നു. ഞങ്ങൾ സമ്മാനം നൽകി. അവർക്കുവേണ്ടി പ്രാർഥിച്ചു. അവരുടെ വിശേഷങ്ങൾ ആരാഞ്ഞു.തങ്ങളുടെ കുട്ടികൾ ഇത്രയും നല്ല ഒരു സമൂഹത്തിലാണല്ലോ എത്തിപ്പെട്ടതെന്നോർത്ത് പല മാതാപിതാക്കളും അഭിമാനിക്കുന്നതു കാണാൻ ഞങ്ങൾക്കു കഴിഞ്ഞു. കെയ്റോസിനു വരിക്കാരെ കണ്ടെത്താൻ മിക്കവരും ആത്മാർഥമായി പരിശ്രമിച്ചിരുന്നു.'

കോഴിക്കോട്ടു നിന്നും ബ്ലെസി ചെറിയാനു പറയാനുണ്ടായിരുന്നത് മറ്റൊന്നായിരുന്നു: 'ഫെയ്ത്ത് കോൺഫ്രൻസിൽ പങ്കെടുത്ത കുട്ടികളെ ഫോളോ അപ് ചെയ്യാൻ നല്ല അവസരമായിരുന്നു ഇത്. വരിക്കാരെ കണ്ടെത്താൻ പറ്റിയോ? ഒക്ടോബർ രണ്ടിന് സോണൽ കൂട്ടായ്മയ്ക്ക് വരുകയില്ലേ? വീട്ടിലേയ്ക്ക് വരണമോ? എന്നു തുടങ്ങി നിരന്തരമായി ഓരോരുത്തരെയും ഫോൺ ചെയ്തത് അവരുമായി നല്ലൊരു ബന്ധമുണ്ടാക്കാനിടയായി. മാത്രമല്ല, കുട്ടികൾ ആത്മാർഥമായി കെയ്റോസിനുവേണ്ടി അധ്വാനിക്കുകയും ചെയ്തു.'

'കെയ്റോസിനുവേണ്ടിഒരുദിവസംമുഴുവനും മാറ്റിവയ്ക്കാൻ കഴിഞ്ഞതിൽ മുതിർന്ന ജീസസ് യൂത്തായ ഇ.എക്സ്. ജെയിംസിന് വലിയ സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, 'കെയ്റോസിന്റെ ഓഫീസിൽ നിന്നും തങ്ങളെ കാണാൻ വരുന്നു എന്നതു തന്നെ പലർക്കും ആഹ്ലാദകരമായ അനുഭവമായിരുന്നു. ഇടയ്ക്കിടെ ഇങ്ങനെ വ്യക്തികളിലേയ്ക്ക് ഇറങ്ങിച്ചെല്ലണം. ഈ മാസിക പ്രചരിപ്പിക്കുന്നതിൽ യുവജനങ്ങൾക്ക് ആവേശമാണ്. ജനങ്ങളുടെ പ്രതികരണം കെയ്റോസിനെ കൂടുതൽ സ്നേഹിക്കാൻ എനിക്കു കാരണമായി.'

ഒക്ടോബർ രണ്ടിലെ ഭവനസന്ദർശനത്തെ ആത്മീയമായ ഒരാഘോഷമായിട്ടാണ് പ്രമുഖ ഗ്രാഫിക് ഡിസൈനറും ജീസസ് യൂത്തുമായ ഷാജി ജോസഫ് പോണേക്കര കരുതുന്നത്. 'സുവിശേഷ ദൂതുമായിട്ടുള്ള ഒരു യാത്രയായിട്ടാണ് എനിക്കിതിനെ കാണാൻ കഴിഞ്ഞത്. ഞങ്ങൾ സമ്മാനം നൽകിയതും വരിസംഖ്യ സ്വീകരിച്ചതും അവർക്കുവേണ്ടി പ്രാർഥിച്ചതും ഒക്കെ പലർക്കും പുത്തൻ അനുഭവങ്ങളായിരുന്നു. തങ്ങളുടെ മക്കൾ എത്തിപ്പെട്ടത് ഒരു സുരക്ഷിത സങ്കേതത്തിലാണല്ലോയെന്ന് പല മാതാപിതാക്കളും മനസ്സുതുറന്നു പങ്കുവയ്ക്കുകയും ചെയ്തു. വാസ്തവത്തിൽ കെയ്റോസ് വരിക്കാരെ കണ്ടെത്തുന്നതിനു വേണ്ടി കുട്ടികൾ നിരവധി ഭവനങ്ങൾ കയറി

യിറങ്ങിയതും അവരുടെ ഭവനത്തിലേക്കുള്ള ഞങ്ങളുടെ യാത്രയുമൊക്കെ ഹൃദ്യമായ ഒരനുഭവമായി മാറി.'

ഇടയ്ക്കിടെ ഇത്തരം ഔട്ട്റീച്ച് നടത്തുന്നത് ജീസസ് യൂത്തിന് തമ്മിലുള്ള ബന്ധം വളർത്താൻ സഹായിക്കുമെന്നാണ് എറണാകുളം സോണിലെ ഡൊമിനിക്കിന്റെ അഭിപ്രായം. 'കെയ്റോസിനെ സംബന്ധിച്ചു പറഞ്ഞാൽ ജനങ്ങൾ സ്വീകരിക്കാൻ തയ്യാറാണ്. അവരുടെ അടുക്കലേക്ക് എത്തിക്കാനുള്ള സംവിധാനം ഈ വിധത്തിലാണ് വളരേണ്ടത്. ആറു മാസത്തിലൊരിക്കലെങ്കിലും ഇത്തരം പരിപാടികൾ ആസൂത്രണം ചെയ്യണം.'

'തങ്ങളുടെ മക്കൾ ഇതു വായിക്കണമെന്ന് പല മാതാപിതാക്കൾക്കും താത്പര്യമുണ്ട്. മക്കൾ ജീസസ് യൂത്തിൽ പ്രവർത്തിക്കണമെന്ന് അവർ അതിയായി ആഗ്രഹിക്കുന്നു. പ്രാർഥനയ്ക്കു പ്രാധാന്യം കൊടുക്കുന്ന ഒരു യുവസമൂഹത്തിൽ തങ്ങളുടെ കുട്ടികൾ എത്തിപ്പെടുന്നതിൽ അവർ അഭിമാനിക്കുന്നു.' എറണാകുളം സോണിലെ സാജനും തൃശൂരിലെ മനോജ് പോളിനും കാസർഗോട്ടെ വിജോയ്ക്കും തലശ്ശേരിയിലെ പ്രിൻസിനുമൊക്കെ പറയാനുള്ളത് ഇതൊക്കെത്തന്നെയാണ്. ഇരുപത്തിയേഴ് പുതിയ വരിക്കാരെവീതം കണ്ടെത്തിയ കെയ്റോസ് മുൻ ചീഫ് എഡിറ്റർ റെന്നി ഞാറക്കുളവും, തലശ്ശേരിയിലെ രാരിച്ചനും പ്രത്യേകം അഭിനന്ദനമർഹിക്കുന്നു.

ഏതാണ്ട് മൂവായിരത്തോളം വരിക്കാരെ നേടാൻ കഴിഞ്ഞു എന്നതുമാത്രമല്ല ഈ പരിപാടിയുടെ നേട്ടം. സോണുകളിൽ ജീസസ് യൂത്ത് സജീവമാകാനും മറ്റ് അനേകം വ്യക്തികളിലേയ്ക്ക് ഇതിന്റെ സന്ദേശമെത്തിക്കാനും കഴിഞ്ഞു. തങ്ങളുടെ മക്കൾ ചെന്നെത്തിയത് സുരക്ഷിതകരങ്ങളിലാണെന്ന ബോധ്യം നിരവധി മാതാപിതാക്കൾക്കു ലഭിക്കുകയും ചെയ്തു.

കെ.വൈ.സി.ടി കോ-ഓർഡിനേറ്റർ സിൻജോയ്ക്കും എല്ലാ കെ.വൈ.സി.ടി അംഗങ്ങൾക്കും സോണൽ കോ-ഓർഡിനേറ്റേഴ്സിനും ഈ പരിപാടിയുമായി സഹകരിച്ച എല്ലാ ജീസസ് യൂത്തിനും നന്ദിയുടെ നറുമലരുകൾ നേരുന്നു.

*-കെയ്റോസ് ടീം*

---


## ഞാൻ കണ്ട അമേരിക്ക
## വിജയത്തിന്റെ അമേരിക്കൻ അനുഭവങ്ങൾ.




**കാഴ്ചകൾക്കുമപ്പുറം ജീവിതവിജയത്തിന്റെ അമേരിക്കൻ അനുഭവകഥകൾ പങ്കുവയ്ക്കുന്ന പ്രചോദനാത്മക യാത്രാവിവരണ ഗ്രന്ഥമാണ് രാജ്യാന്തര പ്രചോദനാത്മക പ്രഭാഷകനും സൈക്കോളജിസ്റ്റുമായ സെബിൻ എസ്. കൊട്ടാരം രചിച്ച ഞാൻ കണ്ട അമേരിക്ക - വിജയത്തിന്റെ അമേരിക്കൻ അനുഭവങ്ങൾ എന്ന ഗ്രന്ഥം. അമേരിക്കയുടെ വൈവിധ്യമാർന്ന നഗര, ഗ്രാമക്കാഴ്ചകളും സാങ്കേതിക നേട്ടങ്ങളും രുചിഭേദങ്ങളും വിദ്യാഭ്യാസ, ആരോഗ്യ, മാധ്യമ, ഷോപ്പിങ് രംഗത്തെ അത്യാധുനിക മാറ്റങ്ങളും സംസ്കാരവുമെല്ലാം ഇന്ത്യൻ പ്രസിഡന്റിന്റെ അവാർഡു ജേതാവു കൂടിയായ സെബിൻ എസ്. കൊട്ടാരം രചിച്ച ഈ പുസ്തകം അനാവരണം ചെയ്യുന്നു.**

വിതരണം: ഡോൾഫിൻ ബുക്ക്സ് ഇന്ത്യ, വില ₹125. ഫോൺ – 9447874887



## അനുഭവങ്ങൾ നുണപറയുകയില്ല.
## ഇതിനേക്കാൾ മനസ്സിലാക്കാൻ കഴിയുന്ന
## അനുഭവങ്ങളുമില്ല.

**'കൗമാരത്തിന്റെ കാണാപ്പുറങ്ങൾ', 'എന്റെ രാജകുമാരി പറന്നുപോയി' എന്നീ പുസ്തകങ്ങൾക്കു ശേഷം സണ്ണി കോക്കാപ്പിള്ളിൽ എഴുതിയ ഏറ്റവും പുതിയ ഗ്രന്ഥം - 'അമ്മ അന്ന് അങ്ങനെ പറഞ്ഞിരുന്നു'**

വിതരണം: കെയ്റോസ് പബ്ലിക്കേഷൻസ്, എച്ച്.എം.ടി. കോളനി പി.ഒ., എറണാകുളം: 683 503. ഫോൺ: 04842558825, 9446890744. E-mail: sunnykokkappillil@gmail.com



കൂടിക്കാഴ്ച

അലന്റ് സി. മാനുവൽ

# എന്നും എവിടെയും ജീസസ് യൂത്ത് മിഷനറിയാണ്

ശിഷ്യത്വം ആരംഭിക്കുന്നത് മുട്ടിൻമേൽ നിന്നുള്ള പ്രാർഥനയിലാണ്– ആരംഭകാലം മുതലേ ജീസസ് യൂത്ത് വേദികളിൽ മുഴങ്ങുന്ന ഒരുവാചകമാണിത്. ആദ്യകാല നേതാക്കൾ ചെയ്തുതുടങ്ങിയതും ഇന്നുവരെയുള്ള പുതുതലമുറക്കാർ കണ്ടുപഠിച്ചതുമായ മിഷൻ ജീവിത ശൈലിയുടെ ആദ്യപാഠവും ആദ്യപരിശീലനവും ഇതുതന്നെ. ചെറിയ കൂട്ടായ്മകളിലെ തുടക്കങ്ങളിൽ നിന്ന് അതിർത്തികൾ കടന്നുള്ള സുവിശേഷ ദൗത്യങ്ങളിലേക്ക് മുന്നേറ്റത്തെ നയിച്ചതും ഈ തീക്ഷ്ണതയാണ്.

തികച്ചും സാധാരണക്കാരായ യുവജനങ്ങൾ വലിയൊരു മിഷൻ കൂട്ടായ്മയായി മാറി സഭയിലും സമൂഹത്തിലും തങ്ങളുടെ വിളി കൃത്യമായി തിരിച്ചറിഞ്ഞ് മുന്നേറിയ ചരിത്രമാണ് ജീസസ് യൂത്തിന്റേത്. പുതിയ കാലത്തിന്റെ വെല്ലുവിളികൾക്കുമുന്നിൽ ക്രിസ്തുസ്നേഹത്തിന്റെ പുതിയ മാതൃകകളുമായി മുന്നേറ്റം ദൗത്യം തുടരുന്നു. ജീസസ് യൂത്തിന്റെ വിവിധ തലങ്ങളിലെ മിഷൻ സംരംഭങ്ങളെ ഏകോപിപ്പിക്കാൻ 2011–ലാണ് ജീസസ് യൂത്ത് ഇന്റർനാഷനൽ മിഷൻ ഡെസ്ക് പ്രവർത്തനമാരംഭിക്കുന്നത്. യുവജനങ്ങൾക്കിടയിലെ സുവിശേഷ പ്രവർത്തനങ്ങളെക്കുറിച്ചും മുന്നേറ്റത്തിന്റെ പുതിയ ചുവടുവയ്പുകളെക്കുറിച്ചും മിഷൻ ഡെസ്ക് ഡയറക്ടറായ കട്ടപ്പന സ്വദേശി സിൽജോ തോമസ് കെയ്റോസിനോട് പങ്കുവയ്ക്കുന്നു.

**എല്ലാ ജീസസ്‌യൂത്തും ഒരു മിഷനറി ആണെന്ന ആശയത്തെക്കുറിച്ച് ഒന്നു പങ്കുവയ്ക്കാമോ?**

ജൂബിലി കോൺഫറൻസ് അവസാനിച്ചപ്പോൾ ഇരുപതിനായിരംപേർ ഹൃദയത്തിൽ ഏറ്റുവാങ്ങിയ വാചകമാണിത്. ഈ വാക്കിന് വലിയ അർഥമുണ്ട്. ഒരു മിഷനറിയാണ് എന്ന ബോധ്യം വന്ന വ്യക്തി ജീസസ് യൂത്ത് ആണെന്ന് പറയുമ്പോൾ താനെത്രമാത്രം പ്രതിബദ്ധതയുള്ള ഒരു മിഷനറിയാണെന്ന് ചിന്തിക്കുകകൂടി വേണം. സഭ അതിൽത്തന്നെ ഒരു മിഷനറിയാണ്. അവിടെ സുവിശേഷപ്രഘോഷണം പ്രത്യേകമാം വിധം ഒരു വിളിയായി സ്വീകരിച്ചവരാണ് ജീസസ്‌യൂത്ത്. ജീസസ്‌യൂത്ത് മിഷനറിയാണ് എന്ന വാക്യം പല രാജ്യങ്ങളിലും ഉള്ള മിഷനറി പ്രവർത്തനങ്ങൾക്ക് നിദാനമായിട്ടുണ്ട് എന്നത് വലിയ പ്രത്യാശയ്ക്ക് വക നൽകുന്നു.

**എങ്ങനെയാണ് യുവജനങ്ങൾക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ ക്രിസ്തുവിനെ അവതരിപ്പിക്കാൻ കഴിയുന്നത്? അതിൽ ജീസസ്‌യൂത്തിന്റെ വ്യത്യസ്തമായ വിളി എങ്ങനെയാണ്?**

ജീസസ്‌യൂത്ത് പ്രോഗ്രാമുകൾ ഇക്കാലമത്രയും യുവജനങ്ങളുടെ ഇടയിൽ സ്വീകാര്യമായത് അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ ക്രിസ്തുവിനെ അവതരിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടാണ്. അനുദിനം മാറിക്കൊണ്ടിരിക്കുന്നതാണ് യുവജനങ്ങളുടെ ലോകം. അവിടെ അവർക്ക് അവരുടേതായ വേഗവും ദിശയുമുണ്ട്. സംഗീതവും നൃത്തവും നവമാധ്യമങ്ങളും സാങ്കേതികവിദ്യയുമെല്ലാം ചേർന്ന് അവരുടെ ജീവിതം വളരെ നിറമുള്ളതായിരിക്കുന്നു. അതുകൊണ്ട് അവരോട് ക്രിസ്തുവിനെക്കുറിച്ച് പറയുമ്പോൾ ഇതിന്റെ സാധ്യതകളെല്ലാം ഉപയോഗിക്കണം. ജീസസ്‌യൂത്ത് എന്നും അങ്ങനെയായി

രുന്നു. നമ്മുടെ റെക്സ് ബാൻഡും, ഓഡിയോ വിഷ്വൽ മിനിസിട്രികളും ഇന്ത്യയിലെതന്നെ ആദ്യകാല കത്തോലിക്കാ വെബ്സൈറ്റും സജീവമായ ഫെയ്സ്ബുക്ക് കൂട്ടായ്മകളും ഇതിന്റെ ഉദാഹരണങ്ങളാണ്. അതോടൊപ്പം ക്രിസ്തുവുമായുള്ള ഫ്രണ്ട്ഷിപ്പിന്റെ മനോഹാരിത സ്വന്തം ജീവിതത്തിലൂടെ കാണിച്ചുകൊടുക്കുകയും ചെയ്തു. ഈ ജീവിതശൈലിയാണ് ചെറുപ്പക്കാരെ ക്രിസ്തുവിലേക്ക് ഏറ്റവും ആകർഷിക്കുന്നത്.

### യുവജനങ്ങളെ ലക്ഷ്യം വയ്ക്കുന്ന സുവിശേഷവത്ക്കരണത്തിന്റെ വെല്ലുവിളികൾ എന്തൊക്കെയാണ്?

ഇന്ന് ഉപഭോഗസംസ്കാരത്തിന്റെ സ്വാധീനത്തിൽപെട്ട ചെറുപ്പക്കാർ തങ്ങളുടെ മൂല്യം കണക്കാക്കുന്നത് "എനിക്കെന്തെല്ലാം സമ്പാദിക്കാൻ കഴിഞ്ഞു" എന്നതിനെ ആശ്രയിച്ചാണ്. വളർന്നുവരുന്ന വ്യക്തിവാദത്തിന്റെ സ്വാധീനത്തിൽപ്പെടുന്ന അവൻ തന്നെ മാത്രം ആശ്രയിക്കുന്നവനായി മാറുന്നു. ഒപ്പം ശക്തമായ മാധ്യമസ്വാധീനത്തിൽപ്പെടുന്നതുമൂലം ശരിതെറ്റുകൾ മനസ്സിലാക്കാൻ കഴിയാത്തവിധത്തിൽ വലിയ ആശയക്കുഴപ്പങ്ങളിലേക്ക് യുവജനങ്ങൾ എത്തിച്ചേരുന്നു. അവിടെ ജീവിതത്തിൽ പ്രാർഥനയ്ക്കോ ആത്മീയതയ്ക്കോ പ്രാധാന്യമില്ലാതാകുന്നു.



ഇന്ന് യുവജനങ്ങൾക്ക് ക്രിസ്തുവിനെപ്പറ്റി കേൾക്കാൻ ധാരാളം അവസരങ്ങളുണ്ടെങ്കിലും അവിടുത്തെ അനുഭവിക്കാനുള്ള സാഹചര്യങ്ങൾ കുറവാണ്. യുവജനങ്ങൾക്ക് ക്രിസ്തുവിനെ കണ്ടുമുട്ടി അടുത്തറിയാനുള്ള അവസരങ്ങളാണ് ഇന്ന് കൂടുതലായി സൃഷ്ടിക്കപ്പെടേണ്ടത്. അതുപോലെ പുതിയ തലമുറയുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതായിട്ടുണ്ട്. അവരുടെ ചോദ്യങ്ങളെ അവഗണിക്കാനോ പഴയ ഉത്തരങ്ങൾക്കൊണ്ട് തൃപ്തിപ്പെടുത്താനോ കഴിയില്ല. യുവാക്കൾക്ക് ബോധ്യപ്പെടുന്ന ഉത്തരംനൽകാൻ നാം നമ്മെത്തന്നെ തയാറാക്കേണ്ടതുണ്ട്. വിശ്വാസവർഷത്തിലെ പല ചുവടുവയ്പുകളും ഈ ലക്ഷ്യത്തോടെയുള്ളതാണ്.

### യുവജന മിഷനറിമാരെ സൃഷ്ടിക്കുന്നതിലെ ജീസസ്‌യൂത്ത്ശൈലി എന്താണ്?

ഒരു ജീസസ്‌യൂത്ത് ജീവിതശൈലി ആരംഭിക്കുന്നത് വ്യക്തിപരമായ അനുഭവത്തിൽകൂടിയാണ്. ഇപ്രകാരം ദൈവാനുഭവം ലഭിക്കുന്ന ഒരു വ്യക്തിക്ക് തുടർച്ചയായ വിശ്വാസരൂപീകരണത്തിനുള്ള അനേകം സാധ്യതകൾ JY-ലുണ്ട്. ഒരു വ്യക്തിയുടെ ആത്മീയവളർച്ചയുടെ തലം അനുസരിച്ചുള്ള വിവിധങ്ങളായ പ്രോഗ്രാമുകളും ട്രെയിനിങ്ങുകളും ആ വ്യക്തിക്ക് ലഭിക്കുന്നു. അതുപോലെ ഹൗസ് ഹോൾഡുകൾ, സെൽ ഗ്രൂപ്പുകൾ, പ്രയർ ഗ്രൂപ്പുകൾ, എൽഡറിങ്ങ്, പാസ്റ്ററിങ് ഇവയെല്ലാം ആ വ്യക്തിയിലെ മിഷനറിയെ ആഴപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നു. ഒരാളെ സ്കൂൾ വിദ്യാർഥിയായിരിക്കുന്ന കാലംമുതൽ മിഷനിലേക്ക് നയിക്കാൻ നമുക്ക് സാധിക്കും. തുടർന്നും വിവിധ മിനിസ്ട്രി പ്രവർത്തനങ്ങളിലൂടെയും വ്യക്തിപരമായി വിശ്വാസം പങ്കുവയ്ക്കുന്നതിലൂടെയും അയാളിലെ മിഷൻ ചൈതന്യം വളരുന്നു. അങ്ങനെ വലിയ മിഷൻ ചുവടുവയ്പുകളിലേക്കും ആഴമേറിയ പ്രതിബദ്ധതയിലേക്കും അയാൾ നയിക്കപ്പെടുന്നു.

### മിഷൻസ്ഥലങ്ങളിലേയ്ക്ക് യുവജനങ്ങളെ അയയ്ക്കുന്നതിനെപ്പറ്റി...?

JY വളരെ ഫലപ്രദമായി ചെയ്തുകൊണ്ടിരിക്കുന്ന സുവിശേഷപ്രഘോഷണരീതിയാണ് മിഷൻസ്ഥലങ്ങളിലേക്ക് ആളുകളെ അയയ്ക്കുക എന്നത്. ഒരു വർഷത്തേയ്ക്ക് കമ്മിറ്റ്മെന്റ് എടുക്കുന്ന ഫുൾടൈമേഴ്സ് മുതൽ ദീർഘകാലം മിഷൻ സ്ഥലങ്ങളിലേക്ക് കുടുംബമായി മാറിത്താമസിക്കുന്നവർവരെ ഇതിന്റെ ഭാഗമാണ്. ഇവരുടെ സാന്നിധ്യം ഈ പ്രദേശങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്നു. അനേകം മിഷൻരാജ്യങ്ങളിൽ JY മുന്നേറ്റത്തിന് അടിത്തറപാകിയത് ഇത്തരം വ്യക്തികളാണ്. ഇവരുടെ ലളിതമായ ജീവിതശൈലിയും തീക്ഷ്ണമായ സുവിശേഷവത്ക്കരണപ്രവർത്തനങ്ങളും അനേകരെ അതിശയിപ്പിക്കുകയും അതുവഴി JY കൂട്ടായ്മകൾ രൂപപ്പെട്ടുവരികയും ചെയ്തു.

### എന്തെല്ലാമാണ് പുതിയ പ്രോജക്ടുകൾ?

One month mission project, ഒരുമാസത്തേക്ക് മിഷനിലേക്ക് പോകാൻ താത്പര്യമുള്ള ജീസസ്‌യൂത്തുകളെ ഒറ്റയ്ക്കോ കുടുംബമായോ മിഷൻപ്രദേശത്തേയ്ക്ക് അയക്കുന്ന പ്രോജക്ടാണിത്. ഇന്ത്യയിൽ തന്നെയും നേപ്പാൾ, ഉഗാണ്ട, ഹെയ്തി തുടങ്ങിയ രാജ്യങ്ങളിലും ഇതിനോടകംതന്നെ ജീസസ്

യൂത്തുകൾ പോയിത്തുടങ്ങി. ഒരുമാസം കൊണ്ട് മിഷൻപ്രവർത്തനങ്ങളുടെ ഹൃദയം തൊട്ടറിയാനുള്ള ഒരു അവസരമാണിത്. പങ്കെടുക്കുന്നവരുടെ ജീവിതത്തെ മാറ്റിമറിക്കുന്നതരത്തിലുള്ള അനുഭവങ്ങളാണ് ഈ ഒരുമാസം സമ്മാനിക്കുന്നത്.

### ദീർഘകാല മിഷൻ പ്രോജക്ടുകൾ

രണ്ടോ അതിലധികമോ വർഷം മിഷൻ രാജ്യങ്ങളിലേക്കു പോകാൻ തയാറായിട്ടുള്ള ജീസസ്‌യൂത്ത് കുടുംബങ്ങൾക്കുവേണ്ടിയുള്ളതാണിത്. പഠനവും, ജോലിയുമായും ബന്ധപ്പെട്ടും ഇത്തരം പ്രോജക്ടുകൾ നടക്കുന്നു.

മിഷൻ നഴ്സസ്, ഫുൾടൈമർഷിപ്, കൗമാരക്കാർക്കായുള്ള 'ചലോ' മിഷൻ യാത്രകൾ പോലുള്ള അനേകം പ്രോഗ്രാമുകളിലൂടെ മിഷൻ സാധ്യമാവുന്നു.

ഒരുമാസ, ദീർഘകാല മിഷനുകൾക്ക് പോകാൻ താത്പര്യമുള്ളവർക്ക് ഇന്റർനാഷനൽ മിഷൻ ഡെസ്ക്കുമായി ബന്ധപ്പെടാവുന്നതാണ്.

### ഇൻഡ്യയിലെ മിഷൻ ഏരിയകളെക്കുറിച്ച് ജീസസ്‌യൂത്തിന്റെ കാഴ്ചപ്പാട് എങ്ങനെയാണ്?

ഇനിയും അനേകംപേർ യേശുവിനെക്കുറിച്ച് അറിഞ്ഞിട്ടില്ലാത്ത നാടാണ് ഭാരതം. ഭാരതസുവിശേഷവത്ക്കരണത്തിന് ജീസസ് യൂത്തിന് ഒരു വലിയ പങ്ക് വഹിക്കാനുണ്ട്. എല്ലാവർഷവും 30-ഓളം JY വൊളന്റിയേഴ്സ് ഇൻഡ്യയുടെ മിഷൻപ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്യുന്നു. കൾചറൽ എക്സ്ചേഞ്ച്, ഫുൾടൈമർഷിപ് പോലുള്ള പ്രോഗ്രാമുകളിൽ പങ്കെടുത്ത അനേകരെ ഇന്ന് ഈ മിഷൻപ്രദേശത്ത് അല്മായ നേതൃത്വനിരയിൽ കാണാൻ കഴിയും. സഭയോടും സമൂഹത്തോടും പ്രതിബദ്ധതയുള്ള കത്തോലിക്കാ യുവജനങ്ങളെ ഇനിയും വാർത്തെടുക്കാൻ നമുക്കു കഴിയണം.

ഇന്ന് മിഷൻമേഖലകളിൽ പിതാക്കൻമാരും വൈദികരും ജീസസ് യൂത്തിനെ വലിയ പ്രതീക്ഷയോടെയാണ് കാണുന്നത്.

### കുടിയേറ്റക്കാരായ ജോലിക്കാരിലേക്കും, വിദ്യാർഥികളിലേക്കുമുള്ള ഫോക്കസിന്റെ ആവശ്യകത?

ഈ കാലഘട്ടത്തിന്റെ വലിയൊരു യാഥാർഥ്യമാണിത്. സഭ വലിയ പ്രാധാന്യത്തോടെയാണ് കുടിയേറ്റക്കാരുടെയിടയിലെ ശുശ്രൂഷയെ നോക്കിക്കാണുന്നത്. പലസ്ഥലങ്ങളിലും ജീസസ്‌യൂത്തിൽ സജീവമായി പ്രവർത്തിക്കുന്ന മിനിസ്ട്രികളിൽ ഇവരുടെ പങ്കു വലുതാണ്. അതുമാത്രമല്ല നമ്മുടെ നാട്ടിലേക്കുപോലും ഇന്ന് അനേകർ ജോലി തേടിയെത്തുന്ന കാലമാണിത്. ഇവർ നമ്മുടെ മണ്ണിൽ തുറക്കുന്ന ഒരു സുവിശേഷവത്ക്കരണ സാധ്യതയുണ്ട്. അതു തിരിച്ചറിയാനും അതിനോട് വേണ്ടരീതിയിൽ പ്രത്യുത്തരിക്കാനും ഓരോ JY ക്കും കഴിയണം.

ചില ജീസസ് യൂത്ത് സോണുകൾ ഈ മേഖലയിലേക്ക് ശ്രദ്ധിച്ചുതുടങ്ങിയെന്നത് ആശാവഹമാണ്.

### മിഷനുമായി ബന്ധപ്പെട്ടുനടത്തിയ യാത്രകളിൽ മനസ്സിൽ തങ്ങിനിൽക്കുന്ന ഏതെങ്കിലും സംഭവം?

ആർച്ച് ബിഷപ് തോമസ് മേനാംപറമ്പിൽ പിതാവുമൊത്ത് ഭാരതത്തിന്റെ ഒരു അയൽ രാജ്യത്തേയ്ക്ക് ഈ അടുത്തകാലത്ത് നടത്തിയ ഒരു യാത്രയാണ് മനസ്സിൽ തങ്ങിനിൽക്കുന്നത്. പിതാവാണ് ഈ പ്രദേശത്തെ മിഷൻപ്രവർത്തനങ്ങൾ ഗൈഡ് ചെയ്യുന്നത്. മൂന്നുദിവസത്തെ മിഷൻയാത്രയായിരുന്നു. ബോർഡറിൽ എത്തിയപ്പോൾ വാഹനം കടത്തിവിടില്ല. യാത്ര അവസാനിപ്പിക്കാം എന്നു പലരും പറഞ്ഞു. പക്ഷേ പിതാവ് ഒരു വാൻ സംഘടിപ്പിച്ച് ദുർഘടമായ പാതയിലൂടെ യാത്ര ആരംഭിച്ചു. യാതൊരു ക്ഷീണവുമില്ലാതെ അവിടെ ചെന്നപ്പോഴേ മിഷൻ ആരംഭിച്ചു. വീടുകൾ സന്ദർശിക്കാനും വീടുകളിൽ. കുർബാന അർപ്പിക്കാനും അവിടെയുള്ള ജീസസ് യൂത്തുകൾക്ക് മാമ്മോദീസാ നൽകാനും ഒക്കെയായി പിതാവ് വളരെയധികം സമയം ചെലവഴിച്ചു. പോകുന്ന സ്ഥലങ്ങളിലെല്ലാം പ്രാർഥിക്കുകയും ചെയ്തു. 75-ാം വയസ്സിലും അനാരോഗ്യം വക വയ്ക്കാതെയുള്ള പിതാവിന്റെ ഓട്ടവും, സുവിശേഷം പങ്കുവയ്ക്കാനുള്ള തീക്ഷ്ണതയും എന്നെ വളരെയധികം സ്പർശിച്ചു.

### ഇനി മുൻപോട്ടുള്ള വഴികളെപ്പറ്റി, പുതിയ ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് നാം എത്തിച്ചേരാൻ ശ്രമിക്കുന്നത്?

ഈ അടുത്തനാളിൽ സന്ദർശിച്ച എല്ലാ മിഷൻരാജ്യങ്ങളിലും പൊതുവായി ഉയർന്ന ഒരാവശ്യം ഞങ്ങൾക്ക് ധാരാളം JY വോളന്റിയേഴ്സിനെ ആവശ്യമാണെന്നാണ്. ചൈനയിലും നേപ്പാളിലും ആഫ്രിക്കൻരാജ്യങ്ങളിലുമൊക്കെ ഇപ്രകാരം പോകാൻ കഴിയുന്ന അനേകരെ നമുക്കാവശ്യമുണ്ട്. ക്ഷണം ലഭിച്ചിട്ടും നമുക്കെത്തിപ്പെടാൻ കഴിയാത്ത അനേകം രാജ്യങ്ങൾ ഇനിയുമുണ്ട്. അതിനായി തീക്ഷ്ണതയുള്ള അനേകം മിഷനറിമാരെ വാർത്തെടുക്കാൻ നമുക്ക് കഴിയട്ടെ. മിഷനറിമാരുടെ നഴ്സറിയായി നമ്മുടെ കൂട്ടായ്മകൾ വളരട്ടെ ■



ഡോണറ്റ് ഡേവിസ് മാടവന

# പ്രകാശം പരക്കട്ടെ

ഇരുട്ട് എന്നെ മൂടട്ടെ. എനിക്ക് ചുറ്റുമുള്ള പ്രകാശം ഇരുട്ടായി തീരട്ടെ. ഇരുട്ട് പോലും അങ്ങേക്ക് ഇരുട്ടായിരിക്കയില്ല. രാത്രി പകലുപോലെ പ്രകാശപൂർണമായിരിക്കും. എന്തെന്നാൽ ഇരുട്ട് അങ്ങേക്ക് പ്രകാശം പോലെ തന്നെയാണ്.

അപ്പോൾ മനസ്സിൽ നിന്നാരോ മന്ത്രിച്ചു, എന്താണ് ഇരുട്ട്? ഉള്ളിലെ ചോദ്യങ്ങൾ മൂർച്ചയേറിയതാണ്. ഞാൻ വീണ്ടും വചനത്തിലേക്ക് തിരികെ കടന്നു. എവിടെ തുടങ്ങണം? ഉത്പത്തിയിൽ നിന്ന്. ഇരുട്ടിനെപ്പറ്റി പറഞ്ഞുതുടങ്ങുന്നത് അവിടെയാണല്ലോ.

ദൈവം അരുൾ ചെയ്തു. വെളിച്ചം ഉണ്ടാകട്ടെ. വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതെന്ന് ദൈവം കണ്ടു. അവിടുന്ന് വെളിച്ചത്തെ ഇരുളിൽ നിന്ന് വേർതിരിച്ചു.

വെളിച്ചം സൃഷ്ടിച്ചത് ദൈവമാണ്. അതിനാൽ വെളിച്ചത്തെ ദൈവസാന്നിധ്യത്തിന്റെ അടയാളമായി കാണാം. എന്നാൽ ഇരുട്ട് സൃഷ്ടിച്ചത് ദൈവമാണെന്ന് വചനം പറയുന്നില്ല. പിന്നെ എങ്ങനെയാണ് ഇരുട്ട് ഉണ്ടായത്?

വെളിച്ചം ഉണ്ടാകുന്നതുപോലെ ഇരുട്ട് ഉണ്ടാക്കാൻ സാധ്യമല്ലല്ലോ. ഏറ്റവും യുക്തിസഹമായ ഉത്തരം വെളിച്ചമില്ലാതാകുമ്പോൾ ഇരുട്ട് എന്ന അവസ്ഥ ഉണ്ടാകുന്നു എന്നതുതന്നെ. ഫിസിക്സിലും പ്രകാശം ഊർജപായ്ക്കറ്റുകളുടെ പ്രവാഹമാണ്. പക്ഷേ, ഇരുട്ട് ഒന്നിന്റെയും ശേഖരമല്ല. പ്രകാശമില്ലാത്ത അവസ്ഥ മാത്രം.

പ്രകാശം ദൈവസാന്നിധ്യത്തെ സൂചിപ്പിക്കുമ്പോൾ ഇരുട്ട് ദൈവസാന്നിധ്യമില്ലായ്മയെ ആയിരിക്കുമല്ലോ കുറിക്കുന്നത്. പ്രകാശം തൂകുന്ന സൂര്യനിൽ നിന്ന് അകലുന്ന ഭൂമിയുടെ ഭാഗത്താണ് അന്ധകാരം ഉണ്ടാകുന്നത്.


ദൈവത്തിൽനിന്നകലുമ്പോഴാണ് നാം ഇരുട്ടിലാകുന്നത്. ചുറ്റും മനോഹരമായ എത്ര കാഴ്ചകളുണ്ടെങ്കിലും പ്രകാശമില്ലെങ്കിൽ അവയെല്ലാം നമുക്കന്യമാവുകയാണ്. ഈ അന്ധതയാണ് ഇരുട്ട് നൽകുന്ന ഏറ്റവും വലിയ ദുരവസ്ഥ.

ദൈവസാന്നിധ്യം ഇല്ലാതെ വരുമ്പോൾ നാം അന്ധരാവുകയാണ്. തിരിച്ചറിവിനുള്ള കഴിവ് നഷ്ടപ്പെടുന്നു. നന്മ തിന്മയായും തിന്മ നന്മയായും നമുക്ക് തോന്നിപ്പോകും. യാഥാർഥ്യമെന്തെന്ന് മനസ്സിലാക്കാനാകാതെ നാം അപൂർണതകളിലും ഊഹാപോഹങ്ങളിലേക്കും യാത്രചെയ്യും. യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള മടിയെയോ ഭയത്തെയോ പുച്ഛിക്കുന്നതിനായിരിക്കണം വെളിച്ചം ദുഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം എന്ന് പറഞ്ഞുതുടങ്ങിയത്. ഒന്നും കാണാതെ, അറിയാതെ മനസ്സിന്റെ സൃഷ്ടികളിൽ മാത്രം ചുറ്റിത്തിരിയുന്ന ഒരു ജീവിതമാണ് ഇരുട്ട് നമുക്ക് വാഗ്ദാനം ചെയ്യുന്നത്.

ഈ അന്ധത നമ്മെ സഹജീവികളിൽനിന്നും അകറ്റും. തൊട്ടടുത്തുള്ളയാളും അങ്ങനെ നമുക്ക് അന്യനും അപരിചിതനുമായിത്തീരും. അപരന്റെ ഹൃദയംകൂടി കാണാനുള്ള പ്രകാശം അകക്കണ്ണിലുണ്ടാകുമ്പോഴല്ലേ ഭൂമിയിൽ സ്വർഗരാജ്യം വിരുന്നെത്തുന്നത്.

ഇനിയും ദൈവരാഹിത്യത്തിന്റെ ഇരുട്ട് നമ്മെ കൊണ്ടുപോകുന്ന മറ്റൊരു വലിയ അപകടമുണ്ട്. നമ്മുടെ ഉൾക്കാഴ്ചകളെ തടസ്സപ്പെടുത്തുമെന്നതാണത്. നമ്മെത്തന്നെ തെളിഞ്ഞുകാണുന്നതിൽനിന്ന് അത് നമ്മെ തടയും. ഒരു ആത്മപരിശോധന പോലും നടത്താൻകഴിയാത്തവിധം നാം നമുക്ക് തന്നെ അന്യരായിത്തീരും. തുറവിയില്ലാത്ത, സുതാര്യമല്ലാത്ത, ഉള്ളിൽനിന്ന് ഇരുട്ടുപ്രവഹിക്കുന്ന ജീവിതമാകും ഈയവസ്ഥ സംഭാവന ചെയ്യുക.

ആത്മീയമായ അന്ധത എത്രഭീകരമാണെന്നു കണ്ടിട്ടാകണം ക്രിസ്തു പറഞ്ഞത് ഞാൻ ലോകത്തിന്റെ പ്രകാശമാണെന്ന്. അപ്പോൾ ഒരു ക്ഷണം പോലും നാം ഇരുട്ടിലായിരിക്കേണ്ട കാര്യമില്ല. അവനിലേക്ക് നടന്നാൽമതി. ജീവിതം പ്രകാശപൂർണമാകും. യാഥാർഥ്യങ്ങളെ തെളിഞ്ഞുകാണത്തക്കവിധം വെളിച്ചംപരക്കും. അപ്പോൾ നമുക്കു മനസ്സിലാകും വെളിച്ചം ദുഖമല്ലെന്ന് ■




**അനുഭവം**

ബെറ്റി പോളി

# എന്റെ ശുശ്രൂഷ ക്രിസ്തുവിനോടൊപ്പം

ഒരു നഴ്സായ അമ്മയുടെ സേവനമനോഭാവവും, ജോലി ലഭിക്കാൻ എളുപ്പമായ ഒരു കോഴ്സായതുകൊണ്ടുമാണ് ഞാൻ നഴ്സിങ്ങിന് ചേർന്നത്. 1996-ൽ നഴ്സിങ്ങ് പാസായി, തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ബോണ്ട് ചെയ്യുന്ന സമയത്താണ് ഞാൻ ജീസസ്‌യൂത്ത് നഴ്സസ് മിനിസ്ട്രിയെക്കുറിച്ച് അറിയുന്നതും, അതിന്റെ ഭാഗമാകുന്നതും. 1996-ൽ തൃശൂരിൽവച്ചു നടന്ന നഴ്സസ് മീറ്റിൽ നഴ്സിങ് ഒരു "വിശുദ്ധമായ വിളി"യാണെന്ന ബോധ്യമാണ് എനിക്ക് ലഭിച്ചത്.

ഈ ഒരു വിളിയെ തിരിച്ചറിയാൻ എന്നെ അനുഗ്രഹിച്ച ഈശോയും, ഞാനും കൂടിയാണ് പിന്നീട് ജോലി ചെയ്തത്. വീൽചെയറിൽ രോഗിയെ കൊണ്ടുപോകുമ്പോൾ, ഈശോയെ വീൽചെയറിലിരുത്തി കൊണ്ടുപോകുന്നതായാണ് എനിക്ക് അനുഭവപ്പെട്ടത്. എന്റെ ഈശോയ്ക്ക് ഇൻജക്ഷൻ ചെയ്യുമ്പോൾ, ഈശോയെ നിന്നെ വേദനിപ്പിക്കാൻ എന്നെ ഇടയാക്കല്ലേ എന്ന പ്രാർഥനയായിരുന്നു മനസ്സിൽ. എമർജൻസിയായി കാര്യങ്ങൾ ചെയ്യേണ്ടിവന്നപ്പോൾ ഈശോ എന്റെ കൂടെനിന്ന് എല്ലാം ചെയ്തുതന്നു. ഡ്യൂട്ടിയുടെ തിരക്കുകൾക്കിടയിൽ ആരും സഹായത്തിനില്ലാതിരുന്നപ്പോൾ, പരിശുദ്ധാത്മാവിന്റെ സഹായവും, സാമിപ്യവും ഞാൻ അനുഭവിച്ചു. 100% പെർഫെക്ടായി എന്റെ നഴ്സിങ് മാറി എന്ന് അവകാശപ്പെടുന്നില്ലെങ്കിലും, ഈശോയൊടൊപ്പം ജോലി ചെയ്യുന്നതിന്റെ സുഖവും, ആ ജോലിയിൽ നിന്നു കിട്ടുന്ന സംതൃപ്തിയും ഞാൻ അനുഭവിച്ചു. കുറേ കുറവുകളും, സ്വാർഥതകളും, ബലഹീനതകളും, എന്റെ നഴ്സിങ്ങിനെ ബാധിച്ചിട്ടുണ്ടെങ്കിലും, കുറവുകളെ നിറവുകളാക്കുന്ന തമ്പുരാൻ കൂടെയുണ്ടെന്നുള്ള വിശ്വാസത്തിൽ ഈശോ തന്ന ചില ബോധ്യങ്ങൾ ഞാൻ പങ്കുവയ്ക്കട്ടെ.



വചനം പറയുന്നു: "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെ തന്നെ നിങ്ങൾ അവരോട് പെരുമാറുവിൻ" (ലൂക്ക 6:31). ഞാനോ എന്റെ അടുത്ത ബന്ധുക്കളോ ഒരു രോഗിയായി ആശുപത്രിയിൽ കിടക്കുമ്പോൾ, എന്ന ശുശ്രൂഷിക്കാൻ വരുന്ന ഒരു നഴ്സിൽനിന്നും ഞാൻ എന്തു പ്രതീക്ഷിക്കുന്നുവോ, അത് ഞാൻ ശുശ്രൂഷിക്കുന്ന രോഗിക്ക് കൊടുക്കുവാൻ ഞാൻ കടപ്പെട്ടിരിക്കുന്നു.

മരുന്നു കൊടുക്കുമ്പോഴും, ഇൻജക്ഷൻ ചെയ്യുമ്പോഴും, ആ രോഗിയോട് രണ്ടുവാക്ക് സംസാരിക്കാൻ, ഒന്നു പുഞ്ചിരിക്കാൻ നമുക്ക് കഴിഞ്ഞാൽ, ഒരു രൂപ പോലും ചെലവില്ലാതെ, ചെറിയ സാന്ത്വനം അയാൾക്ക് കൊടുക്കാൻ നമുക്ക് കഴിയും. ഇത് വലിയ 'തിയറി'യൊന്നുമല്ല, ചെറിയ ഒരു യഥാർത്ഥ്യം മാത്രം. രോഗിയുടെ മുറിവിൽ മരുന്ന് വച്ചുകൊടുക്കുമ്പോൾ, ഈശോയുടെ ആണിപ്പഴുതുള്ള കൈകളിലും കാലുകളിലുമാണ് ഞാൻ മരുന്നുവയ്ക്കുന്നത് എന്ന മനോഭാവത്തോടെ ചെയ്യുമ്പോൾ തീർച്ചയായും അത് ഒരു സ്വർഗീയ അനുഭൂതി തന്നെയാണ്.

ഹാർട്ട് അറ്റാക്കിനും ക്യാൻസർ പോലുള്ള രോഗങ്ങൾക്കും മരുന്നു കൊടുക്കുമ്പോൾ ആ രോഗിയുടെ അരികിൽനിന്ന് ഈശോയെ ഈ മരുന്നിലൂടെ നിന്റെ സ്നേഹം ചൊരിഞ്ഞ് ഈ രോഗിയെ സുഖപ്പെടുത്തണേ എന്ന പ്രാർഥനയോടെ നമുക്ക് ചെയ്യാം. ശരീരത്തിന്റെ വേദനയും മനസ്സിന്റെ നിരാശയുമായി തീർത്തും നിസ്സഹായരായി നമ്മുടെ അരികിൽ വരുന്നവർക്ക് നമ്മുടെ പ്രാർഥനകൊണ്ടും, ഇടപെടൽകൊണ്ടും സൗഖ്യം ലഭിക്കുന്നെങ്കിൽ, നമ്മുടെ ജീവിതം കൂടുതൽ ധന്യമായി. എനിക്ക് പരിചയമുള്ള ഒരു സിസ്റ്റർ എപ്പോഴും പറയുന്ന ഒരു കാര്യമുണ്ട് "ദൈവം നമ്മെ ഏൽപിച്ചിരിക്കുന്ന രോഗികളെ നാം ആത്മാർഥതയോടെ ശുശ്രൂഷിക്കുമ്പോൾ നമുക്കുള്ളവരെ ദൈവം തന്റെ ഉള്ളംകൈയിൽ താങ്ങികൊള്ളും" എന്ന്. തീർച്ചയായും ഇത് ഒരു യഥാർത്ഥ്യമാണ്.

ലേബർറൂമിലും, പ്രസവവാർഡിലും ജോലി ചെയ്യുമ്പോൾ നാം സ്ഥിരമായി ചെയ്യുന്ന ഒരു കാര്യമാണ് കുഞ്ഞിന്റെ 'heart beat' നോക്കുകയെന്നത്. ആ ഗർഭിണിയുടെ ഉദരത്തിൽ 'fetoscop' വയ്ക്കുമ്പോൾ, അമ്മയ്ക്കും കുഞ്ഞിനും കുരിശുവരച്ചുകൊടുക്കാൻ, അവർക്കുവേണ്ടി മാതാവിനോട് മാധ്യസ്ഥം യാചിക്കാൻ, പ്രസവമെടുക്കുമ്പോൾ "എത്രയും ദയയുള്ള മാതാവേ" എന്ന പ്രാർഥനയോടെ ചെയ്യുവാൻ, കുഞ്ഞ് ജനിച്ചുകഴിഞ്ഞാൽ വിശുദ്ധകുരിശിന്റെ അടയാളം ആ കുഞ്ഞിന്റെ നെറ്റിയിൽ വരച്ചുകൊടുക്കുവാൻ, നഴ്സുമാർക്കല്ലാതെ മറ്റാർക്കാണ് ഈശോ ഇത്രവലിയ അവസരം തന്നിട്ടുള്ളത്.

വയസ്സായി മരണക്കിടക്കയിൽ കിടക്കുന്ന രോഗികളോട് അൽപംകൂടി ബഹുമാനം കാണിക്കാൻ, ഈശോ മറിയം ഔസേപ്പേ മരിക്കുന്ന ആത്മാവിന് കൂട്ടായിരിക്കണമേ എന്ന് പ്രാർഥിക്കാൻ നമുക്ക് പരിശ്രമിക്കാം. നൊന്തുപ്രസവിച്ചു വളർത്തി വലുതാക്കിയ മക്കൾക്ക് മാതാപിതാക്കളെ വേണ്ടെങ്കിലും, നഴ്സുമാരായ നമുക്ക് അവരെ സ്നേഹിക്കാം, അവർക്കുവേണ്ടി പ്രാർഥിക്കാം. മരിച്ച വിശ്വാസികളുടെ പ്രാർഥന ചൊല്ലുമ്പോൾ നമുക്കും പ്രാർഥിക്കാം. "ഈശോയേ, എന്റെ ശുശ്രൂഷ ലഭിച്ച് ഈ ലോകത്തിൽ നിന്നും വേർപെട്ടുപോയ എല്ലാവരെയും നിത്യസൗഭാഗ്യത്തിന് അർഹരാക്കണമേ" എന്ന്.

ഇതെല്ലാം പറയാൻ എളുപ്പമാണ് പ്രവർത്തിക്കാൻ അൽപം പ്രയാസമാണെന്നും അറിയാം. എങ്കിലും നമുക്ക് പ്രാർഥിക്കാം "ഈശോയെ, നീ ഞങ്ങളെ ഏൽപിച്ചിരിക്കുന്ന ജോലിയുടെ മഹത്വം മനസ്സിലാക്കുവാൻ, വിശുദ്ധമായ ഈ വിളിയെ വിശുദ്ധിയോടെ തന്നെ കൈകാര്യം ചെയ്യുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ജോലിഭാരത്തെയും, ബലഹീനതകളെയും എല്ലാം ഞങ്ങൾ സമർപ്പിക്കുന്നു. പ്രാർഥനയോടെ, സ്നേഹത്തോടെ, കരുണയോടെ ഞങ്ങളുടെ രോഗികളോട് പെരുമാറുവാൻ ഈശോയേ ഞങ്ങളെ സഹായിക്കണമേ" ആമ്മേൻ ■

*(തലശേരി ജനറൽ ആശുപത്രിയിൽ നഴ്സാണ് ബെറ്റി)*

## ഡോ.ചാക്കോച്ചൻ ഞാവള്ളിക്ക് ദേശീയ പുരസ്ക്കാരം

കെയ്റോസ് മാഗസിന്റെ ചീഫ് എഡിറ്ററായ ഡോ. ചാക്കോച്ചൻ ഞാവള്ളിക്ക് ഇന്ത്യൻ കൗൺസിൽ ഫോർ സോഷ്യൽ സയൻസ് റിസർച്ചിന്റെ അംഗീകാരം ലഭിച്ചിരിക്കുന്നു. ശ്രദ്ധേയമായ ഗവേഷണ പ്രബന്ധങ്ങൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള 'ബുക്ക് പബ്ലിക്കേഷൻ ഗ്രാന്റ്' എന്ന അസാധാരണ അംഗീകാരമാണിത്. കുട്ടിക്കാനം മരിയൻ കോളജിലെ കൊമേഴ്സ് വിഭാഗം അസോസിയേറ്റ് പ്രഫസറാണ് ഡോ. ചാക്കോച്ചൻ ഞാവള്ളിൽ.

## ലേഖനം

ഡോ. ഐസക് ആലഞ്ചേരി

# മാലാഖമാരുടെ അപ്പം

"മാലാഖമാരുടെ അപ്പം
സ്വർഗീയജീവന്റെ അപ്പം
കാരുണ്യവാനായ ദൈവം
മാനവലോകത്തിനേകി"


കൊൾമാൻ ഒ.പി. (Colman E. Oneill O.P.) പറയുന്നു: ഭൂമിയിൽ ക്രിസ്തു കേന്ദ്രീകൃതമായതെല്ലാം സ്വർഗത്തിലേക്കു തുറന്നു കൊടുക്കുന്ന കൂദാശയാണു പരിശുദ്ധകുർബാന (The focal point of all that belongs to Christ in the world, the Eucharist opens onto heaven). അപ്പവും വീഞ്ഞും പുരോഹിതന്റെ ഭാഗീകരണ പ്രാർഥനയിലൂടെ വസ്തുമാറ്റം സംഭവിച്ച് ഈശോയുടെ മഹത്വീകൃതശരീരവും രക്തവുമായി മാറുന്നു (Transubstantiation). ഈശോയുടെ തിരുശരീരരക്തങ്ങൾ യോഗ്യതയോടെ സ്വീകരിക്കുന്നവർ നിത്യാനന്ദത്തിന്റെ മേഖലയിലേക്ക് ഉയരുന്നു. ആദിമക്രൈസ്തവർ അപ്പം മുറിക്കൽ ശുശ്രൂഷ നടത്തിയിരുന്നത് ഈശോയുടെ മരണത്തിന്റെ അനുസ്മരണമായി മാത്രമല്ല, അവിടുത്തോടുകൂടെ അനുഭവിക്കാനിരിക്കുന്ന സ്വർഗീയവിരുന്നിന്റെ മുന്നാസ്വാദനമായിട്ടുമായിരുന്നു. അന്ത്യത്താഴവേളയിലെ ഈശോയുടെ വാക്കുകൾ ഓർമിക്കാം. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യത്തിൽ ഞാൻ ഇതു നവമായി പാനം ചെയ്യുന്ന ദിവസം വരെ മുന്തിരിയുടെ ഫലത്തിൽനിന്ന് ഇനി ഞാൻ കുടിക്കുകയില്ല" (മർക്കോ 14:25).

വാഴ്ത്തപ്പെട്ട ഇമെൽഡാ ലാംബെർറ്റീനിയെക്കുറിച്ചുള്ള കഥ ഇങ്ങനെയാണ്. ശൈശവം മുതൽ അതിസ്വാഭാവികമായ എന്തോ ഒന്ന് അവളെ വലയം ചെയ്തിരുന്നതായി കാഴ്ചക്കാർക്കു തോന്നിയിരുന്നു. വളരെ ചെറുപ്രായത്തിൽത്തന്നെ ഇമെൽഡാ മാതാപിതാക്കന്മാരുടെ അനുവാദം വാങ്ങി ബൊളോഗ്നായ്ക്കു സമീപമുള്ള വി. മഗ്ദലനമറിയത്തിന്റെ മഠത്തിൽ ചേർന്നു. വി. കുർബാനയുടെ നേർക്കും കന്യകാമറിയത്തിന്റെ നേർക്കും ഇമെൽഡാ വളരെ ഭക്തിയുള്ളവളായിരുന്നു. എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിക്കുകയും ഭക്തിപൂർവം പ്രാർഥിക്കുകയും ചെയ്തുപോന്നു. മറ്റു സഹോദരികൾ വി. കുർബാന സ്വീകരിക്കുന്നതു കാണുമ്പോൾ തനിക്കും അപ്രകാരം ചെയ്യണമെന്നുള്ള അതിയായ ആഗ്രഹം മൂലം, ചിലപ്പോൾ അറിയാതെ തന്നിൽനിന്നു പുറപ്പെട്ടിരുന്ന ദീർഘനിശ്വാസങ്ങളെ അമർത്തുന്നതിന് അവൾ വളരെ പണിപ്പെടേണ്ടി വന്നിട്ടുണ്ട്. തനിക്കും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് പലപ്പോഴും മേലധികാരികളോട് അപേക്ഷിച്ചിരുന്നു. എന്നാൽ, അപ്പോഴൊക്കെയും ലഭിച്ചിരുന്ന മറുപടി, അവൾക്കു പ്രായമായിട്ടില്ല എന്നതായിരുന്നു.

നന്മതിന്മ തിരിച്ചറിയാനുള്ള പ്രായമാകുമ്പോൾ ദിവ്യകാരുണ്യസ്വീകരണം നടത്തുന്നതിനുള്ള അനുവാദം കുട്ടികൾക്കു നൽകപ്പെട്ടത് പത്താം പീയൂസ് മാർപാപ്പായുടെ കാലം മുതലാണ്. അതിനുമുൻപ് നിലവിലിരുന്ന പതിവനുസരിച്ച് അവൾക്കു പന്ത്രണ്ടുവയസ്സുപ്രായമായിട്ടുപോലും പ്രഥമദിവ്യകാരുണ്യസ്വീകരണം നടത്തുവാൻ അനുവാദം ലഭിച്ചില്ല.

എന്നാൽ, ഇമെൽഡായുടെ ബാലഹൃദയത്തിൽ എഴുന്നള്ളണമെന്നുള്ള ദിവ്യരക്ഷകന്റെ ആഗ്രഹം, അവിടുത്തെ സ്വീകരിക്കണമെന്നുള്ള അവളുടെ ആഗ്രഹത്തെ അതിലംഘിക്കത്തക്കതായിരുന്നു. തന്നെ സ്വീകരിക്കുന്നതിനുള്ള യോഗ്യത അവൾക്കുണ്ടെന്നു കാണിക്കാൻ ഈശോ ഒരൽഭുതം പ്രവർത്തിച്ചു. 1333-ലെ സ്വർഗാരോഹണതിരുനാളായ മെയ് 12-ാം തീയതി ദിവ്യകാരുണ്യസ്വീകരണത്തിനു പ്രായപൂർത്തിവന്ന മറ്റുകുട്ടികൾ ആഹ്ലാദഭരിതരും ധ്യാനനിമഗ്നരുമായി അൾത്താരയെ സമീപിച്ചു. അപ്പോൾ ഇമെൽഡാ സ്വസ്ഥാനത്തിരുന്ന് തനിക്കു മാത്രം ഈ സൗഭാഗ്യമില്ലല്ലോ എന്നോർത്തു കണ്ണീർ ഒഴുക്കുകയായിരുന്നു. കണ്ണുകളെ സ്വർഗത്തിലേക്കുയർത്തിയും ഹൃദയസ്പന്ദനങ്ങളെ അടക്കുവാനെന്നവണ്ണം കൈകൾ ഭക്തിപൂർവം നെഞ്ചോടുചേർത്തുപിടിച്ചും അവൾ ഇപ്രകാരം പ്രാർഥിച്ചു: "എന്റെ ആത്മാവിന്റെ സ്നേഹഭാജനമേ, വന്നാലും... ഓ! ഈശോയേ എന്റെ ഹൃദയത്തിൽ എഴുന്നള്ളിവരുക. സ്നേഹം നിമിത്തം ഞാൻ തളർന്നുപോകുന്നു; ആരാധനീയമായ നിന്റെ സാന്നിധ്യം ലഭിക്കുന്നതിനുള്ള ആഗ്രഹം നിമിത്തം ഞാനിതാ മരിക്കാറായിരിക്കുന്നു".

അത്ഭുതമെന്നു പറയട്ടെ! പെട്ടെന്നു പുരോഹിതന്റെ കയ്യിലിരുന്ന കുസ്തോദിയിൽ നിന്ന് ഒരു തിരുവോസ്തി പറന്നുചെന്ന് ഇമെൽഡായുടെ തലയ്ക്കുമീതെ അന്ത



രീക്ഷത്തിൽ നിശ്ചലമായി നിലകൊണ്ടു! പെട്ടെന്ന് ദൈവാലയം പ്രകാശപൂരിതമായിത്തീർന്നു. പ്രസ്തുതവാർത്ത കേട്ട് ഇമെൽഡായുടെ ആധ്യാത്മികപിതാവു സ്ഥലത്തെത്തി, ഭക്തിപൂർവം ആ തിരുവോസ്തി എടുത്ത് ആ പെൺകുട്ടിക്കു നൽകി. അനന്തരം ദീർഘനേരം നിശ്ചലയായി അവൾ മുട്ടിന്മേൽ നിലകൊണ്ടു. അപ്പോഴും അവളുടെ കൈകൾ കുരിശാകൃതിയിൽ നെഞ്ചോടുചേർന്നും കണ്ണുകൾ അടഞ്ഞുമിരുന്നു. കുറേസമയം കഴിഞ്ഞ് കന്യാസ്ത്രീകൾ എഴുന്നേറ്റുപോരുവാൻ അവളെ വിളിച്ചു. എല്ലായ്പ്പോഴും വളരെ അനുസരണമുള്ളവളായി വർത്തിച്ചിരുന്ന ഇമെൽഡാ അനങ്ങിയതേയില്ല. അവർ അവളെ കുലുക്കിവിളിച്ചു. എന്നിട്ടും അവൾ അറിഞ്ഞ ലക്ഷണം കാണിച്ചില്ല. തന്റെ ആത്മപ്രിയന്റെ സന്നിധിയിലെ അനന്തസൗഭാഗ്യത്തിൽ ഇമെൽഡാ ലയിച്ചുകഴിഞ്ഞിരുന്നു. അതേ, സ്നേഹപാരവശ്യത്താൽ അവൾ മൃതിയടഞ്ഞു. വിശുദ്ധകുർബാന സ്വീകരിച്ച അടുത്തനിമിഷം ലോകത്തോടു വിടപറഞ്ഞ അവൾ "സ്വർഗത്തിലാണ് ഉപകാരസ്മരണ നടത്തിയത്".

വി. തോമസ് അക്വീനാസ് പറയുന്നു: ഈശോയുടെ പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും രക്ഷാകരഫലംകൊണ്ട് വിശുദ്ധ കുർബാനയുടെ സ്വീകരണം, നമ്മെ മഹത്വത്തിലേക്കുയർത്തുന്നു. എന്നാൽ, ആദ്യമേ നാം അവിടുത്തോടുകൂടെ സഹിച്ചെങ്കിലേ അവിടുത്തോടുകൂടെ മഹത്വീകരിക്കപ്പെടുകയുള്ളു. വിശുദ്ധകുർബാനയിൽ ഈശോയെ സ്വീകരിക്കുന്നതിലൂടെ, സ്വർഗത്തിനും ഭൂമിക്കും പൊതുവായ ഒരനുഭവത്തിന് നാം പാത്രീഭൂതരാകുന്നു. തന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യാനുള്ള (cf. യോഹ 6:53-56) ഈശോയുടെ ആഹ്വാനത്തെ ചൂണ്ടിക്കാണിച്ച് വി. തോമസ് അക്വീനാസ് തുടർന്നുപറയുന്നു: സ്നേഹത്തിലൂടെയും ദൈവസ്നേഹത്തെക്കുറിച്ചുള്ള അറിവിലൂടെയും നാം ക്രിസ്തുവിനോട് ഒന്നായിത്തീരുന്നു. അങ്ങനെയാണ് ഈശോ മനുഷ്യർക്കും മാലാഖമാർക്കും ഒരുപോലെ അപ്പമായിത്തീരുക. അതുപോലെതന്നെ, അറിവിലൂടെയും സ്നേഹത്തിലൂടെയും മനുഷ്യരും മാലാഖമാരും ഈശോയോട് ഒന്നായിത്തീരുന്നു.

വിശുദ്ധ കുർബാനയിൽ ഈശോയുടെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുന്നതിലൂടെ നാം ഭൂമിയിൽ അവിടുത്തെ ശരീരത്തിലെ അംഗങ്ങളായി, ദൈവജനമായി വേർതിരിക്കപ്പെടുന്നു. സ്വർഗത്തിൽ ക്രിസ്തുവിനെ അനുഭവിക്കുന്നതിന്റെ പ്രാരംഭമാണിത്. അതുകൊണ്ടാണു മനുഷ്യൻ മാലാഖമാരുടെ അപ്പം ഭക്ഷിക്കുന്നുവെന്നു തോമസ് അക്വീനാസ് സമർഥിക്കുക. സഭയും വിശുദ്ധകുർബാനയും (എക്ളേസിയാ ദെയൂക്കരിസ്തിയ) എന്ന ചാക്രികലേഖനത്തിൽ ജോൺപോൾ രണ്ടാമൻ പറയുന്നു: "ദിവ്യകാരുണ്യസ്വീകരണത്തിലൂടെ നാം ഉൾക്കൊള്ളുന്ന ദാനങ്ങളായ ക്രിസ്തുവും പരിശുദ്ധാത്മാവും മനുഷ്യഹൃദയങ്ങളിൽ രൂഢമൂലമായിട്ടുള്ള സാഹോദര്യത്തിനു വേണ്ടിയുള്ള ദാഹത്തെ പൂർണമായി തൃപ്തിപ്പെടുത്തുന്നു. അതോടൊപ്പം ഒരു വിരുന്നിലെ പങ്കാളിത്തത്തിനുള്ള മാനുഷിക അനുഭവതലത്തിൽ നിന്നും ദിവ്യകാരുണ്യമേശയിലെ പങ്കാളിത്തത്തിനുള്ള അനുഭവത്തിന്റെ സാഹോദര്യ ഭാവത്തെ ഉയർത്തുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ശരീരത്തിലുള്ള പങ്കാളിത്തത്തിലൂടെ കൂടുതൽ ആഴത്തിൽ, കൂദാശാസ്വാഭാവത്തിൽ ക്രിസ്തുവിൽ ഒന്നാകുന്നു. അതായത് ദൈവവുമായും മനുഷ്യവംശം മുഴുവനുമായും ഉള്ള ഐക്യത്തിന്റെ ഉപകരണവും അടയാളവും ആയി മാറുന്നു" (No. 24).

കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ചുള്ള വി. അഗസ്തീനോസിന്റെ കാഴ്ചപ്പാട് ശ്രദ്ധേയമാണ്: ഏതൊരുവനും വിശ്വസിക്കണമെങ്കിൽ അറിയണം; അറിയണമെങ്കിൽ വിശ്വസിക്കണം (Understand that you may believe, believe so that you may understand). പരിശുദ്ധകുർബാന വിശ്വാസത്തിന്റെ കൂദാശയാണ്. മനുഷ്യബുദ്ധിക്ക് അതീതമായ കാര്യങ്ങളതിലുണ്ട്. അതുപോലെ ഹൃദയത്തിനും അതിന്റെ ഗ്രാഹ്യതയിൽ പരിമിതികളുണ്ട്. എന്നാൽ, വിശ്വാസം രണ്ടിടത്തും സഹായത്തിനെത്തുന്നു. അത് ഹൃദയത്തെ ഉദ്ദീപിപ്പിക്കുകയും മനസ്സിനെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. മുഴുഹൃദയത്തോടും മുഴുമനസ്സോടും കൂടെ തന്നെ സമീപിക്കാനാണ് ദൈവത്തിന്റെ ആഹ്വാനം. ദൈവവചനത്തിന്റെ പ്രകാശധാരണി മനസ്സിനെ ഉദ്ദീപ്തമാക്കുമ്പോൾ ഹൃദയം ഈശോയുമായുള്ള ഒന്നാകൽ (Communion) യാഥാർഥ്യമാക്കുന്നു. പരിശുദ്ധകുർബാനയിൽ ഈശോയുടെ ദൈവത്വവും മനുഷ്യത്വവും ഒന്നുചേരുന്നുവെന്നതാണ് ഇവിടെ പ്രതിപാദ്യം.

ദൈവം നമ്മിൽനിന്നാവശ്യപ്പെടുന്നത് ജീവിക്കുന്ന വിശ്വാസമാണ്. അങ്ങനെയുള്ള വിശ്വാസം സ്നേഹത്തിലൂടെ പ്രവൃത്ത്യോന്മുഖമാകുകയും നമ്മെ ക്രിസ്തുവിൽ ജീവിക്കുന്നവരാക്കുകയും ചെയ്യും. വിശ്വാസം ദൈവത്തിൽനിന്നുള്ള ദാനമാണ്, സാധാരണ ദാനമല്ല, ആദ്യദാനം (First grace) കാരണം, വിശ്വാസത്തിൽ വ്യാപരിക്കുക എന്നുപറഞ്ഞാൽ, കൃപയിൽ വ്യാപരിക്കുക എന്നാണർത്ഥം. വിശുദ്ധ ആഗസ്തീനോസിന്റെ വാക്കുകളിൽ, വിശ്വാസം നമ്മെ ദൈവമക്കളായി രൂപാന്തരപ്പെടുത്തുന്ന പുളിമാവാണ് ■





തോമസ് സേവ്യർ കളത്തിപ്പറമ്പിൽ

# എനിക്കു കാഴ്ചയേകാൻ അവന്റെ കണ്ണുകളുണ്ട്

2003 നവംബർ 18 തൃപ്പൂണിത്തുറയിലെ ഒരു വിതരണസ്ഥാപനം. ഞാൻ ഇവിടുത്തെ വാൻ സെയിൽസ്മാനാണ്.

വൈകുന്നേരം ഏകദേശം 4 മണി കഴിഞ്ഞിട്ടുണ്ടാകും. പതിവുപോലെ ആ ദിവസത്തെ കച്ചവടത്തിന്റെ പണം ബാങ്കിൽ അടയ്ക്കാൻ തയാറാക്കിക്കൊണ്ടിരിക്കുന്നു. എന്നും ബാങ്കിൽ പണം കൊണ്ടുപോകുന്ന ബാഗ് മറ്റൊരാവശ്യത്തിന് എടുത്തതിനാൽ ഒരു പെട്ടിയിലാണ് പണം നിറച്ചുവച്ചിരിക്കുന്നത്, ഒൻപതു ലക്ഷം രൂപയുണ്ടായിരുന്നു.

വാനിലാണ് ബാങ്കിൽ പോകാറുള്ളത് ഈ ദിവസം വാൻ വർക്ക്ഷോപ്പിൽ ആയതിനാൽ എന്റെ സ്കൂട്ടറിൽ പോകുവാൻ തീരുമാനിച്ചു. കൂടെ ജോലി ചെയ്യുന്ന ജയൻ എന്ന സുഹൃത്തിനെയും കൂട്ടി ഞാൻ ബാങ്കിലേക്ക് യാത്രയായി.

വണ്ടി ഓടിക്കുന്നത് ഞാൻ. ജയൻ പണമടങ്ങുന്ന പെട്ടിയുമായി പിറകിൽ ഇരിക്കുന്നു. ഞങ്ങൾ കുറച്ചുദൂരം പിന്നിട്ടപ്പോൾ കൂടെ ജോലി ചെയ്യുന്ന മറ്റൊരു സുഹൃത്ത് എതിരെ വന്നു. ഞങ്ങൾ രണ്ടുപേരും വണ്ടി നിർത്തി. അദ്ദേഹം ചോദിച്ചു: “രണ്ടുപേരും കൂടി എങ്ങോട്ടാണ്?” ജയൻ മറുപടി പറഞ്ഞു: “ഞങ്ങൾ ബാങ്കിലേക്കാണ്. പോയിട്ട് ഉടൻ വരാം”. വീണ്ടും യാത്ര തുടർന്നു. ഇതിനിടയിൽ ഞാൻ ജയനോട് പറഞ്ഞു: “നീ എന്തുറപ്പുായിട്ടാണ് ഉടനെ വരുമെന്ന് പറഞ്ഞത്. എനിക്ക് യാതൊരുറപ്പുമില്ല”. വെറുതെ തമാശ പറഞ്ഞതാണ്. ഇതു കേട്ട ജയൻ “നീ ആ കരിനാക്കെടുത്ത് വളയ്ക്കല്ലേ. മനുഷ്യൻ ഈ പെട്ടീം പിടിച്ച് പിറകിൽ ഇരിക്കുമ്പോ ഉള്ളിൽ തീയാ.”

ഞങ്ങൾ തമാശകളൊക്കെ പറഞ്ഞ് ബാങ്കിന്റെ മുമ്പിലെത്തി. ഞാൻ വണ്ടി ബ്രേക്ക് ചെയ്ത് നിർത്തി. പെട്ടെന്ന് പിറകിൽ എന്തോ സംഭവിക്കുന്നതുപോലെ തോന്നി. ഞാൻ പിറകിലേക്ക് തിരിയാൻ തുടങ്ങിയപ്പോൾ ആരോ വന്ന് എന്റെ മുഖത്ത് കണ്ണിന്റെ ഭാഗത്ത് ശക്തിയായി ഒറ്റയടി. ഞാൻ താഴേക്കു വീണു. പണം തട്ടിക്കൊണ്ടുപോകാൻ ഞങ്ങളെ ആരോ ആക്രമിച്ചതാണെന്ന് മനസ്സിലായി. ഉച്ചത്തിൽ “ജയാ ക്യാഷ്” എന്നുപറഞ്ഞ് ഞാൻ ചാടി എണീറ്റ് നോക്കിയപ്പോൾ ഒരാൾ പണമടങ്ങുന്ന പെട്ടിയുമായി ഓടുകയാണ്. ഞാൻ അയാളുടെ പിറകെ ഓടി. ഈ സമയം ഇരുമ്പുവടിക്ക് അടിയേറ്റ് താഴെ കിടന്നിരുന്ന ജയൻ എന്റെ ഒച്ച കേട്ട് ചാടി എഴുന്നേറ്റു നോക്കുമ്പോൾ പെട്ടിയുമായി ഒരാൾ ഓടുന്നു. പിറകെ ഞാനും. എന്തു ചെയ്യണമെന്നറിയില്ല; ജയനെ അടിക്കാൻ ഉപയോഗിച്ച ഇരുമ്പുവടി താഴെക്കിടക്കുന്നതുകണ്ട് ഉടൻതന്നെ ജയൻ ആ വടിയെടുത്തു. എങ്ങനെ എറിയും കള്ളന്റെ പിറകിൽ ഞാനല്ലേ. എനിക്കിട്ടു കൊള്ളാതെവേണം കള്ളനെ ലക്ഷ്യംവയ്ക്കാൻ. ദൈവത്തെ മനസ്സിൽ വിചാരിച്ച് ജയൻ ഇരുമ്പുവടി കള്ളനു നേരെ എറിഞ്ഞു. വളരെ കൃത്യമായി കള്ളന്റെ മുതുകിൽത്തന്നെ കൊണ്ടു. ഏറുകൊണ്ടപ്പോൾ അവന്റെ കയ്യിൽനിന്ന്, പെട്ടി താഴെവീണു. ഈ സമയം ആ പെട്ടിയുമെടുത്ത് ഞാൻ ബാങ്കിലേക്കോടി. ഓടുമ്പോഴും ഉള്ളിന്റെ ഉള്ളിൽ ഒരു പിടച്ചിലുണ്ടായിരുന്നു. അവർ പിറകെവന്ന് എന്തെങ്കിലും ചെയ്യുമോ... രൂപയടങ്ങുന്ന പെട്ടി ശക്തിയായി ഞാൻ ബാങ്കിനക

ത്തേയ്ക്കെറിഞ്ഞശേഷം ബാങ്കിനുമുന്നിൽ തളർന്നുവീണു. എറിഞ്ഞതിനുശേഷം ജയനും റോഡിൽ വീണുകിടക്കുകയാണ്.

ഈ സമയം ബാങ്കിലെ സ്റ്റാഫ് ഓടിവന്ന് ഞങ്ങളെ ബാങ്കിനകത്തേയ്ക്ക് കൊണ്ടുപോയി ഇരുത്തി. പക്ഷേ എനിക്ക് കണ്ണുതുറക്കാൻ പറ്റുന്നില്ല. ശക്തമായ നീറ്റലും വേദനയും പുകച്ചിലും ഉടൻതന്നെ വാഷ്ബേസനിൽ കണ്ണുകഴുകാൻ ചെന്നുനിന്നപ്പോൾ ഞെട്ടിപ്പോയി. കണ്ണുതുറക്കാൻ പറ്റുന്നില്ല. കണ്ണിൽ നിറയെ മുളകുപൊടിയും മണലും. മുഖത്താകെ മുളകുപൊടി പുരണ്ടിട്ടുണ്ട്. ഒരു നിമിഷം ഞാൻ എന്റെ ദൈവത്തെ നേരിട്ടു കണ്ടു. കാരണം ഇത്രയുംനേരം ഈ മുളകുപൊടിയും മണലും ചേർന്ന മിശ്രിതം നിറഞ്ഞ കണ്ണുമായല്ലേ ഞാൻ കള്ളന്റെ പിറകേ ഓടിയതും തിരികെ പണവുമായി വന്നതും, വലിയൊരത്ഭുതം സംഭവിച്ചിരിക്കുന്നു. എനിക്കു കാഴ്ചയേകാൻ കർത്താവിന്റെ കണ്ണുകളുണ്ടായിരുന്നു.

ഈ അപകടം അന്ന് അവിടെ നടക്കേണ്ടതുതന്നെയായിരുന്നു. പക്ഷേ, കർത്താവ് എല്ലാം മുൻകൂട്ടി കണ്ടിരുന്നു. അതുകൊണ്ടാണ് ബാഗിനുപകരം പെട്ടിയായത്. ബാഗാണെങ്കിൽ സുഖമായി തൂക്കിപ്പിടിച്ച് ഓടാം. വാൻ മാറി സ്കൂട്ടറുമായി. വാനിലാണെങ്കിൽ വാൻ പുറത്തുനിർത്തിയിട്ട് ഞാൻ ഒറ്റയ്ക്കാണ് പണവുമായി പോകുന്നത്. ഇവർ ഒരുമിച്ചുവന്ന് എന്നെ ആക്രമിച്ച് പണവുമായി കടന്നേനെ. ഇതിൽ ദൈവത്തിന്റെ പ്ലാൻ ഉണ്ടായിരുന്നു എന്നുമനസ്സിലാക്കുവാനാണ് എന്നെക്കൊണ്ട് “തിരിച്ചുവരുമോ എന്ന് ഉറപ്പില്ല” എന്ന് സംസാരിപ്പിച്ചത്.

“കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവന്റെ ശത്രുക്കളെയും അവനു വരാനിരിക്കുന്ന അപകടങ്ങളെയും കർത്താവ് മുൻകൂട്ടി അറിയുന്നു. അതിനാൽ അവന്റെ രക്ഷ അവിടുത്തെ കരങ്ങളിലാണ്” ■


facebook

കെയ്റോസ് വിശേഷങ്ങൾ
ഓരോദിവസവും അറിയാനും
വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരാനും
**facebook.com/Readkairos**
ലൈക്ക് ചെയ്യുക.



**യുവജനധ്യാനം**

**നവംബർ 7 മുതൽ 10 വരെ**
**ആലുവ വിമൽ ജ്യോതി റിന്യൂവൽ സെന്ററിൽ**

കേരളജീസസ്‌യൂത്തിന്റെനേതൃത്വത്തിൽയുവജനധ്യാനം നവംബർ 7–ാം തീയതി വൈകുന്നേരം 6 മണി മുതൽ 10–ാം തീയതി ഉച്ചയ്ക്ക് രണ്ട് മണിവരെ ആലുവ വിമൽ ജ്യോതി റിന്യൂവൽ സെന്ററിൽ വച്ച് നടക്കുന്നു. ഫീസ്: ₹450.

Contact:
94 95 34 69 06 / 0484 25 55 98 0 /
94 97 71 67 09



# വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ



## നിങ്ങളുടെ കണ്ണുകൾ അന്ധമാക്കിയതാര്?

ദിവ്യബലിക്കു ശേഷം സൺഡേസ്കൂളിൽ ദൈവവചനം പഠിക്കാനെത്തിയ പിഞ്ചുപൈതങ്ങളെ ചാവേർ ബോംബുപയോഗിച്ചു കൊലപ്പെടുത്തിയതിനെ എന്തു പേരിട്ടാണ് വിളിക്കുന്നത്? ഇത്രയും നീചമായ ആക്രമണം നടത്താൻ പ്രേരണ നൽകുന്നത് ദൈവിക വിരുദ്ധതയാണ്. പാക്കിസ്ഥാനിലെ പെഷവാറിൽ ഇക്കഴിഞ്ഞ മാസം നടന്ന ഭീകരാക്രമണം അതിനീചമാണ്. ഇതൊക്കെ കണ്ട് പ്രീതിപ്പെടുക സാത്താനാണ്.

പാക്കിസ്ഥാനിലെ താലിബാൻ സംഘടനയിൽ നിന്നും വിഘടിച്ചുപോയ ഒരു ഗ്രൂപ്പാണ് ഇതിനു പിന്നിൽ. അമേരിക്ക എന്തെങ്കിലും കുരുത്തക്കേടു കാണിച്ചാൽ അതിന്റെ കുറ്റമെല്ലാം ഏറ്റുവാങ്ങുന്നത് പാക്കിസ്ഥാനിലെ ദരിദ്രരിൽ ദരിദ്രരായ ക്രൈസ്തവരാണ്. പിഞ്ചുകുഞ്ഞുങ്ങളെയും സ്ത്രീകളെയും കൊന്നൊടുക്കിയിട്ട് അമേരിക്കയെ വിറപ്പിച്ചു എന്ന് ആക്രോശിക്കുന്നവരുടെ ബുദ്ധി അപാരം തന്നെ. അതും അമേരിക്കയുമായിയാതൊരു ബന്ധവുമില്ലാത്ത പരമ ദരിദ്രരായ ഒരു ജനവിഭാഗത്തെ മുൾമുനയിലാക്കി വിറപ്പിച്ചു നിർത്തിയതും മറ്റും.

മതത്തിന്റെ പേരിൽ സാത്താനുവേണ്ടി ചെയ്യുന്ന ഇത്തരം കുത്സിത പ്രവർത്തനങ്ങൾ ഇനിയെങ്കിലും അവസാനിക്കട്ടെ. സ്ത്രീകളെയും കുഞ്ഞുങ്ങളെയും വധിച്ചതിലൂടെ ലോകത്തെ ഏറ്റവും നിന്ദ്യരായ വ്യക്തികളായി ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർ മാറിയിരിക്കുന്നു.

## തീർച്ചയായും അതൊരു മാതൃക തന്നെ

യുത്ത് കോൺഗ്രസ് എം.എൽ.എ ഷാഫി പറമ്പിൽ അഭിനന്ദനീയമായ ഒരു മാതൃക കാണിച്ചിരിക്കുന്നു. തങ്ങളുടെ വിവാഹസദ്യ വെട്ടിച്ചുരുക്കി ആ പണം കൊണ്ട് പാവപ്പെട്ട ഒരു കുടുംബത്തിന് ഭവനം നിർമിച്ചു നൽകാനുള്ള മഹത്തായ തീരുമാനമാണത്. ഇന്ന് ഏറ്റവും കൂടുതൽ ധൂർത്ത് നടക്കുന്ന ഒരു മേഖലയാണ് വിവാഹസദ്യയും മറ്റും. വെറും സാധാരണക്കാരന്റെ കല്യാണച്ചെലവുകൾ പോലും ലക്ഷങ്ങളിലെത്തി നിൽക്കുന്ന ഈ അവസരത്തിൽ ഷാഫിയുടെ മാതൃക അനുകരിക്കാൻ ഏറെ ആൾക്കാൾ കടന്നുവരുമെന്നു പ്രതീക്ഷിക്കാം.



പാവങ്ങളെക്കുറിച്ചുള്ള യാതൊരു ആകുലതകളും വിവാഹ ധൂർത്തുകാർ മനസ്സിലാക്കാത്ത കാലമാണിത്. ഭവനമായിട്ടും മരുന്നായിട്ടുമൊക്കെ അനേകർക്ക് ഉപകാരപ്പെടേണ്ട സമ്പത്താണ് മൃഷ്ടാന്നഭോജനം നൽകി ചിലർ വഴിതിരിച്ചുവിടുന്നത്. ഇത്തരം ധൂർത്തുകൾക്ക് കൂട്ടുനിൽക്കാതിരിക്കണമെങ്കിൽ അടിയുറച്ച ആദർശവും ധൈര്യവും വേണം. പാവങ്ങളോടു പക്ഷം ചേരുന്ന മനോഭാവമുള്ളവർ വളരെ കുറഞ്ഞിരിക്കുന്ന ഈ കാലയളവിൽ ഷാഫിയുടെ പ്രവൃത്തി ഏറെ അഭിനന്ദനമർഹിക്കുന്നു. എല്ലാം പ്രസംഗിക്കാൻ എളുപ്പമാണ്. പ്രവൃത്തിപഥത്തിലെത്തിക്കാൻ നട്ടെല്ലു വളയാതിരിക്കണം.



## രാഹുൽ! ഇനിയും തന്റേടം കാണിച്ചേ പറ്റൂ

അഴിമതിയിൽ ശിക്ഷിക്കപ്പെട്ടവരെ രക്ഷിക്കാനുള്ള ഓർഡിനൻസിനെതിരേ പരസ്യമായി പ്രതിഷേധം അറിയിച്ച രാഹുൽ ഗാന്ധി ഈ തന്റേടം ഇനിയും നിരവധി മേഖലകളിൽ പ്രകടിപ്പിക്കേണ്ടതുണ്ട്. മുഖം നോക്കാതെ തെറ്റിനെതിരേ പ്രതിഷേധിക്കാനുള്ള വ്യക്തികളുടെ കുറവാണ് ഇന്ന് രാജ്യം അനുഭവിക്കുന്ന വിഷമസന്ധി. എവിടെ തൊട്ടാലും അഴിമതിയിൽ മുങ്ങിക്കുളിച്ചുള്ള രാഷ്ട്രീയ ഉദ്യോഗസ്ഥ ലോബികളെ നിലയ്ക്കു നിറുത്തണമെങ്കിൽ ശക്തമായ നിലപാടുകൾ ആവശ്യമാണ്. അഴിമതിയിൽ ശിക്ഷിക്കപ്പെടുന്നവർ ജയിലിൽ കിടക്കട്ടെ. ഉദരപൂരണത്തിനായി രാഷ്ട്രസേവനമെന്ന പേരുപറഞ്ഞ് ഇനിയെങ്കിലും ആൾക്കാർ കടന്നു വരരുത്.

ജനങ്ങളെ ബാധിക്കുന്ന നിർണായക പ്രശ്നങ്ങളിൽ നീതിപക്ഷ തീരുമാനങ്ങൾ ധൈര്യപൂർവം എടുക്കുന്നവരെയാണ് നേതാക്കളായി ജനങ്ങൾ കൊണ്ടാടുന്നത്. ഇത്തരം തീരുമാനങ്ങളെടുക്കാനുള്ള അവസരങ്ങൾ രാഹുലിന് ഇനിയും കടന്നുവരും. ഫലപ്രദമായി അവ വിനിയോഗിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

## ഭക്ഷണം അവകാശമാകുമ്പോൾ

പാർലിമെന്റു പാസ്സാക്കിയ ഭക്ഷണാവകാശ നിയമം ഏറ്റവും മഹത്തായ ഒന്നാണ്. ഇനിമേൽ പട്ടിണി കിടക്കുന്ന ഒരാളും ഭാരതത്തിലുണ്ടാകില്ലെന്നാശിക്കാം. എല്ലാരും ഭക്ഷണം കഴിക്കുന്നുവെന്ന് ഉറപ്പാക്കുന്ന ഈ നിയമം പാവങ്ങളോടുള്ള പ്രതിബദ്ധതയാണു കാണിക്കുന്നത്. ആവശ്യത്തിനുള്ള ഭക്ഷണ പദാർഥങ്ങൾ ഇവിടെ ഉത്പാദിപ്പിക്കുന്നുണ്ട്. വിതരണത്തിലെ പോരായ്മയാണ് പലരും പട്ടിണികിടക്കാൻ കാരണം. ഇത്തരമൊരു നിയമം പാസ്സാക്കാൻ തന്നെ സ്വാതന്ത്ര്യം കിട്ടിയിട്ട് 66 വർഷം കഴിഞ്ഞു എന്നുള്ളത് ഭരണത്തിന്റെ പാപ്പരത്തവും പാവങ്ങളോടുള്ള കരുതലില്ലായ്മയുമാണ് കാണിക്കുന്നത്.

എങ്കിലും, ധൈര്യപൂർവം ഇത് നിയമമാക്കിയതിനെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല.

## വേഗപ്പൂട്ടിടാൻ മടികാണിച്ചവരെ പൂട്ടിയ ഉദ്യോഗസ്ഥൻ

കേരള ട്രാൻസ്പോർട്ട് കമ്മീഷണർ ഋഷിരാജ്സിങ് അധികാരത്തിന്റെ ശക്തി കാണിച്ചു തന്നിരിക്കുന്നു. കേരളത്തിലെ ബസ്സുടമകളുമായുള്ള യുദ്ധത്തിൽ നിയമത്തിന്റെ വഴിയിലേക്ക് അവരെ നടത്തി എന്നതാണത്. വേഗപ്പൂട്ട് കർശനമാക്കിയതിലൂടെ അനേകം ജീവനുകളെയാണ് അദ്ദേഹം രക്ഷിച്ചത്. സംഘടിതശക്തിക്കു മുൻപിൽ മുട്ടുകാലു വിറയ്ക്കുന്നവർക്ക് ഋഷിരാജ്സിങ് മാതൃകയായിരിക്കുന്നു. ഇത് കുറച്ചുകാലം മുൻപായിരുന്നെങ്കിൽ അനേകം ജീവനുകളെ സംരക്ഷിക്കാമായിരുന്നു. എങ്കിലും, ഇത്തരം ഉദ്യോഗസ്ഥർ നമുക്കു പ്രത്യാശ നൽകുന്നുണ്ട് ■





## ചോദിക്കൂ പറയാം

ഡോ. സൂസി ജോസ്

# ബോസിനെ സോപ്പിടുന്ന സുഹൃത്ത് നമുക്ക് ഭീഷണിയോ?

ഒരു പണിയും എടുക്കാതെ നടക്കുന്നവർക്ക് ജീവിതത്തിൽ യാതൊരു ബദ്ധപ്പാടുകളും ഇല്ലാതിരിക്കുന്നത് കാണുമ്പോൾ നന്നായി ജോലി ചെയ്യാനുള്ള മന:സ്ഥിതി നഷ്ടമാകുന്നതുപോലെ തോന്നുന്നു.

പണിയൊന്നും ചെയ്യാതെ അലസരായി നടക്കുന്നവർ ജീവിതം ആസ്വദിക്കുകയാണ് എന്നത് നമ്മുടെ മിഥ്യാധാരണയാണ്. സമൂഹം തങ്ങളെ വെറുക്കുന്നതും ഒറ്റപ്പെടുത്തുന്നതും അവരെ മാനസികസമ്മർദത്തിൽപ്പെടുത്തുന്നുണ്ട് എന്നതാണ് വാസ്തവം. സ്വന്തം കർമ മണ്ഡലത്തിൽ പ്രാഗത്ഭ്യം തെളിയിക്കാനാവുക എന്നതിൽ കവിഞ്ഞ് ആത്മഹർഷം നൽകുന്ന സ്ഥിതിവിശേഷം മറ്റൊന്നുമില്ല. നമുക്ക് ലഭിച്ചിരിക്കുന്ന താലന്തുകളെ കുഴിച്ചിടുകയല്ല മറിച്ച് വർധിപ്പിക്കുകയാണ് വേണ്ടതെന്ന് വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ. ചെയ്യുന്ന പ്രവൃത്തികളിൽ ആത്മാർഥത ഉണ്ടാകുമ്പോൾ അത് സംതൃപ്തി പ്രദാനം ചെയ്യും. വിവേകത്തോടെ പ്രവർത്തിക്കുക.

സ്വന്തം നേട്ടങ്ങളെ പെരുപ്പിച്ചുകാട്ടി മേലധികാരികളുടെ അംഗീകാരം നേടിയെടുക്കുന്ന സുഹൃത്തിന്റെ മുൻപിൽ ഞാൻ എപ്പോഴും രണ്ടാംതരക്കാരനായി മാറുന്നു. എനിക്കാണെങ്കിൽ മുഖസ്തുതി പറയാനും പൊങ്ങച്ചം കാട്ടാനും അറിയില്ല താനും. ഈ സംഭവം എന്നെ വല്ലാതെ മാനസികസമ്മർദത്തിൽ ആഴ്ത്തുന്നു.

മുഖസ്തുതി പറയുന്നതുകൊണ്ടോ വളഞ്ഞ വഴി സ്വീകരിക്കുന്നതുകൊണ്ടോ ലഭിക്കുന്ന അംഗീകാരവും പ്രശസ്തിയും ശാശ്വതമായി നിലനിൽക്കില്ല. വൈദഗ്ധ്യം വേണ്ട കാര്യങ്ങളിൽ ഏർപ്പെടേണ്ടിവരുമ്പോൾ പെരുപ്പിച്ച കാട്ടിയ പ്രാഗത്ഭ്യം നമുക്ക് പ്രയോജനം ചെയ്യില്ല. അവിടെ കള്ളി വെളിച്ചത്താകുകതന്നെ ചെയ്യും. മിന്നുന്നതെല്ലാം പൊന്നല്ല എന്നു തിരിച്ചറിയാനുള്ള പക്വതയും പ്രായോഗികബുദ്ധിയും എന്തായാലും മേലധികാരികൾക്ക് ഉണ്ടാകും. സുഹൃത്തിന്റെ കാപട്യത്തിന്റെ മുഖംമൂടി താനേ അഴിഞ്ഞു വീണുകൊള്ളും. നമ്മൾ ആത്മാർഥതയോടും സത്യസന്ധതയോടും കൂടി കാര്യക്ഷമതയോടെ പ്രവർത്തിക്കുക. മറ്റുള്ളവരുമായി താരതമ്യം ചെയ്യുന്ന രീതി അവസാനിപ്പിക്കുക. നമുക്ക് അർഹമായ സ്ഥാനമാനങ്ങൾ നമ്മളെ സ്വയം തേടിയെത്തിക്കൊള്ളും.

സൗഹൃദക്കൂട്ടായ്മകളിൽ എനിക്ക് ഒരിക്കലും ഒരു നല്ല പ്രകടനം കാഴ്ചവയ്ക്കാനാവുന്നില്ല. ഒന്നിനെക്കുറിച്ചും വ്യക്തമായി സംസാരിക്കാനും സാധിക്കുന്നില്ല.

ആഴത്തിലുള്ള വായനയുടെയും ആത്മവിശ്വാസക്കുറവിന്റെയും അഭാവമാണ് സൗഹൃദസദസ്സുകളിൽ തിളങ്ങാനാവാതെ പോകുന്നതിന്റെ പ്രധാനകാരണം. വ്യക്തവും ശക്തവുമായ ആശയവിനിമയത്തിന് ഉറച്ച ബോധ്യങ്ങൾ നമുക്കുണ്ടാകണം. ആനുകാലിക വിഷയങ്ങൾ വായനയ്ക്കും പഠനത്തിനും വിഷയമാക്കണം. അപ്പോൾ ആത്മവിശ്വാസത്തോടെ സംസാരിക്കാനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും സാധിക്കും. വിഷയരാഹിത്യവും അൽപജ്ഞാനവും നമ്മെ അപഹാസ്യരാക്കും. വായനയിലൂടെ ആകർഷകമായ വ്യക്തിത്വവും മധുരഭാഷണ ശൈലിയും വളർത്തിയെടുക്കാനാവും. ശ്രമിക്കുക.

മറ്റുള്ളവർ സ്വപ്നത്തിൽപ്പോലും വിചാരിക്കാത്ത കാര്യങ്ങൾ ഞാൻ അവരെക്കുറിച്ചു ചിന്തിക്കുകയും മുൻവിധിയോടെ ആളുകളോട് ഇടപെടുകയും ചെയ്യുന്നു. ദീർഘനാളത്തെ സംസർഗത്തിനുശേഷവും അവരങ്ങനല്ല എന്നറിഞ്ഞാലും എനിക്കത് ഉൾക്കൊള്ളാൻ സാധിക്കുന്നില്ല.

നമ്മുടെ വ്യക്തിത്വത്തിലെ ചില ന്യൂനതകളാണ് ഇതിനെല്ലാം കാരണം. എന്തിനും ഏതിനും മറ്റുള്ളവരെ പഴിക്കുകയും അവരെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുകയും ഒക്കെ ചെയ്യുന്നത് വ്യക്തിവൈകല്യത്തിന്റെ ലക്ഷണമാണ്. നിരന്തരമായ പ്രാർഥനയിലൂടെയും, വ്യക്തിത്വവികസന പരിശീലന പരിപാടികളിലൂടെയും ഒക്കെ ഇത്തരം വൈകല്യങ്ങളെ മറികടക്കാനാകും. അപരനെ അംഗീകരിക്കാനും ഉൾക്കൊള്ളുവാനും ശ്രമിച്ചേ മതിയാവൂ. അതല്ലെങ്കിൽ സമൂഹത്തിൽ നിന്ന് നാം അറിയാതെതന്നെ നിഷ്കാസിതരായെന്നു വരാം. നന്മ വിതച്ചാലേ നന്മ കൊയ്യാനാവൂ. മറിച്ചായാൽ നാം അളക്കുന്ന അളവുകോലുകൊണ്ടുതന്നെ നമ്മളും അളക്കപ്പെടും എന്നോർക്കുക. ശുദ്ധമായ മനസ്സുണ്ടായാലേ ജീവിതം ശാന്തമായി മുന്നേറുകയുള്ളൂ ■

*സ്നേഹപൂർവം സൂസിച്ചേച്ചി*





മെഡിക്കൽ എൻജിനീയറിങ് വിദ്യാർഥികൾക്കായി ജീസസ് യൂത്ത് മെഡിക്കൽ എൻജിനീയറിങ് സ്റ്റ്യൂഡന്റ് സ് മിനിസ്ട്രി ഒരുക്കിയ പ്രൊഫിക്കസ് പ്രോഗ്രാമിൽനിന്ന്. തൃശൂർ ജ്യോതി എൻജിനീയറിങ് കോളജിൽ നടന്ന പ്രോഗ്രാമിൽ 160–പേർ പങ്കെടുത്തു.





ജീസസ് യൂത്ത് ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഒൻപതാം ക്ളാസ്സ് വിദ്യാർഥികൾക്കുവേണ്ടി നടത്തിയ സ്റ്റെപ്പ് വൺ കോൺഫറൻസിൽ നിന്ന്. ചങ്ങനാശേരി എസ്ബി കോളജിൽ നടന്ന പ്രോഗ്രാമിൽ അറുനൂറിലധികം വിദ്യാർഥികൾ പങ്കെടുത്തു. അധ്യാപകർക്കായുള്ള പ്രത്യേക ഒത്തു ചേരലുകളും ഉണ്ടായിരുന്നു.



കേരള ജീസസ് യൂത്ത് സംഘടിപ്പിച്ച ജെറ്റ് 2013 സുവിശേഷപ്രഘോഷണ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർ.

KAIROS RNI No. KERMAL/2002/12027. Postal Reg No. EKM/734/2013-15. Date of publication: 27 Oct 2013. ₹15.00.

# Cultural Exchange

Jesus Youth is welcoming you to the Youth Cultural Exchange programme for rural youth from different parts of India with an aim to help them grow in spiritual life and thus build up the Catholic Church.

## Youth Cultural Exchange Program - 2013

December 7th to 26th

Partaking the faith formation of more than 2500 youngsters for the past 12 years... from 46 dioceses and 22 states

the dream to have a young generation with a new culture of faith

For details contact

Augustine Nojan
+91 9446756260

Antony A J
+91 9746478620

Jesus Youth India office
+91 484 2338685

E-Mail
india@jesusyouth.org

A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Ernakulam-682041. Ph. 9847900555. Place of publication Kairos, Emmaus, HMT Colony P.O Ernakulam-683503. Editor Dr. Chackochan Njavallil, Parathodu, Kanjirapally, Kottayam-686512